# ജയജീവിതം

പ്രൊഫ. എം. വൈ.  യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി -  682 311

# ജയജീവിതം

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

NEW STAR PRINTERS

COCHIN - 682 018

●

*copy right reserved*

●

## അവതാരിക

ഗുരുവിന്റെ ഗ്രന്ഥത്തിന് ശിഷ്യൻ അവതാരിക എഴുതുകയോ? അതൊരധികപ്പറ്റോ അവിവേകമോ അല്ലേ? അതോ, അതൊരു പദവിയും അംഗീകരണവുമാണോ? അതേ, ആ ബഹുമതി നമ്രശിരസ്കനായി ഞാൻ ഏറ്റെടുക്കുകയാണ്.

'ജയജീവിത' ത്തിന്റെ ഏടുകളിലൂടെ ഞാൻ സഞ്ചരിക്കുമ്പോൾ ചിലപ്പോഴെല്ലാം എന്റെ കണ്ണ് നിറയുന്നു; മറ്റു ചിലപ്പോൾ ഞാൻ അത്ഭുതം വിടർത്തിയ കണ്ണുകളുടെ അമ്പരപ്പോടെ നിന്നുപോകുന്നു. ചിലപ്പോൾ 'ജയജീവിത' പാതയുടെ ഓരത്ത് മാറിനിന്ന് ഞാൻ സ്തുതിക്കുന്നു, ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു. ചിലപ്പോൾ ഈ വഴിയിലെമ്പാടും തൂകിക്കിടക്കുന്ന മൊഴിമുത്തുകൾ ഞാൻ പെറുക്കി എടുത്ത് ധ്യാനനിക്ഷേപത്തിൽ സൂക്ഷിച്ചുവെയ്ക്കുന്നു.

1964-ൽ കോലഞ്ചേരി സെ.പീറ്റേഴ്സ് കോളേജ് ആരംഭിച്ചപ്പോൾ ബഹുമാന്യനായ എം.വൈ. യോഹന്നാൻസാർ ആ കോളേജിലെ അദ്ധ്യാപകനായി. ഞാൻ ആദ്യ ബാച്ചിലെ വിദ്യാർത്ഥിയുമായി. അന്നു തുടങ്ങിയ ഗുരുശിഷ്യ ബന്ധം

ഈ രണ്ടായിരാമാണ്ടിലും തുടർന്നുവരുന്നു. അന്ന് ആഴ്ച യിൽ ഒരു ദിവസം ഒരു മണിക്കൂർ വേദപഠന ക്ലാസ്സ് ഉണ്ടാ യിരുന്നു. അക്കാലത്ത് സാറിന്റെ ബൈബിൾ ക്ലാസ്സിൽ ഇരുന്ന് പഠിച്ച വചനത്തിന്റെ മധുരം ഇന്നും ലഭിച്ചുകൊണ്ടി രിക്കുകയാണ്.

1973–ൽ യോഹന്നാൻസാറിന്റെ ഇടവകപ്പള്ളിയിൽ ആത്മീയ ഉണർവ്വ് യോഗങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ ചിലരുടെ യെല്ലാം നിർബന്ധത്തിന് വഴങ്ങി ഞാൻ ആ യോഗത്തിൽ ഒരു ദിവസം സംബന്ധിച്ചു. ഞാനന്ന് മലങ്കര ഓർത്ത ഡോക്സ് സുറിയാനിസഭയിൽ അങ്കമാലി ഭദ്രാസനത്തിലെ ഒരു വൈദികനായി പട്ടമേറ്റിട്ട് അഞ്ചു കൊല്ലം കഴിഞ്ഞിരു ന്നു. സഭയിലെ പ്രശസ്തരും പ്രഗത്ഭരുമായ അനേകരുടെ പ്രസംഗങ്ങൾ കേട്ടിട്ടുള്ള ഞാൻ അന്ന് സാറിന്റെ പ്രസംഗം കേട്ടതോടെ ഒരു മാനസാന്തരപ്പെട്ട പട്ടക്കാരനായി. പരിശു ദ്ധാത്മ നിറവിലുള്ള ആ തിരുവചന ശുശ്രൂഷ എന്നെ ആകെ ഇളക്കിമറിച്ചു. ഏത് കഠിന ഹൃദയത്തേയും അനുതാ പത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്ന വചന ത്തിന്റെ അത്ഭുതശക്തി സർവ്വശക്തനായ ദൈവം സാറിനെ ഭരമേല്പിച്ചിരിക്കുന്നു എന്നതിന് ഞാൻതന്നെ സാക്ഷി. എന്നെയും എന്റെ ചെറിയ കുടുംബത്തെയും ഇന്ന് അനുഭ വിക്കുന്ന അത്ഭുതകരമായ സ്വർഗ്ഗീയ സമാധാനത്തിലേക്കും ക്രിസ്തുവിലുള്ള ഭാഗ്യകരമായ പ്രത്യാശയിലേക്കും നയി ക്കുവാൻ സാറിനെ ദൈവം തന്റെ ബലമേറിയ കരങ്ങളിൽ എടുത്ത് ഉപയോഗിച്ചതിൽ ഞാൻ ദൈവത്തെ സ്തുതിക്കു ന്നു.

ക്രിസ്തു ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടവ നാണ്. ക്രിസ്തുവിൽ ആശ്രയിക്കുന്നവർക്ക് ജയജീവിതം ലഭിക്കും. ഈ ആശയത്തെ വളരെ സ്ഫുടമായും വ്യക്ത

മായും വേദപുസ്തകത്തിലെ അനേകം വാക്യങ്ങളുടെയും അനേകം വ്യക്തികളുടെ ജീവിതത്തിന്റെയും പശ്ചാത്തല ത്തിൽ വിവരിക്കുകയാണ് ഈ ഗ്രന്ഥത്തിലെ പതിനൊന്നു പ്രസംഗങ്ങളിലും.

ജയജീവിതം സാദ്ധ്യമോ എന്നത്രേ ലോകം വെല്ലുവിളി ക്കുന്നത്. ക്രിസ്തുവിൽ ജയജീവിതം സാദ്ധ്യം എന്ന് തിരു വചനം ഉറപ്പ് തരുന്നു. റോമർ 7:25–ലും 1 കൊരിന്ത്യർ 15:57 -ലും ഈ ആശയം വ്യക്തമായി കാണുന്നു. “നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിനു സ്തോത്രം.”

വേദപുസ്തകത്തിലെ ദാനിയേൽ, യോസേഫ്, സെരുബ്ബാ ബേൽ മുതലായ അനേകം കഥാപാത്രങ്ങളുടെ ജീവിത ത്തിലെ വിജയ കഥകളെ ഉദാഹരിച്ചുകൊണ്ട് നാമെല്ലാം ജയശാലികളാകണമെന്ന് ആഹ്വാനം ചെയ്യുന്ന പ്രസംഗങ്ങ ളാണ് ഈ ഗ്രന്ഥത്തിൽ ഉള്ളത്. പാപത്തോടുള്ള പോരാട്ട ത്തിൽ വിജയം വരിച്ച യോസേഫിനെ മാതൃകയാക്കുവാ നുള്ള പ്രബോധനം യുവതലമുറയെ ഇരുത്തിച്ചിന്തിപ്പിക്കുന്ന താണ്.

“നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല; വാഴ്ചക ളോടും അധികാരങ്ങളോടും അന്ധകാരത്തിന്റെ ലോകാധിപ തികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ”, എന്ന ബൈബിൾ വാക്യം ആസ്പദമാക്കി പൈശാ ചിക ശക്തിയോടുള്ള പോരാട്ടത്തിൽ വിജയം വരിക്കാൻ കുരിശിൽ ജീവനർപ്പിച്ച ക്രിസ്തുവിന്റെ അത്ഭുത കൃപയാൽ മാത്രമേ സാദ്ധ്യമാകൂ എന്ന് ഇതിൽ വിവരിക്കുന്നു.

ബഹുമാനപ്പെട്ട ചാന്ത്യത്തിലച്ചന്റെ ഇളയ മകനായ ഡോ. റജി മാത്യു തന്റെ അനുഭവം വിവരിക്കുന്നത് ജയജീവിത

ത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. നിരാശയും ഭയവും ആശ ങ്കയും ആകുലവും അടക്കി വാണിരുന്ന ഡോ. റജിയുടെ ജീവിതം പ്രസാദപൂർണ്ണവും പ്രസന്നവും ആയിത്തീർന്നത് ക്രിസ്തു നൽകുന്ന അത്ഭുത വിജയത്താലാണ് എന്ന് സ്വന്തം അനുഭവസാക്ഷ്യം വിവരിക്കുന്നത് ആരുടേയും ഹൃദയത്തെ സ്പർശിക്കും.

സ്വയനീതിയും ലോകസ്നേഹവും മൂലം ജയജീവിതം സാദ്ധ്യമാകാതെ വലഞ്ഞുപോയ പ്രൊഫ. ലീലാമ്മ മാത്യു (ബഹു. സി.എം. മാത്യുസാറിന്റെ ഭാര്യ) തന്റെ ജീവിത ത്തിൽ ജയജീവിതം എങ്ങനെ അനുഭവമായി എന്ന് ഈ പുസ്തകത്തിൽ ഹൃദയസ്പൃക്കായി വിവരിക്കുന്നു. പാപ ബോധവും തൻമൂലം ഉളവാകുന്ന തകർന്ന ഹൃദയവും ദൈവകൃപയിലേക്കും തുടർന്ന് ജീവിത വിജയത്തിലേക്കും നയിക്കുമെന്ന പ്രൊഫ. ലീലാമ്മ മാത്യുവിന്റെ അനുഭവ വിവരണം അനേകം സ്ത്രീജനങ്ങളെ സാക്ഷാലുള്ള ക്രിസ്തീയ ജീവിതത്തിന്റെ ശാന്തിയിലേക്കാനയിക്കുമെ ന്നുള്ളതിന് സംശയമില്ല.

എലീശാ പ്രവാചകന്റെ ഡിഗ്രി വേദപുസ്തകത്തിൽ പറ ഞ്ഞിരിക്കുന്നത് – “ഏലിയാവിന്റെ കൈയ്ക്ക് വെള്ളമൊഴിച്ച ശാഫാത്തിന്റെ മകൻ എലീശാ” എന്നാണ്. ആദരണീയനായ യോഹന്നാൻ സാറിന്റെ നേതൃത്വത്തിൽ കോലഞ്ചേരി ആസ്ഥാ നമായി പ്രവർത്തിച്ചുവരുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോ ഷിപ്പിനോട് ചേർന്ന് നില്ക്കുവാൻ ഇടയായത് ഒരു മഹാഭാ ഗ്യമായി ഞാൻ കരുതുന്നു.

സഭയും സമുദായവും മതവും ജാതിയും ഒന്നും മാറണ്ട, ക്രിസ്തു തരുന്ന പാപക്ഷമയും ഹൃദയ ശുദ്ധീകരണവും അനുഭവിച്ചാൽ മതി എന്ന ആദർശത്തിന്റെ നൈർമ്മല്ല്യം

കാത്തുസൂക്ഷിക്കുന്ന സാറിന്റെ ഈ പ്രസംഗ സമാഹാരം പാപത്തിൽ ജയമില്ലാതെ നിരാശയുടെ നീർച്ചുഴിയിൽപെട്ട് ഉഴലുന്ന അനേകായിരങ്ങൾക്ക് ജയജീവിതം പ്രദാനം ചെയ്യട്ടെ എന്നാശംസിച്ചുകൊണ്ട് എളിയവനായ ഞാൻ ഈ ഗ്രന്ഥം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**റവ. ഫാ. തോമസ് പഴമ്പിള്ളി**

## ആമുഖം

ഒൻപതാമത്തെ പ്രസംഗ സമാഹാരമാണ് 'ജയജീവിതം' . പ്രായോഗിക തലത്തിൽ ക്രിസ്തീയ ജീവിതം നയിക്കുന്നതിന്റെ അനുഭവപൂർണ്ണമായ, ലളിതമായ, വിശദീകരണങ്ങളാണ് ഓരോ പ്രസംഗത്തിലും ഉള്ളത്. 'ജയജീവിതം' പ്രകാശിപ്പിക്കാനുള്ള യത്നത്തിന് കരുണയുള്ള കർത്താവ് ഫലപ്രാപ്തി തന്നതിന് ഞാൻ വാത്സല്ല്യനിധിയായ യേശുവിന്റെ പാദത്തിൽ വണങ്ങി ആ പരിശുദ്ധ നാമത്തെ സ്തുതിക്കുന്നു.

ജോർജ്ജ് ബർണാഡ് ഷാ ഒരിക്കൽ പറഞ്ഞു : "The reasonable man adapts himself to the world; the unreasonable man persists in trying to adapt the world to himself. Therefore all progress depends on the unreasonable man."

"എല്ലാം ബുദ്ധിപൂർവ്വം കണക്കുക്കൂട്ടി നോക്കുന്ന മനുഷ്യൻ തന്നെത്തന്നെ ലോകത്തിന് അനുയോജ്യനാക്കുന്നു; ഒന്നും കണക്കുനോക്കാതെ വിശ്വാസത്തോടെ മുന്നേറുന്ന മനുഷ്യൻ ലോകത്തെ തനിക്കനുയോജ്യമാക്കുന്നു. അതു

കൊണ്ട് പുരോഗതിയെല്ലാം വിശ്വാസത്തിലൂന്നിയും ബുദ്ധി പൂർവ്വം കണക്കു കൂട്ടാതെയും പ്രവർത്തിക്കുന്ന ആളെ ആശ്രയിച്ചിരിക്കുന്നു.”

മനുഷ്യബുദ്ധി മുന്നിൽ ചെങ്കടലിലെ അലമാലകളെയും പിന്നിൽ പാഞ്ഞുവരുന്ന മിസ്രയീം സൈന്യത്തിന്റെ ആരവാരത്തെയും അമ്പരപ്പോടെ നോക്കിക്കൊണ്ടു പറഞ്ഞു :

> “മിസ്രയീമിൽ ശവക്കുഴിയില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടിക്കൊണ്ടു വന്നത്?..... മരുഭൂമിയിൽ മരിക്കുന്നതിനെക്കാൾ മിസ്രയീമ്യർക്ക് വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്ക് നല്ലത്.” പുറപ്പാട് 14 : 10 – 12

എന്നാൽ അപ്പോൾ സർവ്വശക്തങ്കലുള്ള അചഞ്ചല വിശ്വാസം ധൈര്യപൂർവ്വം പറഞ്ഞു :

“ഭയപ്പെടേണ്ട; ഉറച്ചുനില്പിൻ. യഹോവ ഇന്ന് നിങ്ങൾക്ക് ചെയ്വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ.” പുറപ്പാട് 14:13.

"Donít be afraid. Just stand where you are and watch and you will see the wonderful way the Lord will rescue you today." Living Bible.

മനുഷ്യബുദ്ധി കനാൻനാട്ടിലെ വിഭവങ്ങളെയും ജനങ്ങളെയും ഒറ്റുനോക്കിയശേഷം പറഞ്ഞു :

> “ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശമാകുന്നു; ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായൻമാർ. അവിടെ ഞങ്ങൾ മല്ലൻമാരുടെ സന്ത

തികളായ അനാകൃമല്ലൻമാരെയും കണ്ടു. ഞങ്ങൾക്കുതന്നെ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി. അവരുടെ കാഴ്ചയ്ക്കും ഞങ്ങൾ അങ്ങനെതന്നെ ആയിരുന്നു."

സംഖ്യാപുസ്തകം 13 : 32 – 33

എന്നാൽ വിശ്വാസം ഉടനെ പ്രഖ്യാപിച്ചു :

"നാം ചെന്ന് അത് കൈവശമാക്കുക; അത് ജയിപ്പാൻ നമുക്ക് കഴിയും." സംഖ്യാ. 13 : 30

മാനുഷികബുദ്ധി സംശയിച്ചു :

"മരുഭൂമിയിൽ മേശ ഒരുക്കുവാൻ ദൈവത്തിന്ന് കഴിയുമോ? ........ അപ്പംകൂടെ തരുവാൻ അവന്നു കഴിയുമോ?" സങ്കീ. 78 : 19 – 20

വിശ്വാസം വിളിച്ചുപറഞ്ഞു :

"നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നകൊണ്ട് നിന്നെ പോഷിപ്പിച്ചു. ഈ നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചുപോയില്ല; നിന്റെ കാൽ വീങ്ങിയതുമില്ല" ആവർത്തന. 8 : 3 – 4, നെഹമ്യാവ് 9 : 21

മനുഷ്യബുദ്ധിയും വിശ്വാസവും ഒരുമിച്ചുതന്നെയാണ് യാത്ര ചെയ്യുന്നത്. എന്നാൽ ഒരു വലിയ വ്യത്യാസമുണ്ട്. മനുഷ്യബുദ്ധി അടുത്ത ചുവട് വെയ്ക്കാൻ മടിക്കുമ്പോൾ, വിശ്വാസം നടന്നുകൊണ്ടേയിരിക്കും. ബുദ്ധി മനുഷ്യനെ സാധിക്കുന്നിടത്തോളം മുന്നോട്ടു കൊണ്ടുപോകും; വിശ്വാസമാകട്ടെ, അത്ഭുതങ്ങളുടെ ദൈവത്തിന്റെ കരം പിടിച്ച്

മനുഷ്യനെ ആയിരിക്കുന്ന സ്ഥാനത്തുനിന്ന് ദൈവിക കരുതലിന്റെയും സംരക്ഷണത്തിന്റെയും അരികിലെത്തിക്കും.

വിശ്വാസത്തിന്റെ ഈ മുന്നേറ്റമാണ് ജയജീവിതത്തിനാധാരം. അതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ ഭദ്രമായ അടിത്തറ. അതിലുറച്ചുനിന്നുകൊണ്ട് ദൈനംദിന ജീവിതത്തിൽ വിജയം കൈവരിക്കാനാണ് തിരുവചനം പ്രബോധിപ്പിക്കുന്നത്.

പ്രവൃത്തിയെ നിയന്ത്രിക്കാം; വാക്കുകളെയും നിയന്ത്രിക്കാം. എന്നാൽ ചിന്തകളെ എങ്ങനെ നിയന്ത്രിക്കാം? മനുഷ്യന് അസാദ്ധ്യം തന്നെ; ദൈവത്തിന്നോ സകലവും സാദ്ധ്യം.

“ദൈവത്താൽ നാം വീര്യം പ്രവർത്തിക്കും.” “എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും; അവനാൽ ഞാൻ പട്ടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും.” “ദൈവത്തിന്ന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ” എന്ന തിരുവചനങ്ങൾ പ്രബോധിപ്പിക്കുന്ന ജയജീവിതത്തിന്റെ മർമ്മം കണ്ടെത്തിയവരാണ് വിശുദ്ധൻമാർ.

സിദ്ധൻമാരായ പൂർവ്വിക പുണ്യപിതാക്കൾ സമാർജ്ജിച്ച ജയജീവിതം നേടണം എന്ന അഗാധമായ ആഗ്രഹത്തിന്റെ പിൻബലത്തിലാണ് ഈ ഗ്രന്ഥത്തിലെ അദ്ധ്യായങ്ങൾ ഓരോന്നും രചിച്ചിട്ടുള്ളത്.

ഇതിന്റെ ആശയ സംവേദനക്ഷമത നിർണ്ണയിക്കുന്നത് അനുവാചകരാണ്. അവരുടെ ഹൃദയംഗമമായ പ്രോത്സാഹനമാണ് എനിക്ക് വീര്യവും ആവേശവും പകർന്നുതരുന്നത്.

ഈ ഗ്രന്ഥത്തിന്റെ രചനയിൽ വിവിധ കാര്യങ്ങളിൽ

എന്നെ സഹായിച്ച ശ്രീ തമ്പി (ക്രിസ്ത്യൻ ബുക്ക് സെന്റർ, എറണാകുളം), ശ്രീ അഞ്ചി എൻ. കൊല്ലംപറമ്പ് (കിറ്റ്കൊ, എറണാകുളം), ശ്രീ എ.ജെ. അബി (ജനറൽ മാനേജർ, റ്റി. സി.എം., കളമശ്ശേരി) എന്നിവരോടുള്ള എന്റെ കടപ്പാട് നിസ്സീമമാണ്.

എല്ലാവരുടെയും വാത്സല്യമസൃണമായ കരങ്ങളിലേക്ക്, പ്രാർത്ഥനാപൂർവ്വം ഞാൻ ഈ ഗ്രന്ഥം ഭരമേല്പിക്കയാണ്.

നിങ്ങളുടെ വിനീതവിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

"നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ." എഫെസ്യർ 6 : 12

ഓരോ വിശ്വാസിയും ഒരു യുദ്ധരംഗത്താണ്. യുദ്ധം മനുഷ്യരോടല്ല; ദുഷ്ടാത്മസേനയോടാണ്. പൈശാചിക സൈന്യവുമായി നിരന്തരം യുദ്ധം ചെയ്തു മാത്രമേ ക്രിസ്തീയ ജീവിതം നയിക്കാൻ സാധിക്കുകയുള്ളൂ.

ദുഷ്ടാത്മാവിനോട് പടവെട്ടി ദുർഘട മാർഗ്ഗത്തിലൂടെ മുന്നേറുന്നവർ മാത്രമേ ജയകരമായി ജീവന്റെ വഴിയിലൂടെ സഞ്ചരിച്ച് നിത്യസൗഭാഗ്യം പ്രാപിക്കുകയുള്ളൂ എന്ന് പൂർവ്വീക പിതാക്കൻമാർ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ഒരു പുരാതന എബ്രായ കവിതയുടെ ആശയം ഇങ്ങനെയാണ് :

ജീവന്റെ വഴിയെന്നും മരണത്തിന്റെ വഴിയെന്നും രണ്ടു

സരണികളുണ്ട്. ധാരാളം ആളുകൾ പോകുന്ന വഴി മൃതികരമായ സരണിയാണ്. ജീവന്റെ വഴിയിലൂടെ പോകുന്നവർ വളരെ ചുരുക്കം പേർ മാത്രമാണ്.

ജീവന്റെ പാതയിൽകൂടെ പോകുന്നവർ ദുർഘടമായ മാർഗ്ഗമാണ് തെരഞ്ഞെടുക്കുന്നത്. ദുഷ്ടാത്മാവിനോട് നിരന്തരം യുദ്ധം ചെയ്തു മാത്രമേ ജീവമാർഗ്ഗത്തിൽകൂടെ പോകുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ പോരാട്ടജീവിതം തുടരുന്നവർ ജയാളികളായിത്തീരും.

> "ജീവകരം, മൃതികരമെന്നേവം
> കണ്ടിരുസരണികൾ സഹദേന്മാർ,
> നൂതനമാം ജീവിത മാർജ്ജിപ്പാൻ
> ദുർഘട മാർഗ്ഗം കാംക്ഷിച്ചാർ.
> ദുഷ്ടാന്മാവൊടു പടവെട്ടി
> ജയമോടേറിപ്പറയുന്നു.
> ആവശ്യക്കാർക്കാശ്രയവും
> ഭക്തന്മാർക്കനുഗാമിയുമാം
> കർത്താവിൻ നാമം ധന്യം."

ദൈവത്തോട് മത്സരിച്ചാണ് സാത്താൻ ദൈവസന്നിധിയിൽ നിന്ന് നിഷ്ക്കാസിതനായത്. അവന്റെ വീഴ്ചയെക്കുറിച്ച് തിരുവചനം പറയുന്നു :

> "അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്ന് വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു? 'ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും;

ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോട് സമനാകും' എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്ക് തന്നേ വീഴും." യെശയ്യാ. 14 : 12 – 15

ദൈവത്തോട് മത്സരിച്ച് ബഹിഷ്കൃതനായ അന്നു മുതൽ സാത്താൻ ദൈവത്തിന്റെ പദ്ധതികളെ എതിർക്കുന്ന ദുഷ്ടനായ എതിരാളിയാണ്. ദൈവത്തിന്റെ മനോഹര സൃഷ്ടിയായ മനുഷ്യനെ നശിപ്പിക്കുകയാണ് സാത്താന്റെ ഉദ്യമം. മോഷ്ടിക്കുക, അറുക്കുക, മുടിക്കുക എന്നിവയാണ് സാത്താന്റെ പ്രവർത്തന പദ്ധതി. (യോഹ. 10:10)

ഭൂമിയുടെ ഉപരിതലത്തിലുള്ള അന്തരീക്ഷമാണ് സാത്താന്റെ പ്രവർത്തന മണ്ഡലം. സാത്താന്റെ ദുരാത്മാക്കളുടെ ആവാസ കേന്ദ്രമായതുകൊണ്ടാണ് ആകാശത്തെ സൃഷ്ടിച്ചതിനുശേഷം "നല്ലത് എന്ന് ദൈവം കണ്ടു" എന്ന പ്രയോഗം കാണാത്തത്.

ഒന്നാം ദിവസം വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലത് എന്ന് ദൈവം കണ്ടു. ഉല്പത്തി 1 : 4

മൂന്നാം ദിവസം ഭൂമി, സമുദ്രം എന്നിവ വേർതിരിച്ചു. നല്ലത് എന്ന് ദൈവം കണ്ടു. സസ്യവൃക്ഷ ലതാദികൾ സൃഷ്ടിച്ചു. നല്ലത് എന്ന് കണ്ടു. ഉല്പത്തി 1 : 11 – 12

നാലാം ദിവസം സൂര്യചന്ദ്ര നക്ഷത്രാദികളെ സൃഷ്ടിച്ചു. നല്ലത് എന്ന് കണ്ടു... ഉല്പത്തി 1 : 18

അഞ്ചാം ദിവസം ജലജന്തുക്കളെ സൃഷ്ടിച്ചു. നല്ലത് എന്ന് ദൈവം കണ്ടു. ഉല്പത്തി 1 : 21

പക്ഷിമൃഗാദികളെ സൃഷ്ടിച്ചു. അതും നല്ലത് എന്ന് ദൈവം കണ്ടു. ഉല്പത്തി 1 : 25

ആറാം ദിവസം ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി സൃഷ്ടിച്ചു. അവരെ ദൈവം അനുഗ്രഹിച്ചു. ഉല്പത്തി 1 : 28

രണ്ടാം ദിവസത്തെ സൃഷ്ടിയാണ് ആകാശം. ദൈവം വിതാനത്തിന് ആകാശം എന്ന് പേരിട്ടു. സന്ധ്യയായി, ഉഷസ്സുമായി, രണ്ടാം ദിവസം. ഉല്പത്തി 1:8. ഇവിടെ മാത്രം ദൈവം നല്ലത് എന്ന് കണ്ടില്ല. അതിനു കാരണം അത് സാത്താന്റെയും അവന്റെ ദുഷ്ടാത്മസേനയുടെയും പ്രവർത്തന മേഖലയായതാണ്.

അസൂയാലുവായ സാത്താന്റെ വൈരാഗ്യംകൊണ്ട് അവൻ ചതിച്ചതാണ് ആദിമനുഷ്യനെ വീഴ്ചയിലെത്തിച്ചത്. ദൈവവചനത്തിന് വിരുദ്ധമായ വചനം സാത്താൻ നൽകി മനുഷ്യനെ വഴി തെറ്റിച്ചു.

“വിലക്കപ്പെട്ട കനി തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും” എന്ന് ദൈവത്തിന്റെ വചനം. ഉല്പത്തി 2 : 17

“നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നൻമതിൻമകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്ന് ദൈവം അറിയുന്നു” എന്ന് സാത്താന്റെ വചനം. ഉല്പത്തി 3 : 4 – 5

മനുഷ്യനെ നശിപ്പിക്കുവാനുള്ള സാത്താന്റെ പരിശ്രമം മൂന്നു വിധത്തിലാണ്.

ഒന്ന്, ഉപായത്താൽ. സെ. പോൾ പറയുന്നു :

"സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു."

2 കൊരിന്ത്യർ 11 : 3

രണ്ട് : വെളിച്ച ദൂതന്റെ വേഷത്തിൽ സാത്താൻ മനുഷ്യനെ അപകടത്തിലാക്കുന്നു.

"സാത്താൻതാനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ (സാത്താന്റെ) ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല.

2 കൊരിന്ത്യർ 11 : 14 – 15

മാലാഖയുടെ വേഷത്തിൽ സാത്താൻ വന്ന് നമ്മെ വഞ്ചിക്കുന്നു. തിരുവചനഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് സാത്താന്റെ പിണിയാളുകൾ ബലഹീനവിശ്വാസികളെ വഴിതെറ്റിക്കുന്നു. അവരെയാണ് പൗലോസ് കള്ളസ്സഹോദരൻമാർ, കപടവേലക്കാർ, സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ, കള്ള അപ്പോസ്തലൻമാർ എന്നെല്ലാം വിളിക്കുന്നത്.

കള്ളസ്സഹോദരൻമാർ. 2 കൊരിന്ത്യർ 11 : 26

കപടവേലക്കാർ. 2 കൊരിന്ത്യർ 11 : 13

സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ.

യൂദാ. 12

കള്ളഅപ്പോസ്തലൻമാർ.

വെളിപ്പാട് 2 : 2 – 3

2 കൊരിന്ത്യർ 11 : 13

മൂന്ന്, സാത്താൻ അലറുന്ന സിംഹം എന്നപോലെ ആക്ര മിക്കുന്നു.

> "ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു."
> 1 പത്രോസ് 5 : 8

നമുക്ക് പോരാട്ടമുള്ളത് ഉഗ്രനായ പൈശാചികനോടാണ്. ഗർജ്ജിക്കുന്ന സിംഹം പോലെ അവൻ ആരെ വിഴുങ്ങാൻ പറ്റും എന്ന ചിന്തയോടെ ഊടാടി നടക്കുകയാണ്.

നീതിമാനായ ഇയ്യോബിന്റെമേൽ ദൃഷ്ടിവെച്ചു എന്ന് നാം കാണുന്നു. ഇയ്യോബ് 1 : 6 – 10, 2 : 2 – 7. സാത്താന്യബാധ യാൽ ഇയ്യോബിന് എത്രയെത്ര വിപത്തുകളാണുണ്ടായത്! എന്തു ഭീകരരോഗബാധയാണുണ്ടായത്! എന്തെന്തു ദുരിത ങ്ങളാണുണ്ടായത്!

പാപംമൂലം സാത്താനിടം കൊടുത്താൽ സാത്താന്യദൂ തൻമാർ മനുഷ്യരിൽ കടന്നുകൂടുകയും ഭയാനകമായ ഭൂത ബാധയ്ക്കടിമപ്പെടുത്തുകയും ചെയ്യുന്നു.

മഗ്ദലനമറിയം അശുദ്ധിക്ക് അവളുടെ ശരീരം വിട്ടുകൊ ടുത്തതുമൂലം ഏഴു ഭൂതങ്ങൾ അവളിൽ പാർത്തു എന്നും അവൾ അനുതപിച്ച്, പശ്ചാത്തപിച്ച്, പാപജീവിതം ഉപേക്ഷി ച്ച്, ക്രിസ്തുവിനെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി കൈക്കൊണ്ടതോടുകൂടി ആ ഏഴു ഭൂതങ്ങളും അവളെ വിട്ടു പോയി എന്നും നാം വായിക്കുന്നു. ലൂക്കോസ് 8 : 2

ഗദരദേശത്തെ ഭൂതബാധിതനായ മനുഷ്യൻ സുബോധമി ല്ലാത്തവനായിരുന്നു. നഗ്നത അറിഞ്ഞുകൂടായിരുന്നു. തന്ന ത്താൻ ചതച്ചിരുന്നു. അലറിക്കൂകി നടക്കുമായിരുന്നു. മലക

ളിലും ശവപ്പറമ്പുകളിലും പാർത്തിരുന്നു. അവനിൽ ഒരു ലെഗിയോൻ - ആറായിരം - ദുരാത്മാക്കൾ പാർത്തിരുന്നു. അവനിൽനിന്ന് അശുദ്ധാത്മാക്കളെ ക്രിസ്തു മാറ്റി. അപ്പോൾ അവൻ സുബോധമുള്ളവനായിത്തീർന്നു.

ദൈവത്തിന് ത്രിത്വമുണ്ടല്ലൊ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. സൂര്യന് വെളിച്ചമുണ്ട്, രശ്മിയുണ്ട്, ചൂടുണ്ട്. എല്ലാം സൂര്യൻ തന്നെ. വെളിച്ചവും രശ്മിയും ചൂടും തമ്മിൽ വേർതിരിക്കാനാകാത്ത വസ്തുക്കളാണ്. അവ മൂന്നും ഒന്നായിരിക്കുന്നതുപോലെ തന്നെ അവ മൂന്നു വ്യത്യസ്ത കാര്യങ്ങളുമാണ്. എന്നതുപോലെ തന്നെയാണ് ത്രിത്വവും.

സാത്താനുമുണ്ട് ത്രിത്വം. സാത്താൻ, എതിർക്രിസ്തു - (Antichrist - അന്തിക്രിസ്തു) കള്ളപ്രവാചകൻ. സാത്താന്യ ത്രിത്വത്തിന്റെ അവസാനം തീപ്പൊയ്കയാണ്.

> “വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും.” വെളിപ്പാട് 20 : 10

മഹാസർപ്പം, പഴയപാമ്പ് എന്നീ രൂപകങ്ങളെക്കൊണ്ട് സാത്താനെയും, മൃഗം എന്ന രൂപകം എതിർക്രിസ്തുവിനെയും, കള്ളപ്രവാചകൻ എന്ന വിശേഷണം സാത്താന്യ ത്രിത്വത്തിൽ മൂന്നാമനായ ദുരാത്മാവിനെയും സൂചിപ്പിക്കുന്നു.

സാത്താൻ ഓരോ നാടിനും ഓരോ രാജ്യത്തിനും ഓരോ ഭവനത്തിനും ഓരോ വ്യക്തിക്കും നാശം വരുത്താൻ പ്രത്യേകം സേനാ വിഭാഗങ്ങളെയും ദുരാത്മാക്കളെയും നിയോഗിച്ചിട്ടുണ്ട്. Territorial സേനയും Territorial Commanders-

ഉം ഉണ്ട്.

ദാനിയേലിന്റെ പുസ്തകം പത്താം അദ്ധ്യായത്തിൽ ദാനിയേൽ പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ ദാനിയേലിനുവേണ്ടിയുള്ള സ്വർഗ്ഗീയ അരുളപ്പാടുമായി ദൈവതിരുസന്നിധിയിൽനിന്ന് ഗബ്രിയേൽ മാലാഖ വന്നതായി നാം വായിക്കുന്നു.

ഇരുപത്തിയൊന്ന് ദിവസത്തെ ഉപവാസവും പ്രാർത്ഥനയുമാണ് ദാനിയേൽ പ്രഖ്യാപിച്ചിരുന്നത്. ആ ഇരുപത്തൊന്നു ദിവസത്തിന്റെ ആദ്യദിവസത്തിൽതന്നെ ദാനിയേലിനോടുള്ള അരുളപ്പാടുമായി ഗബ്രീയേൽ പുറപ്പെട്ടെങ്കിലും ഇരുപത്തൊന്നാം ദിവസം മാത്രമേ ദാനിയേലിന്റെ അരികിലെത്തിയുള്ളൂ.

ആ ദിവസങ്ങളെല്ലാം ദാനിയേൽ അന്ന് ജീവിച്ചിരുന്ന പേർഷ്യൻ സാമ്രാജ്യത്തിന്റെ Territorial Commander ആയി സാത്താൻ നിയമിച്ചിരുന്ന ദുരാത്മാവ് ഗബ്രീയേലിനോട് കയർത്തുനിന്നു. ഒടുവിൽ പ്രധാന ദൂതനായ മിഖായേൽ വന്ന് യുദ്ധത്തിൽ സഹായിച്ചാണ് ഗബ്രീയേൽ ദാനിയേലിന്റെ അടുത്തെത്തുന്നത്.

ദാനിയേലിനോടുള്ള സ്വർഗ്ഗീയ ആശ്വാസ സന്ദേശം അറിയിച്ചതിനുശേഷം ഉടനെ മടങ്ങിപ്പോകും. അവിടെ അന്തരീക്ഷത്തിൽ പാർസി രാജ്യത്തിലെ സാത്താന്യസേനാവീരൻമാരോട് മീഖായേൽ യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്. ഗബ്രീയേൽ തിരികെ ചെല്ലുമ്പോഴേക്ക് സാത്താന്യസേനയെ സഹായിക്കാൻ യവന (ഗ്രീക്ക്) ദേശത്തേക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന സാത്താന്യ സേനാധിപൻ പാർസി പ്രഭുവിനെ സഹായിക്കാൻ വരും.

> “ദാനിയേലേ, ഭയപ്പെടേണ്ട; നീ തിരിച്ചറിയേണ്ടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യ ദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു. പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോട് എതിർത്തു നിന്നു; എങ്കിലും പ്രധാന പ്രഭുക്കൻമാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു; അവനെ ഞാൻ പാർസിരാജാക്കൻമാരോടുകൂടെ അവിടെ വിട്ടേച്ച്, നിന്റെ ജനത്തിന് ഭാവികാലത്ത് സംഭവിപ്പാനുള്ളത് നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു ഇപ്പോൾ വന്നിരിക്കുന്നു..... ഞാൻ ഇപ്പോൾ പാർസിപ്രഭുവിനോട് യുദ്ധം ചെയ്‌വാൻ മടങ്ങിപ്പോകും; ഞാൻ പുറപ്പെട്ടശേഷമോ യവനപ്രഭു വരും.”
>
> ദാനിയേൽ 10 : 12 – 20

മാന്യ ദൈവപൈതലേ, കർത്താവായ യേശുക്രിസ്തു ക്രൂശിൽ ഈ സർപ്പത്തിന്റെ തല തകർത്തു എന്ന് നീ വിശ്വസിക്കുന്നുവോ?

ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ വീണ്ടെടുപ്പിൻ ശക്തിയിൽ നീ വിശ്വസിക്കുന്നുവോ? നിന്റെ ജീവിതം ആണിപ്പാടുള്ള പാദത്തിൽ നീ സമർപ്പിച്ചുവോ? നിന്റെ ഭാവി ക്രിസ്തുവിന്റെ തിരുരക്തം വാർന്നൊലിക്കുന്ന കൈകളിലേക്ക് നീ കൈമാറിയോ? എങ്കിൽ ക്രിസ്തു നിന്നോട് പറയുന്നത് :

> “എന്റെ കൈയിൽനിന്ന് അവയെ പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല.”
>
> യോഹ. 10 : 28 – 29

സ്നേഹിതാ, പ്രിയ സഹോദരീ, ഈ ഉറപ്പ് നിനക്ക് കിട്ടിയോ? എങ്കിൽ നീ ഉള്ളു തകർന്ന് ഒരു വാക്ക് ഇപ്പോൾ പറയൂ : നാഥാ ഇന്നു മുതൽ ഞാൻ നിന്റെ അടിമ. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച് എന്റെ പാപം പോക്കിയ യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ.

പ്രാർത്ഥിക്കാം. ഉടയവനേ, നല്ല ഇടയനേ, സ്നേഹവാനേ, അൻപുള്ള പിതാവേ, തന്ന ദാനത്തിനായി സ്തോത്രം. അർഹിക്കാത്ത നൻമകൾ തന്നതിനാൽ സ്തോത്രം. ദിവ്യ ദൂതിനായി സ്തോത്രം. ശത്രു തൊടാതെ തിരുരക്തത്തിൽ പൊതിയണമേ. തിരുമാറിൽ മറയ്ക്കണമേ.

## രണ്ട്

'നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല; വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.”
എഫേസ്യർ 6 : 12

നാം ഒരു യുദ്ധക്കളത്തിലത്രേ. പ്രബലനായ ശത്രുവിനോടാണ് നാം എതിരിടുന്നത്. അന്ധകാരലോകത്തിന്റെ അധിപതികളോടാണ് നമ്മുടെ യുദ്ധം. ഒരു ചുവടു പിഴച്ചാൽ നമുക്ക് മാരകമായ മുറിവേൽക്കും; നമുക്കപായം സംഭവിക്കും.

The Holy War എന്നൊരു പുസ്തകമുണ്ട്. 'തിരുപ്പോരാട്ടം' എന്ന പേരിൽ അതു തർജ്ജമ ചെയ്തിട്ടുണ്ട്. 'പരദേശി മോക്ഷയാത്ര' എന്ന വിശ്രുത ഗ്രന്ഥം എഴുതിയ ജോൺ ബനിയനാണ് അതിന്റെ ഗ്രന്ഥകർത്താവ്.

രൂപകാത്മക ഭാഷയിൽ ആലങ്കരികമായി എഴുതിയിരിക്കുന്ന ഒരു allegorical classic ആണ് ഈ ഗ്രന്ഥം. അതിൽ

ഒരു രാജാവുണ്ട് – ശാദായി രാജാവ്. ദൈവത്തിന്റെ പ്രതീകമാണ് ശാദായി. എതിരാളിയായ ഒരു ദുഷ്ടനുണ്ട് – അവന്റെ പേര് ആകൽക്കറുതാ എന്നാണ്. സാത്താന്റെ പ്രതീകമാണ് ആകൽക്കറുതാ. നരാത്മപുരി ഒരു പട്ടണമാണ്. അത് മനുഷ്യന്റെ പ്രതീകമാണ്.

നരാത്മപുരി കൈയടക്കാൻ ആകൽക്കറുതാ ഒരുക്കുന്ന കുതന്ത്രങ്ങളും കെണികളും അവയിൽ നരാത്മപുരി വിധേയപ്പെട്ടുപോകുന്നതും ഒടുവിൽ ശാദായി രാജാവ് നരാത്മപുരിക്കുവേണ്ടി ആകൽക്കറുതായോട് യുദ്ധം ചെയ്തു ജയിക്കുന്നതുമെല്ലാമാണ് ഈ മനോഹര ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

> "യുദ്ധം യഹോവയ്ക്കുള്ളത്"
>
> 1 ശമൂവേൽ 17 : 47
>
> "യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രേ."
>
> 2 ദിന. വൃ. 20 : 15

മനുഷ്യൻ ശത്രുവായ പിശാചിനോട് നിരന്തരം പോരാടി ജയിക്കുവാൻ ദൈവം മനുഷ്യനെ ഒരുക്കുകയും ആയുധം ധരിപ്പിക്കുകയും ചെയ്യുന്നു.

അതുകൊണ്ടാണ് ദാവീദ് പറഞ്ഞത് :

> "എന്റെ പാറയായ യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ യുദ്ധത്തിന് എന്റെ കൈകളെയും പോരിന് എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു." സങ്കീ. 144 : 1

ദൈവത്തെ 'യുദ്ധവീരനായ യഹോവ' എന്ന് തിരുവചനം വിളിക്കുന്നുണ്ട്. 'സൈന്യങ്ങളുടെ ദൈവമായ യഹോവ' എന്ന്

എത്രയോ പ്രാവശ്യം ദൈവം തന്നെ തന്നത്താൻ മനുഷ്യരുടെ മുമ്പിൽ വെളിപ്പെടുത്തുന്നുണ്ട്.

ഒരു സംഭവം വായിച്ചിട്ടുണ്ട് : ഘോരമായ ഒരു യുദ്ധം നടക്കുകയാണ്. ഒരു കുന്നിൻമുകളിൽ കുഴികളിൽ ഏതാനും പടയാളികൾ ഒളിച്ചിരിക്കുകയാണ്. അപ്പുറത്ത് താഴ്‌വരയിൽ ശത്രുസൈന്യമുണ്ട്. കുഴികളിൽ ഒളിച്ചിരിക്കുന്ന പടയാളികളെ ശത്രുനിരകൾക്ക് കാണാൻ സാദ്ധ്യമല്ല.

ഇടയ്ക്കിടയ്ക്ക് കുന്നിൻമുകളിൽനിന്ന് ഗ്രനേഡുകൾ എറിയുന്നുണ്ട്. താഴ്‌വരയിൽ പലരും മരിക്കുന്നു, മുറിവേല്ക്കുന്നു. എവിടെനിന്നാണ് ഇതു വരുന്നതെന്ന് താഴ്‌വരയിലുള്ളവർ അറിയുന്നില്ല. അവർ എറിയുന്ന ഒരു കൈബോംബും ലക്ഷ്യത്തിൽ കൊള്ളുന്നില്ല. കാരണം കുഴി എവിടെയെന്നോ അവർ മറഞ്ഞിരിക്കുന്നതെവിടെയെന്നോ അറിയാൻ പറ്റുന്നില്ല.

തങ്ങൾ മറഞ്ഞിരിക്കുന്നത് എവിടെയെന്ന് അറിയാതിരിപ്പാൻ വളരെ കരുതലോടെയാണ് അവർ കുഴികളിൽ ഒളിച്ചിരുന്നത്. ഒരക്ഷരം മിണ്ടുന്നില്ല. ഒരു ചെറിയ അനക്കംപോലും ഉണ്ടാക്കുന്നില്ല.

അപ്പോൾ ഒരാൾക്ക് പുകവലിക്കണമെന്ന് തോന്നി. യുദ്ധരംഗത്ത് യുദ്ധസമയത്ത് പുകവലിക്കരുതെന്ന് കർശനാജ്ഞയുണ്ട്. പക്ഷേ അയാൾ പുകവലിച്ചു.

ഒരു ഭാഗത്തുനിന്ന് പുക ഉയരുന്നത് താഴെയുള്ളവർ കണ്ടു. അവർ ആ ലക്ഷ്യത്തിലേക്ക് ബോംബെറിഞ്ഞു. കുഴിയിൽ മറഞ്ഞുകിടന്നവർ എല്ലാം കൊല്ലപ്പെട്ടു.

ഒരല്പം സൂക്ഷമതക്കുറവ്, ഒരു ചെറിയ അലസത, ഒരു നിസ്സാരമായ അശ്രദ്ധ. യുദ്ധരംഗത്തെ അലസതയും ജാഗ്രത

യില്ലായ്മയും നാശത്തിന് കാരണമായി.

പിശാചിനോടുള്ള പോരാട്ടത്തിൽ ഒരു ചെറിയ അലസത പോലും വരരുത്.

'അലസത ലേശം ബാധിച്ചാൽ
അശുഭ വഴിക്ക് വശംവദനായി
സ്വാത്മത്തെ സ്വയമേ നിഹനിക്കും"

അല്പം അലസത പറ്റിയാൽ അപകടകരമായ വഴിയിലേക്ക് തിരിഞ്ഞ് സ്വന്തമാത്മാവ് മരണമടയുന്നതിനിടയാകും – എന്നാണല്ലോ ഭക്തൻമാരും വിശുദ്ധൻമാരുമായ പൂർവ്വീക പുണ്യപിതാക്കൾ ചൊല്ലിയിട്ടുള്ളത്.

ബഹുമാന്യ സഹോദരാ, യാതൊരലസതയും വരാതെ ജാഗ്രതയോടെ യുദ്ധരംഗത്ത് നിൽക്കാത്തതുമൂലമല്ലേ നിന്റെ ആത്മീയ ജീവിതം തകർന്നുപോയത്. "വീരൻമാർ പട്ടുപോയതെങ്ങനെ" എന്നും "യുദ്ധമദ്ധ്യേ വീരൻമാർ പട്ടുപോയതെങ്ങനെ" എന്നും ദാവീദ് ഇരുന്ന് കരയുന്നത് നിനക്ക് ഓർമ്മയുണ്ടോ? 2 ശമൂവേൽ 1 : 19, 25 , 27

വീരൻമാർ പട്ടുപോയ വഴിയാണ് ആത്മീയവഴി. എന്നാൽ മുക്കുവൻമാർ നേടിയെടുത്ത പാതയാണിത്. ബലശാലികൾ പലരും ശത്രുവിന്റെ കൈയിലെ കളിപ്പന്തായി. എന്നാൽ നിരക്ഷരകുക്ഷികളായ പാവപ്പെട്ട ശിഷ്യൻമാർ വിജയം വരിച്ചു.

ഒരു കാലത്ത് ശത്രുവിന്റെ പേടിസ്വപ്നമായിരുന്നു നാസീർ വ്രതസ്ഥനായ ശിംശോൻ. എന്നാൽ ശത്രു അവനെ ചെമ്പു ചങ്ങലയിൽ കുടുക്കി, കണ്ണു രണ്ടും കുത്തിപ്പൊട്ടിച്ച്, ദാഗോന്റെ ക്ഷേത്രത്തിൽ ശത്രുവിന് ആഹാരമുണ്ടാക്കാൻ മാവു പൊടിക്കുന്ന ദയനീയ ചിത്രം വേദപുസ്തകത്തിലു

ണ്ട്.

ദാവീദ് അഭിഷേകമുള്ളവനാണ്, ദാവീദ് ദൈവം തെര ഞ്ഞെടുത്ത ധന്യപുരുഷനാണ്. ബേത്ശേബയ്ക്ക് അഭിഷേക മില്ല. അവൾ കേവലം ഒരു പടയാളിയുടെ ഭാര്യ. അവൾക്ക് താരതമ്യേന നഷ്ടപ്പെടാനത്രയൊന്നുമില്ല.

ദാവീദിനോ? നഷ്ടം വലുതാണ്. തുടങ്ങിയത് ഒരലസത യിൽ, യുദ്ധരംഗത്ത് പോകാതെ കൊട്ടാരത്തിൽതന്നെ വസി ച്ചു. മുമ്പ് യുദ്ധരംഗത്ത് മുൻപന്തിയിൽ നിന്നവനാണ്.

ചില ദൈവമക്കൾ അങ്ങനെയാണ്. കൂട്ടായ്മയിൽ പണ്ടത്തെ മധുരമില്ല; പണ്ടത്തെ സ്ഥായിയില്ല; പണ്ടത്തെ തീക്ഷ്ണതയില്ല; പണ്ടുണ്ടായിരുന്ന എരിവു കുറഞ്ഞുപോ യി. മകനേ, അപകടം പതിയിരിക്കുന്നു. "ശിംശോനേ, ഉൾമു റിയിൽ പതിയിരുപ്പുകാരുണ്ട്." ന്യായാധി 16 : 12

> "ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തയിൽനിന്ന് എഴുന്നേറ്റു."
>
> 2 ശമൂവേൽ 11 : 2

അലസനിദ്ര. യുദ്ധം മുറുകി നടക്കുമ്പോൾ രാജാവിന് അലസതയും പകലുറക്കവും. പ്രിയ ദൈവപൈതലേ, നിന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുമോ? എവിടെയെ ല്ലാമാണ് അലസത വന്നത്?

യിസ്രായേലിന്റെ വീരനായകൻ മയങ്ങിക്കിടക്കുന്നു! നിത്യ രാജാവിന്റെ മധുരഗായകൻ നിദ്രാധീനനായി! യഹൂദായുടെ വീരയോദ്ധാവ് തളർന്നു കിടന്നുറങ്ങുന്നു! ജീവനുള്ള ദൈവ ത്തിന്റെ ദീർഘദർശി ദർശനം നഷ്ടപ്പെട്ട് കിടക്കുന്നു.

മെത്തയിൽ നിന്നെഴുന്നേറ്റിട്ട് എന്താണ് ചെയ്തത്? രാവി

ലെയും ഉച്ചയ്ക്കും വൈകുന്നേരത്തും സങ്കടം ബോധിപ്പിച്ച് കരയുമെന്ന് തീരുമാനമെടുത്തിരുന്നല്ലോ? സങ്കീ. 55 : 17

പ്രാർത്ഥിക്കാനായിരിക്കും എഴുന്നേറ്റത്. ആണോ? അല്ല. രാജധാനിയുടെ മാളികമേൽ ഉലാവുകയാണ്. അലസത യിൽതന്നെ. പ്രാർത്ഥനയുടെ നിഷ്ഠ തെറ്റി. പ്രാർത്ഥനയുടെ ഉത്സാഹം വറ്റി.

> "...രാജധാനിയുടെ മാളികമേൽ ഉലാവികൊ ണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളി കയിൽനിന്ന് കണ്ടു." 2 ശമൂവേൽ 11 : 2

അലസതയിൽനിന്ന് മയക്കത്തിലേക്കും അതിൽനിന്ന് നോട്ട ത്തിലെ അശുദ്ധിയിലേക്കും യഹോവയുടെ അഭിഷിക്തൻ വഴുതി വഴുതിപ്പോകുകയാണ്! തന്ത്രപരമായി പൈശാചികൻ ദൈവപൈതലിനെ പാപങ്ങളിൽ കുടുക്കുകയാണ്. ഊരാക്കു രുക്കിൽ, ഇതാ, വീരനായ ദാവീദ് ചെന്ന് കുരുങ്ങുകയാണ്. ഏറ്റവും ഹീനമായ പാപത്തിലേക്ക് ദാവീദിനെ കെട്ടിയിടുക യാണ്.

2 ശമൂവേൽ 11-ാം അദ്ധ്യായം കരഞ്ഞുകൊണ്ടേ ഒരു ദൈവപൈതലിന് വായിക്കാനാകൂ. വ്യഭിചാരം, മദ്യപാനം, കൊലപാതകം, പാപബോധമില്ലായ്മ, സ്വയ നീതീകരണം എന്നിങ്ങനെ പടിപടിയായി എത്ര ഹീനപാതകങ്ങളിൽ ദാവീദ് വീണു. "ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലും" എന്ന് പിൽക്കാലത്ത് ഇരുന്ന് കരയുന്ന ഭയാനകമായ സ്ഥിതിയിൽ ദാവീദ് താണുപോയി.

പിശാച് എത്ര കൗശലക്കാരനാണ്. ഗൊല്യാത്തിന്റെ ചെന്നി തകർത്തവൻ, ഫെലിസ്ത്യസൈന്യത്തിന് പേടിസ്വപ്നമായിരു ന്നവൻ, യിസ്രായേലിന്റെ വീരയോദ്ധാവ് ഒരു സ്ത്രീയുടെ

മുന്നിൽ ജീവിതനിഷ്ഠയും വിശുദ്ധിയും നാളതുവരെ നേടി യെടുത്ത സദാചാരമൂല്യങ്ങളും അടിയറവെച്ചു.

മാന്യസ്നേഹിതാ, "നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങ ളോടല്ല; വാഴ്ചകളോടും അധികാരങ്ങളോടും അന്ധകാര ത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാ ത്മസേനയോടും അത്രേ."

അപ്പോസ്തലനായ പൗലോസ് തന്റെ ഒടുവിലത്തെ ലേഖ നത്തിൽ വളരെ സങ്കടത്തോടെ പറയുന്ന ഒരു വാക്യമുണ്ട് :

> "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ട് തെസ്സലോ നിക്യയിലേക്ക് പോയി."
>
> 2 തിമോഥെയോസ് 4 : 10

പൗലോസ് അപ്പോസ്തലന്റെ ഒന്നാം കാരാഗൃഹവാസകാ ലത്ത് കൂടെയുണ്ടായിരുന്ന സഹപ്രവർത്തകനായിരുന്നു ദേമാ സ്. ഫിലേമോന് എഴുതിയ ലേഖനത്തിൽ ഇങ്ങനെ പറ യുന്നു :

> "ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസും എന്റെ കൂട്ടുവേലക്കാരനായ മർക്കോസും അരിസ്തർക്കോസും ദേമാസും ലൂക്കോസും നിനക്കു വന്ദനം ചൊല്ലുന്നു."
>
> ഫിലേമോൻ 23 : 24

ഒന്നാം കാരാഗൃഹവാസകാലത്ത് എഴുതിയ മറ്റൊരു ലേഖ നമായ കൊലോസ്യ ലേഖനത്തിൽ പൗലോസ് ശ്ലീഹാ പറ യുന്നു :

> "വൈദ്യനായ പ്രിയ ലൂക്കോസും ദേമാസും

നിങ്ങളെ വന്ദനം ചെയ്യുന്നു.”

കൊലോസ്യർ 4 : 14

എ.ഡി. 60-ൽ ആണ് കൊലോസ്യലേഖനം, ഫിലിപ്യലേഖനം, എഫേസ്യലേഖനം, ഫിലേമോന് എഴുതിയ ലേഖനം എന്നീ ലേഖനങ്ങൾ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് പൗലോസ് എഴുതിയത്. അന്ന് ദേമാസ് കൂടെയുണ്ടായിരുന്നു. കൂട്ടുവേലക്കാരനുമായിരുന്നു.

അന്ന് കാരാഗൃഹത്തിൽനിന്ന് മോചനം പ്രാപിച്ചുവെങ്കിലും എ.ഡി. 64-ൽ വീണ്ടും അപ്പോസ്തലനെ റോമൻ കാരാഗൃഹത്തിലാക്കി. 64-ൽ തീമൊഥെയൊസിനുള്ള ഒന്നാം ലേഖനവും 65-ൽ തീത്തോസിനുള്ള ലേഖനവും എഴുതി. 67-ൽ ഒടുവിലത്തെ ലേഖനം - തീമൊഥെയൊസിനുള്ള രണ്ടാം ലേഖനം എഴുതി. ഈ ചുരുങ്ങിയ കാലംകൊണ്ട് ദേമാസ് ലോക്സ്നേഹിയായി മാറി.

ദേമാസിന് അതിനുള്ള ന്യായങ്ങൾ കാണുമായിരിക്കും. എങ്കിലും വൈരിയായ പിശാച് ദേമാസിനെ ലോകസ്നേഹത്തിൽ കെട്ടിയിട്ടു.

ലോകം, ജഡം, സ്വയം എന്നീ മൂന്നു വഴികളിലൂടെയാണ് സാത്താൻ മനുഷ്യനെ വഞ്ചിക്കുന്നത്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്ന മൂന്നു മോഹങ്ങളിലൂടെയാണ് പൈശാചികൻ ദൈവപൈതലിന്റെ വിരുത് തെറ്റിക്കുന്നത്. 1 യോഹന്നാൻ 2 : 15 - 16

ഹവ്വയെ ഏദൻതോട്ടത്തിൽ വഞ്ചിച്ച് കെണിയിൽ വീഴിച്ചത് ഈ മൂന്ന് മാർഗ്ഗത്തിൽകൂടെയാണ്. വിലക്കപ്പെട്ട കനി കാണിച്ച് സാത്താൻ പ്രലോഭിപ്പിച്ചതിനെപ്പറ്റി നാം ഇങ്ങനെ വായിക്കുന്നു :

"ആ വൃക്ഷഫലം തിൻമാൻ നല്ലതും കാൺമാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു, അവനും തിന്നു."
ഉല്പത്തി 3 : 6

ഒന്നാം ആദാമിനെ വഞ്ചിച്ച ഇതേ മാർഗ്ഗത്തിൽകൂടെയാണ് കർത്താവായ യേശുക്രിസ്തുവിനെയും വഞ്ചിപ്പാൻ സാത്താൻ സമീപിച്ചത്. ഒന്നാം ആദാം തോറ്റു. രണ്ടാം ആദാം ജയിച്ചു.

സ്നേഹിതാ, സാത്താനോടുള്ള പോരാട്ടത്തിൽ ജയിപ്പാൻ നിനക്ക് കൊതിയുണ്ടോ? എന്നാൽ രണ്ടാം ആദാം ജയിച്ചവനായി, നിന്നെ ജയിപ്പിക്കാനായി ഇതാ നിന്റെ അരികത്ത് നിൽക്കുന്നു. "അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടവനാണ്." വെളിപ്പാട് 6:2. ഗോഗുൽത്തായിൽ പാമ്പിന്റെ തല ചതച്ച ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിൽ നിന്നെത്തന്നെ സമർപ്പിക്കൂ. ദേഹവും ദേഹിയും ആത്മാവും അവന്റെ പാദത്തിൽ അർപ്പണം ചെയ്യൂ. അവനോട് പറയൂ :

നാഥാ, നീ എനിക്കുവേണ്ടി സാത്താനെ ജയിച്ചവനാകയാൽ ഇന്നു മുതൽ ഞാൻ നിന്റെ വക.

പ്രാർത്ഥിക്കാം. വാഴ്ത്തപ്പെട്ട കർത്താവേ, സർവ്വകൃപാലുവായ ദൈവമേ, ശത്രുവിനോടുള്ള പോരാട്ടത്തിൽ എനിക്ക് ജയം നൽകാൻ അവിടത്തെ പുത്രനെ ക്രൂശിൽ അർപ്പിപ്പാൻ തിരുമനസ്സായതിനാൽ സ്തോത്രം. അന്ത്യത്തോളം എന്നെ നിലനിർത്തണമേ.

## മൂന്ന്

"നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോട ല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."

എഫെസ്യർ 6 : 12

സാത്താനോടുള്ള യുദ്ധത്തിലാണ് ഓരോ വിശ്വാസിയും. ക്രിസ്തുവിനോട് ചേർന്നുനിന്നാൽ നമുക്ക് ജയം വരിക്കാം.

ദൈവം കല്പിക്കുന്നു :

"നിന്നോടു പോരാടുന്നവനോട് ഞാൻ പോരാ ടുകയും നിന്റെ മക്കളെ രക്ഷിക്കുകയും ചെയ്യും."

യെശയ്യാ. 49 : 25

ചെങ്കടൽ തീരത്ത് മോശ യിസ്രായേൽ ജനത്തെ ധൈര്യ പ്പെടുത്തുന്നു : മുന്നിൽ ചെങ്കടൽ; പിന്നിൽ വമ്പട.

"നിങ്ങൾ ഇന്ന് കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും." പുറപ്പാട് 14 : 14

"നിങ്ങൾ ഭ്രമിക്കരുത്; അവരെ ഭയപ്പെടുകയും അരുത്. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളുടെ മുമ്പിൽ നടക്കുന്നു. നിങ്ങൾ കാൺകെ അവൻ മിസ്രയീമിലും മരുഭൂമിയിലും ചെയ്തതു പോലെ ഒക്കെയും നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും." ആവർത്തന. 1 : 30

"നിങ്ങൾ അവരെ ഭയപ്പെടരുത്. നിങ്ങളുടെ ദൈവമായ യഹോവയല്ലോ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്നത്." ആവർത്തന. 3 : 22

"യിസ്രായേലേ, കേൾക്ക; നിങ്ങൾ ഇന്ന് ശത്രുക്കളോട് പടയേല്പാൻ അടുക്കുന്നു; അധൈര്യപ്പെടരുത്. പേടിക്കരുത്. നടുങ്ങിപ്പോകരുത്; അവരെ കണ്ട് ഭ്രമിക്കയും അരുത്. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കുവേണ്ടി ശത്രുക്കളോട് യുദ്ധം ചെയ്ത് നിങ്ങളെ രക്ഷിപ്പാൻ നിങ്ങളോടുകൂടി പോരുന്നു." ആവർത്തന. 20 : 3 - 4

ദൈവത്തിന്റെ ഈ മഹത്തായ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് ശത്രുവിനോടുള്ള യുദ്ധത്തിന് നമുക്ക് ഭീതി ആവശ്യമില്ല.

ശത്രുവിനോടുള്ള പോരാട്ടത്തിന്റെ വിവിധ മുഖങ്ങൾ എന്തെല്ലാമാണ്?

ഒന്ന്, നാം പാപത്തോട് പോരാടണം.

"പാപത്തോട് പോരാടുന്നതിൽ നിങ്ങൾ ഇതു വരെ പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല."
എബ്രായർ 12 : 4

പ്രാണൻ ത്യജിക്കേണ്ടിവന്നാലും എന്തു കഷ്ടവും എന്തു നഷ്ടവും വന്നാലും ഞാൻ പാപത്തിനിടം കൊടുക്കുകയില്ല എന്ന തീരുമാനമുണ്ടെങ്കിലേ പാപത്തോടുള്ള പോരാട്ടത്തിൽ നമുക്ക് വിജയം നേടാൻ കഴിയുകയുള്ളൂ.

വിശുദ്ധിക്ക് തീക്ഷ്ണതയോടെ നിന്നതുകൊണ്ടാണ് യോസേഫിന് കാരാഗൃഹത്തിൽ പോകേണ്ടിവന്നത്. പൊത്തീഫേറിന്റെ ഭാര്യയുടെ നിരന്തരമായ പ്രലോഭനം ഉണ്ടായിട്ടും യോസേഫ് പാപത്തിൽ വീഴാതെ നിന്നത് ദൈവഭയം ഉണ്ടായിരുന്നതുകൊണ്ടാണ്.

"ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നതെങ്ങനെ."
ഉല്പത്തി 39 : 9

യൗസേഫിന്റെ ഈ തീരുമാനം തൽക്കാലം അവൻ കാരാഗൃഹത്തിൽ ശിക്ഷിക്കപ്പെടുന്നതിന് കാരണമായി. എങ്കിലും പിന്നീട് അവൻ മിസ്രയീമിലെ ഉന്നതാധികാരിയായി മാറുന്നതിന് സഹായകമായി.

യോസേഫിനെ ഉന്നതസ്ഥാനത്ത് എത്തിക്കുവാനും വിശന്നുപൊരിഞ്ഞുവരുന്ന അനേകർക്ക് ആഹാരം കൊടുക്കുന്ന ശ്രേഷ്ഠമായ ശുശ്രൂഷ ഭരമേല്പിക്കാനും നിത്യനായ ദൈവം കരുതിയിരുന്നു. ദൈവത്തിന്റെ പദ്ധതി തകർക്കാൻ ഉന്നം നോക്കിക്കൊണ്ടിരുന്ന സാത്താൻ അവനെ പാപത്തിൽ വീഴിക്കുന്നതിന് ആ സ്ത്രീയെ തന്റെ കൈകളിൽ ആയുധമാക്കി.

അവിടെ യോസേഫ് പാപത്തിൽ വീണിരുന്നു എങ്കിൽ അവനെ ഉയർത്തണമെന്ന ദൈവിക പരിപാടി തകരുകയും ദൈവം തോൽക്കുകയും ചെയ്തേനെ.

മാന്യസ്നേഹിതാ, നീ പാപം ചെയ്ത് ദൈവത്തെ തോൽപിക്കരുത്.

"നടുങ്ങുവിൻ, പാപം ചെയ്യാതിരിപ്പിൻ." (Stand in awe and sin not) സങ്കീ. 4 : 4

ദാനിയേൽ യൗവനപ്രായത്തിൽ ഒരു തീരുമാനമെടുത്തു.

"...തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന് ദാനിയേൽ ഹൃദത്തിൽ നിശ്ചയിച്ചു."
ദാനിയേൽ 1 : 8

ആ തീരുമാനം ദൂരവ്യാപകമായ ഫലമുളവാക്കി. യരുശലേമിൽ നിന്ന് ബാബിലോണിയായിലേക്ക് അടിമയാക്കിക്കൊണ്ടുവന്ന ആരോരുമില്ലാത്ത യൗവനക്കാരൻ പേർഷ്യൻ സാമ്രാജ്യത്തിലെ മൂന്ന് അദ്ധ്യക്ഷൻമാരിൽ ഒന്നാമനായി വിളങ്ങി. ദാനിയേൽ 6 : 1 – 3

നൂറ്റിരുപത് ഗവർണർമാർ. അവരുടെ മീതെ മൂന്നു പ്രസിഡണ്ടുമാർ. ദാനിയേൽ അവരിൽ ഒന്നാമൻ. ദൈവം അവനെ ഉയർത്തി. അവൻ ഉൽകൃഷ്ടമാനസനായിരുന്നു. ദാനി. 6 : 3

സ്നേഹിതാ, പാപത്തെ വിഷംപോലെ വെറുക്കുമോ? പാപം ആദ്യം കളിയായി തോന്നും. പിന്നീട് ഘോര വിനാശം സംഭവിക്കും.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു :

"ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്ക് കൺചുവപ്പ്? വീഞ്ഞു കുടിച്ചുകൊണ്ട് നേരം വൈകിക്കുന്നവർക്കും മദ്യം രുചിനോക്കുവാൻ പോകുന്നവർക്കും തന്നേ. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അത് സർപ്പം പോലെ കടിക്കും; അണലി പോലെ കൊത്തും. നിന്റെ കണ്ണ് പരസ്ത്രീകളെ നോക്കും; നിന്റെ ഹൃദയം വക്രത പറയും." സദൃശ്യവാക്യങ്ങൾ 23 : 29 – 33

ഒന്ന്, പാപത്തോട് പോരാടുക.

രണ്ട്, വിശ്വാസത്തിനുവേണ്ടി പോരാടുക.

"...വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്ന് തോന്നി." യൂദാ : 3

"നിങ്ങൾ ഏകാത്മാവിൽ നിലനിന്ന് എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിന്നായി പോരാട്ടം കഴിക്കുന്നു എന്ന് ഗ്രഹിക്കേണ്ടതിന്നു ക്രിസ്തുവിന്റെ സുവിശേഷത്തിന്ന് യോഗ്യമാംവണ്ണം മാത്രം നടപ്പിൻ." ഫിലിപ്യർ 1 : 27

"വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക."

1 തിമൊഥെയോസ് 6 : 12

മരണംവരെ വിശ്വാസത്തിനുവേണ്ടി പോരാടിയ വിശുദ്ധൻമാർ പോയ പാതയിലൂടെയാണ് നാമും പോകുന്നത്. Tortured for Christ (ജീവിക്കുന്ന രക്തസാക്ഷികൾ) എന്ന ഗ്രന്ഥമെഴുതിയ റിച്ചാർഡ്‌വും ബ്രാൻഡ് റുമേനിയൻ തടങ്കൽപ്പാളയത്തിലനുഭവിച്ച യാതനകൾ പ്രസ്തുത ഗ്രന്ഥത്തിൽ വിവരിക്കുന്നത് കണ്ണുനീരോടെ മാത്രമേ വായിക്കാനാകൂ.

Tortured for Him എന്ന ഗ്രന്ഥത്തിൽ Dr. Paul Carlson അതുപോലെ വിശ്വാസത്തിനുവേണ്ടി യാതന സഹിച്ചതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഇക്വഡോറിലെ ഔക്കാ ജാതിക്കാരുടെ ഇടയിൽ സുവിശേഷം നിമിത്തം രക്തസാക്ഷിയായ ജിം എലിയറ്റ്, ഈ അടുത്തയിടെ ഒറീസ്സായിൽ ചുട്ടെരിക്കപ്പെട്ട ഗ്രഹാംസ്റ്റെയിൻസും കുഞ്ഞുങ്ങളും വിശ്വാസത്തിനുവേണ്ടിയുള്ള പോരാട്ടത്തിലെ രജതതാരകങ്ങളാണ്.

ഒന്ന്, പാപത്തോട് പോരാടുക.

രണ്ട്, വിശ്വാസത്തിനുവേണ്ടി പോരാടുക.

മൂന്ന്, മുട്ടിൻമേൽ പോരാടുക.

> “ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്; ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്ന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നത്.” 1 കൊരിന്ത്യർ 9 : 26 – 27

പ്രാർത്ഥനയിലുള്ള പോരാട്ടം.

"I fight to win (ഞാൻ ജയിക്കാനായി പോരാടുകയാണ്).

Iíam not just shadow-boxing or playing around. Like an athlete, I punish my body, treating it roughly, training it to do what it should, not what it wants to. Otherwise I fear that after enlisting others for the race, I myself might be declared unfit and ordered to stand aside." 1 Cor 9 : 26 - 27 (Living Bible).

ഒരു കായികാഭ്യാസിയെപ്പോലെ ഞാൻ മയമില്ലാതെ എന്റെ ശരീരത്തെ ദണ്ഡിപ്പിക്കുകയാണ്. എന്റെ ശരീരം ആഗ്രഹി ക്കുന്നതല്ല, അതു ചെയ്യേണ്ടത് മാത്രം ചെയ്യുവാനാണ് എന്റെ ശരീരത്തെ ഞാൻ ശിക്ഷിച്ച് പരുവപ്പെടുത്തുന്നത്. അല്ലെ ങ്കിൽ ഞാൻ മറ്റുള്ളവരെ ഓട്ടത്തിനൊരുക്കിനിറുത്തിയതിന്റെ ശേഷം ഞാൻ തന്നെ അയോഗ്യൻ എന്ന് പ്രഖ്യാപിക്കപ്പെ ടാനും മാറ്റി നിർത്തപ്പെടാനും ഇടയാകുമോ എന്ന് ഞാൻ ഭയപ്പെടുകയാണ്.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ആവശ്യം ഇവി ടെയാണ് അനുഭവവേദ്യമാകുന്നത്. ഉപവാസത്തോടെ ശരീ രത്തെ പരുവപ്പെടുത്തുകയും പ്രാർത്ഥനയിൽ മുട്ടിൻമേൽ പോരാടുകയും ചെയ്യുന്നവനു മാത്രമേ ഒരു നല്ല ജയജീവി തവും ജയകരവും ഫലപ്രദവുമായ ശുശ്രൂഷയും നിവർത്തി ക്കാൻ സാധിക്കുകയുള്ളൂ.

ജീവിതശുദ്ധി മാത്രമാണ് ജയജീവിതത്തിന്റെ ഉരക്കല്ല്. ജീവിതവിശുദ്ധി മാത്രമാണ് ഫലപ്രദമായ ശുശ്രൂഷയുടെ ഏക നിദാനം. വിശുദ്ധജീവിതത്തിന് ശരീരത്തെ കീഴ്പ്പെടു ത്തുകയും മുട്ടിൻമേൽ പോരാടി പ്രാർത്ഥനാജീവിതത്തിന്റെ സമുന്നതഫലങ്ങൾ നേടുകയും ചെയ്യേണ്ടതാണ്.

നാല്, കഷ്ടങ്ങളാൽ പോരാടുക.

> “എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ചശേഷം
> നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി

> ഭവിച്ചും ആ വക അനുഭവിക്കുന്നവർക്കു കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തു കൊൾവിൻ.” എബ്രായർ 10 : 32 – 33

ക്രിസ്തീയജീവിതത്തിൽ കഷ്ടങ്ങളാലുള്ള പോരാട്ടം അനിവാര്യമാണ്. കഷ്ടതയില്ലാതെ വിശ്വാസജീവിതത്തിൽ ആർക്കും വളരുവാൻ സാദ്ധ്യമല്ല.

പൗലോസ് ശ്ലീഹാ പറയുന്നു :

> “ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ളതൊന്നും ഞാൻ അറിയുന്നില്ല.” അപ്പോ. പ്രവൃത്തികൾ 20 : 23

> “നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു.”
> അപ്പോ. പ്രവൃത്തികൾ 14 : 22

കഷ്ടത വിശ്വാസിയുടെ അവകാശമാണ്. വിശ്വാസിയുടെ പദവിയാണ്.

പക്ഷെ ഒന്നുമാത്രം ശ്രദ്ധിക്കണം. നാം തെറ്റു ചെയ്തിട്ടായിരിക്കരുത്, നമുക്ക് കഷ്ടത വരുന്നത്.

അപ്പോസ്തലനായ പത്രോസ് നമ്മെ പ്രബോധിപ്പിക്കുന്നു :

> “ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ അത് പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ട് അടി കൊള്ളുന്നത്

സഹിച്ചാൽ എന്ത് യശസ്സുള്ളൂ? അല്ല, നൻമ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം.” 1 പത്രോസ് 2 : 19 – 20

“നീതി നിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാൻമാർ.”

1 പത്രോസ് 3 : 14

ക്രിസ്തീയസഭയുടെ ചരിത്രം കഷ്ടതയുടെ ചരിത്രമാണ്. രക്തസാക്ഷികളുടെ രക്തമാണ് സഭയുടെ വളർച്ചയ്ക്കുള്ള വളം. പുതിയ നിയമത്തിലെ ഒന്നാമത്തെ രക്തസാക്ഷിയായ സ്തേഫാനോസിന്റെ മരണം തൽക്കാലം ഒരു പരാജയമെന്ന് തോന്നാം. എന്നാൽ ശൗലിന്റെ മാനസാന്തരത്തിനും തദ്വാരാ യൂറോപ്പിന്റെ സുവിശേഷീകരണത്തിനും ആ ഒരു മരണം മുഖാന്തരമായി.

ഒന്ന്, പാപത്തോട് പോരാടുക.
രണ്ട്, വിശ്വാസത്തിനായി പോരാടുക.
മൂന്ന്, മുട്ടിൻമേൽ പോരാടുക – പ്രാർത്ഥിക്കുക.
നാല്, കഷ്ടങ്ങളാൽ പോരാടുക.

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, ഈ പോരാട്ടജീവിതത്തിൽ തളരാതെ മുന്നോട്ട് പോകാൻ നിനക്ക് ആഗ്രഹമുണ്ടോ? പതറാതെയും തളരാതെയും മുന്നോട്ടോടി ജീവകിരീടം പ്രാപിക്കാൻ നീ കൊതിക്കുന്നുവോ? എങ്കിൽ നിനക്കുവേണ്ടി കഷ്ടതയേറ്റ് ശത്രുവിനോട് പോരാടി വിജയം വരിച്ച ക്രിസ്തുവിന്റെ പാവന പാദത്തിൽ നിന്റെ ഭാവി നീ ഏല്പിക്കൂ. അവനോട് പറയൂ : നാഥാ, ഈ പോരാട്ടജീവിതത്തിൽ വാടിപ്പോകാതെ എന്നെ നയിപ്പാൻ മതിയായവനായ അവിടുത്തെ കരത്തിലേക്ക് ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. ഇന്നു മുതൽ ഞാൻ നിന്റെ വക.

പ്രാർത്ഥിക്കാം. അത്യുന്നത സ്നേഹമേ, നിത്യ പരിശുദ്ധ വാത്സല്യമേ, തന്ന സ്വർഗ്ഗീയദൂതുകൾക്കായി സ്തോത്രം. ദിവ്യ ആലോചനകൾക്കായി സ്തോത്രം. തളരാതെ പോരാടാനുള്ള കൃപതരേണമേ.

# നാല്

“നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.”

എഫെസ്യർ 6 : 12

വിശ്വാസികളോരോരുത്തരും ഒരു യുദ്ധരംഗത്താണ്. ക്രിസ്തുവിനോടു ചേർന്നുനിന്നാൽ നമുക്ക് പിശാചിനെ ജയിക്കാം. അല്ലെങ്കിൽ സാത്താൻ നമ്മെ തോല്പിച്ച് നിത്യാന്ധകാരത്തിലേക്ക് നയിക്കും.

പൗലോസ് അപ്പോസ്തലൻ പറഞ്ഞിട്ടുണ്ട് :

“സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലൊ.”

2 കൊരി. 2 : 11

നമ്മുടെ കർത്താവ് കല്പിച്ചിട്ടുണ്ട് :

“നിങ്ങളോ സൂക്ഷിച്ചുകൊൾവിൻ; ഞാൻ എല്ലാം നിങ്ങളോട് മുൻകൂട്ടി പറഞ്ഞുവല്ലൊ.”
മർക്കോസ് 13 : 23

നമ്മുടെ പോരാട്ടത്തിന്റെ വിവിധ മുഖങ്ങളെക്കുറിച്ച് നാം കഴിഞ്ഞ അദ്ധ്യായത്തിൽ ചിന്തിച്ചുവല്ലൊ.

ഒന്ന് : പാപത്തോടു പോരാടുക.

രണ്ട് : വിശ്വാസത്തിനായി പോരാടുക.

മൂന്ന് : മുട്ടിൻമേൽ പോരാടുക – പ്രാർത്ഥിക്കുക.

നാല് : കഷ്ടങ്ങളാൽ പോരാടുക.

“കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.”
റോമർ 5 : 3 , 4

മലയാളത്തിലെ ഒരു മഹാകവിയായിരുന്ന നാലപ്പാട്ടുനാരായണമേനോൻ വളരെ ഹൃദയസ്പർശിയായ ഒരു വിലാപകാവ്യം രചിച്ചിട്ടുണ്ട്. “കണ്ണുനീർത്തുള്ളി” എന്നാണതിന്റെ പേര്. കഷ്ടതമൂലം ലഭിക്കുന്ന സിദ്ധതയെ വിഭാവനം ചെയ്തുകൊണ്ട് അദ്ദേഹം പാടി :

“ഉരുക്കിടുന്നു മിഴിനീരിലിട്ടു
മുക്കുന്നു മുറ്റും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയേതോ
പണിത്തരത്തിന്നുപയുക്തമാക്കാൻ.

അനന്ത, മജ്ഞാത, മവർണ്ണനീയം

ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു?”

“മനുഷ്യഹൃദയമാകുന്ന സ്വർണ്ണക്കട്ടയെ സർവ്വേശ്വരനാകുന്ന വിശ്വശില്പി ഉരുക്കി കണ്ണുനീരിൽ മുക്കുന്നു. ഏതോ നല്ല ഒരാഭരണം പണിയുന്നതിനുവേണ്ടിയാണ് ജഗന്നിയന്താവ് അപ്രകാരം ചെയ്യുന്നത്. ഈ ലോകത്തിന്റെ ഗതിവിഗതികൾ അന്തമറ്റതാണ്, അജ്ഞാതമാണ്, ആർക്കും വർണ്ണിക്കാനാവാത്തതുമാണ്. അതിന്റെ ഒരിടത്തിരുന്നു നോക്കുന്ന മനുഷ്യൻ എത്ര അല്പനും നിസ്സാരനുമാണ്! അവൻ ഒന്നും ഗ്രഹിക്കുന്നില്ലല്ലൊ.”

ദുരിതങ്ങളും യാതനകളും എല്ക്കുമ്പോൾ ‘എനിക്കെന്താണ് അടിയ്ക്കടി ഇങ്ങനെ കഷ്ടത വരുന്നത്’ എന്ന് നാം ചിന്തിച്ചുപോകും. എന്നാൽ എല്ലാം നൻമയ്ക്കായി രൂപാന്തരപ്പെടുത്താൻ നമ്മുടെ കാരുണ്യവാനായ കർത്താവിന് കഴിയും.

ഒരു സംഭവം കേട്ടിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധം നടക്കുന്നകാലം. ഒരാൾ തന്റെ വരുമാനത്തിന്റെ നല്ല ഒരംശം ദൈവവേലയ്ക്കുവേണ്ടി ഒരു കൂട്ടായ്മയിലേയ്ക്ക് അയച്ചുകൊടുത്തുകൊണ്ടിരുന്നിരുന്നു. യുദ്ധം നല്ലതുപോലെ നടക്കുന്ന കാലത്ത് കുറച്ചു രൂപ മാത്രം അയച്ചിട്ട് അദ്ദേഹം എഴുതി : “പതിവുപോലെ അയയ്ക്കാൻ കഴിയുന്നില്ല. യുദ്ധത്തിന്റെ കെടുതിമൂലം വലിയക്ഷാമവും വിലക്കയററവുമാണ്. ബോംബിംഗ് മൂലം കൃഷിനാശം ഉണ്ടായിട്ടുണ്ട്. നിങ്ങൾ എന്റെ സ്ഥലങ്ങളിൽ യുദ്ധത്തിന്റെ കെടുതികളേല്ക്കാതിരിക്കാൻ പ്രാർത്ഥിക്കണം.”

അവർ മറുപടി എഴുതി : “നിങ്ങൾ ആവശ്യപ്പെട്ടതുപോലെ

പ്രാർത്ഥിക്കുകയില്ല. ദൈവേഷ്ടം നിങ്ങളിൽ നിറവേറ്റുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.”

ഈ മറുപടി അദ്ദേഹത്തെ മുഷിപ്പിച്ചു.

അതിനടുത്തദിവസം ജർമ്മനിയുടെ ഒരു റോക്കറ്റു വന്ന് അയാളുടെ കൃഷിനിലത്തു പതിച്ചു. അവിടെ വലിയ ഒരു വിള്ളൽ ഉണ്ടായി. ഒരു വലിയ കുഴി ഉണ്ടായി. അതിൽ സമൃദ്ധിയായി വെള്ളം ഉറന്നുവരാൻ തുടങ്ങി.

അയാളുടെയും ചുറ്റുപാടുള്ളവരുടെയും നിലങ്ങൾക്ക് ആവശ്യമായ വെള്ളം ആ ഉറവയിൽനിന്നുണ്ടായി. സമൃദ്ധിയായ ജലം. കൃഷി അഭിവൃദ്ധിപ്പെട്ടു. വരുമാനം വളരെ വർദ്ധിച്ചു.

റോക്കറ്റ് വന്ന് കൃഷിനിലത്ത് വീണത് ഒരു വലിയ കെടുതിയെന്നാണ് കരുതിയത്. ആ വിപത്ത് ദൈവം നൻമയ്ക്കാക്കിത്തീർത്തു.

കഷ്ടതകൾ വരുന്നത് വേദനാജനകം തന്നെ. പക്ഷേ അവ മൂലം നൻമകൾ, ആത്യന്തികനൻമകൾ നമുക്ക് നൽകാൻ ജീവനുള്ള ദൈവത്തിന് കഴിയും!

അഞ്ച്, ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ.

> “ഒരുത്തൻ അവനോട്, കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്നു ചോദിച്ചതിന് അവനോടു പറഞ്ഞത്, ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും, കഴികയില്ലതാനും എന്ന് ഞാൻ നിങ്ങളോടു പറയുന്നു.” ലൂക്കോസ് 13 : 23 – 24

ഗിരിപ്രഭാഷണത്തിൽ കർത്താവ് അരുളിച്ചെയ്തു :

"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്. അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ."

മത്തായി 7 : 13– 14

നിത്യജീവനിലേക്കു പോകുന്ന വാതിൽ ഇടുക്കമുള്ളതാണ്. ആ വാതിൽ ഒന്നു തിരിച്ചറിയാൻ സാധിക്കുന്നതുതന്നെ ഒരത്ഭുതമാണ്. ആ വാതിൽ കണ്ടെത്തുന്നവർ ചുരുക്കമാണ്.

ആ ഇടുങ്ങിയ വാതിൽ കണ്ടെത്തുന്ന ചുരുക്കം ആളുകൾ പോലും എല്ലാവരും, ആ വാതിലിൽകൂടെ അകത്തു കടക്കുന്നില്ല.

അവർ കടക്കാൻ ആഗ്രഹമുള്ളവരാണ്. അകത്തു കടക്കാൻ പരിശ്രമിക്കുന്നവരാണ്. എന്നാൽ പലർക്കും അകത്ത് പ്രവേശിക്കാൻ സാധിക്കയില്ല എന്നത്രേ കർത്താവ് പറയുന്നത്.

ഉള്ളിൽ കടക്കാൻ, നിത്യജീവനിൽ പ്രവേശിക്കാൻ, വലിയ പോരാട്ടം ആവശ്യമാണ്. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത് :

"ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ; പലരും കടപ്പാൻ നോക്കും; കഴിയുകയില്ലതാനും."

പൂർവ്വികരായ പുണ്യപിതാക്കൾ ഇക്കാര്യം വ്യക്തമായി ഗ്രഹിച്ചതുകൊണ്ട് ഇപ്രകാരം പാടി :

"രാജ്യത്തിൻ വാതിൽ –

ചെറിയതുമാ മാർഗ്ഗം - വീതികുറഞ്ഞതുമാ-
ണാവഴി ഗമനം കാംക്ഷിപ്പോ-
നത്യുത്സാഹമവശ്യം താൻ;
അലസത ലേശം ബാധിച്ചാൽ
അശുഭവഴിക്ക് വശംവദനായ്
സ്വാത്മത്തെ സ്വയമേ നിഹനിക്കും."

സ്വന്തമാത്മാവിനെ തന്നത്താൻ കൊല്ലും; അഥവാ ആത്മാവ് മരിക്കും. ലേശം അലസത വന്നാൽ മതി, അശുഭ വഴിയിലേക്ക് വ്യതി ചലിച്ചുപോകും. അരുതാത്ത വഴി, വ്യസനത്തിനുള്ള വഴി, ദുർമ്മാർഗ്ഗം - അതിലേക്ക് വ്യതിചലിച്ച് പോകുകയും തൻമൂലം ആത്മാവ് ദൈവത്തോടുള്ള ബന്ധം വിട്ടുപോവുകയും ചെയ്യും.

"ദൈവമേ, എന്നെ ശോധനചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ, എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ, വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ."

സങ്കീ. 139 : 23 - 24

ഇടുക്കുവാതിലിലൂടെ കടപ്പാനുള്ള പോരാട്ടത്തിൽ വളരെക്കാലം പരാജയപ്പെട്ട്, തകർന്ന്, നിരാശയിലാണ്ടുകിടന്ന ഒരാളാണ് യാക്കോബായ സഭയിലെ ഏറ്റവും സീനിയർ വൈദികനായ ബഹു. ചാന്ത്യത്തിലച്ചന്റെ ഇളയ മകൻ ഡോ. റെജി മാത്യു. ഈ യൗവനക്കരന്റെ അനുഭവം നമുക്ക് ഇപ്പോൾ ഒന്ന് ചോദിച്ചറിയാം :

ഡോ. റെജിയുടെ ജീവിതത്തിൽ നിരാശയും ഭയവും വ്യാപരിക്കാനുണ്ടായ കാരണം എന്താണ് ?

ഞാൻ ചെറുപ്പം മുതൽ പള്ളിയാരാധനയിലും സണ്ടേ

സ്കൂൾ യുവജനസമാജം, കുടുംബപ്രാർത്ഥന, പ്രാർത്ഥനാ യോഗങ്ങൾ മുതലായവയിൽ മുഴുകിക്കഴിഞ്ഞിരുന്നു. എന്നാൽ എന്റെ രഹസ്യജീവിതം പൂർണ്ണവിശുദ്ധിയിൽ കാക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. എന്റെ ചിന്തകളിലും മോഹങ്ങളിലും എനിക്ക് നിയന്ത്രണമില്ലാതെ ഞാൻ വലഞ്ഞിരുന്നു.

വിശുദ്ധൻമാർക്കുള്ളതാണ് ദൈവരാജ്യം എന്ന് വചനം കേൾക്കുമ്പോൾ ഞാൻ തീരുമാനങ്ങളെടുക്കുമെങ്കിലും എനിക്ക് ആ തീരുമാനങ്ങളിൽ ഉറച്ചുനില്ക്കാൻ കഴിഞ്ഞിരുന്നില്ല. തൻമൂലം കടുത്ത നിരാശയും മ്ലാനതയും എന്നെ ബാധിച്ചു. ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ആരോടുംതന്നെ മിണ്ടാതെ മിക്കവാറും മൂകനായി ആകുലപ്പെട്ടുനടന്നിരുന്നു. പഠിത്തത്തിൽപോലും ഏകാഗ്രതയോടെ ശ്രദ്ധിക്കാൻ പറ്റാത്ത ഒരവസ്ഥയിലായിരുന്നു ഞാൻ.

ഈ അവസ്ഥ മാറിയതെങ്ങനെയാണ് ?

എന്റെ കൊച്ചേട്ടൻ, പ്രൊഫ. സി.എം. മാത്യു എന്നെ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലേക്ക് നിർബ്ബന്ധമായി കൂട്ടിക്കൊണ്ടുവന്നു. ഞാൻ സ്വയമായി അദ്ധ്വാനിച്ചാൽ തോൽക്കുകയേ ഉള്ളുവെന്നും ശത്രുവിനോടു യുദ്ധം ചെയ്യുവാൻ ക്രിസ്തുവിനെ മുൻനിറുത്തണമെന്നുമുള്ള തിരുവചനം കേട്ടപ്പോൾ അത്ഭുതകരമായ ഒരു മാറ്റം എന്നിലുണ്ടായി.

എന്റെ സ്വന്തപരിശ്രമവും പ്രയത്നവുംകൊണ്ട് ഞാൻ ശത്രുവിനോട് പോരാടുകയായിരുന്നു. യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം, ശത്രുവിനെ പരാജയപ്പെടുത്തിയ പുണ്യാഹരക്തമാണെന്നും ആ ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം വാതിൽപ്പടിമേലും കുറുമ്പടിമേലും പുരട്ടിയാൽ സംഹാരദൂ

തൻ അടുക്കുകയില്ലെന്നും ഉള്ള വചനം കേട്ടതോടെ ഒരു പുതിയ വെളിവ് എന്റെ ഹൃദയത്തിൽ വന്നു. ദൈവത്തിന്റെ പരമശക്തിയിലുള്ള വിശ്വാസത്താൽ ഇക്കാര്യം അനുഭവമാക്കാമെന്ന് ഞാനവിടെ കേട്ടു. അപ്പോൾ മുതൽ ആ ഭയത്തിന്റെയും നിരാശയുടെയും വ്യാപാരം എന്നെ വിട്ടുമാറി. ഒരു പുതിയ പ്രത്യാശയും ധൈര്യവും എനിക്ക് ലഭിച്ചു.

ഇപ്പോഴത്തെ അനുഭവമെന്താണ്?

ജയജീവിതം എനിക്കു മാത്രം ഒരിക്കലും കിട്ടുകയില്ലെന്ന് അനേകനാളുകൾ നിരാശയിൽ പിശാച് എന്നെ കെട്ടിയിട്ടിരിക്കുകയായിരുന്നു. ഇപ്പോൾ ഞാൻ ദൈവത്തെ സ്തുതിച്ചുകൊണ്ട് പറയട്ടെ, ഒരു യൗവനക്കാരന് ലഭിക്കും ജയജീവിതം. ചിന്തകളുടെ മേലും ദുഷ്പരിചയങ്ങളുടെമേലും ജയം പ്രാപിക്കാം, കൂടിയേ കഴിയൂ എന്ന ആവശ്യബോധവും ദൈവാത്മാവ് സാധിച്ചുതരും എന്ന വിശ്വാസവും ഉണ്ടെങ്കിൽ. ആ ആവശ്യബോധവും വിശ്വാസവും കർത്താവ് തന്നു. ഇന്ന് ഭയം എന്നെ അലട്ടുന്നില്ല; നിരാശ എന്നെ തൊടുന്നില്ല. പൂർണ്ണ പ്രസന്നതയോടെ ഞാൻ ഇന്ന് കർത്താവിനെ സ്തുതിച്ച്, പാടി, കീർത്തനം ചെയ്ത്, ദൈവവേലയിൽ പങ്കാളിയായി നില്ക്കുന്നു.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സംഗീത വിഭാഗമായ 'അമൃതധാര' യിലെ ഗായകനാണ് ഡോ. റെജി മാത്യു. ഈ യുവാവ് പോരാട്ട ജീവിതത്തിൽ ജയത്തിന്റെയും പ്രത്യാശയുടെയും പാതയിൽ എത്തിയത് ദൈവത്തിന്റെ അത്ഭുത കൃപയാലാണ്.

> "ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും; യൗവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും,

അവർ കഴുകൻമാരെപ്പോലെ ചിറകടിച്ച് കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും."

യെശയ്യാ 40 : 30 – 31

പ്രിയ സ്നേഹിതാ, ഈ പോരാട്ടജീവിതത്തിൽ ജയം നേടാൻ നിനക്കാഗ്രഹമുണ്ടോ? ശത്രുവിന്റെ തല തകർത്തവൻ നിന്നോടു കൂടെയിരിക്കും.

"അവൻ യുദ്ധത്തിന് എന്റെ കൈകളെയും പോരിന്ന് എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു" എന്ന് സങ്കീർത്തനക്കാരോടൊപ്പം പറയാൻ നിന്റെ ഹൃദയം കൊതിക്കുന്നുവോ? (സങ്കീ. 144 : 1)

എങ്കിൽ ഗോഗുൽത്തായിലെ കുരിശിൽ പാമ്പിന്റെ തല ചതച്ച ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിന്റെ ജീവിതം വിട്ടുകൊടുക്കുക : അവനോടു പറയുക : യേശുവേ, ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിച്ച് ഒരു പുതിയ മനുഷ്യനായി ജീവിക്കും.

പ്രാർത്ഥിക്കാം. അത്യുന്നതനേ, മഹാപരിശുദ്ധനേ, നിന്റെ കരുത്തുറ്റ കൈകളിൽനിന്ന് എന്നെ പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ലാത്തതിനാൽ സ്തോത്രം. ജയത്തോടെ നടത്തണമേ. നേർന്നിലത്തിൽ നയിക്കണമേ.

## അഞ്ച്

"യഹൂദയുടെ പാപം ഇരുമ്പെഴുത്താണി കൊണ്ടും വജ്രത്തിന്റെ മുനക്കൊണ്ടും എഴുതി വെച്ചിരിക്കുന്നു; അത് അവരുടെ ഹൃദയത്തിന്റെ പലകയിലും നിങ്ങളുടെ ബലിപീഠത്തിന്റെ കൊമ്പു കളിലും കൊത്തിയിരിക്കുന്നു."

യിരമ്യാവ് 17 : 1

കരയുന്ന പ്രവാചകനായിരുന്നു യിരമ്യാവ്. ദൈവജനത്തിന് വരുന്ന ശിക്ഷയേയും ദുരിതത്തേയും മുൻകണ്ട് യിരമ്യാവ് കരഞ്ഞുകൊണ്ട് പ്രവചിച്ചു. ദൈവജനത്തിന്റെ അകൃത്യം കൊണ്ടും ദോഷവഴികൾകൊണ്ടും ശത്രു അവരെ ആക്രമി ക്കുന്നതും ദൈവപുരുഷൻ മുൻകൂട്ടി കണ്ടു. അതിവേഗം അനുതപിക്കുകയും ദൈവവഴികളിലേക്ക് തിരിയുകയും ചെയ്യു വിൻ എന്ന് യിരമ്യാവ് ജനത്തെ പ്രബോധിപ്പിച്ചു.

"വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങിവരിക. യിര

മ്യാവ് 3 : 12. “നിന്റെ അകൃത്യം സമ്മതിക്കമാത്രം ചെയ്ക” എന്ന് പ്രവാചകൻ യഹൂദ ജാതിയേയും യിസ്രായേൽ വംശത്തേയും ആഹ്വാനം ചെയ്തു.

യഹൂദയുടെ പാപം ഇരുമ്പെഴുത്താണികൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും എഴുതിവെച്ചിരിക്കുകയാണ്. അത് മാഞ്ഞു പോകാതവണ്ണം എഴുതിവെച്ചിരിക്കുകയാണ്.

എവിടെയെല്ലാമാണ് പാപം എഴുതിവെച്ചിരിക്കുന്നത് ?

ഒന്ന് : അവരുടെ ഹൃദയത്തിൽ പാപം എഴുതിവെച്ചിരിക്കുന്നു.

മനുഷ്യൻ പാപം ചെയ്യുമ്പോൾ അത് ഒരിക്കലും മാഞ്ഞു പോകാത്തവിധം ഹൃദയത്തിൽ അത് രേഖപ്പെടുത്തുകയാണ്. അതുകൊണ്ടാണ് “എന്റെ പാപം രാവും പകലും എന്നെ ബാധിക്കുന്നു” എന്ന് ദാവീദ് അതിദു:ഖത്തോടെ കരയുന്നത്.

"O Loving and kind God, have mercy. Have pity upon me. And take away the awful stains of my transgressions. O, wash me, cleanse me from this guilt. Let me be pure again. For I admit my shameful deed - it haunts me day and night."

സ്നേഹവാനും ദയവാനുമായ ദൈവമേ, എന്നോട് കരുണ ചെയ്യണമേ. എന്റെ ലംഘനങ്ങളുടെ ഭയാനകമായ കറകൾ എന്നിൽനിന്ന് മായിച്ചുകളയണമേ. എന്നെ കഴുകി വെടിപ്പാക്കണമേ. ഈ പാതകത്തിൽനിന്ന് എന്നെ വെടിപ്പാക്കണമേ. ഞാൻ വീണ്ടും ശുദ്ധീകരിക്കപ്പെടണമേ. എന്റെ ലജ്ജാകരമായ പാപപ്രവൃത്തികൾ സമ്മതിച്ചു ഏറ്റുപറയുന്നു. അത് എന്നെ രാവും പകലും ആവേശിച്ചുകൊണ്ടിരിക്കുകയാണ്.

ഹൃദയത്തിൽ പാപം എഴുതപ്പെട്ടു കിടന്നാൽ മനസ്സാക്ഷിയിൽ കുത്തുണ്ടാകും. തൻമൂലം മാനസികമായ അസ്വ

സ്ഥത ജീവിതം മുഴുവൻ ബാധിക്കും.

'മക്ബത്ത്' പ്രസിദ്ധമായ ഒരു നാടകമാണ്. രാജാവാകാൻ ആഗ്രഹിച്ച് മക്ബത്ത് ഡങ്കനെ കൊന്നു. കൊലയ്ക്ക് പ്രേരിപ്പിച്ചതും കെണികൾ ഒരുക്കിയതും ലേഡി മക്ബത്താണ്.

മക്ബത്ത് രാജാവായി. ലേഡി മക്ബത്ത് രാജ്ഞിയായി. പക്ഷേ കൊലപാതകം ചെയ്തുപോയല്ലോ എന്ന കുറ്റബോധം വളരെ തീവ്രമായി അവരെ ബാധിച്ചു.

ലേഡി മക്ബത്തിന്റെ ചിന്ത എപ്പോഴും കൈയിൽ ചോര മണക്കുന്നു എന്നാണ്. സുഗന്ധലേപനങ്ങൾക്കൊന്നും കരങ്ങളിലെ ചോരയുടെ ദുർഗന്ധം മാറ്റാൻ കഴിയുന്നില്ല എന്ന് ലേഡി മക്ബത്ത് കരയുന്നുണ്ട്. ലേഡി മക്ബത്ത് പറയുന്നതായി ഷേക്സ്പിയർ പറയുന്നു :

"All the Perfumes of Arabia will not sweeten my little hand.

“മക്ബത്തിന്റെ കാര്യം ഇതിലും കഷ്ടമാണ്. കൈയിൽ ചോരക്കറയുണ്ടെന്നാണ് അദ്ദേഹത്തിന്റെ ധാരണ. എത്ര കഴുകിയിട്ടും ചോരക്കറ മാറുന്നില്ല എന്നദ്ദേഹം പ്രലപിക്കുകയാണ്.

"All the Neptuneís oceans cannot cleanse the blood stains from my hands."

പ്രിയ സഹോദരാ, സഹോദരീ നിന്റെ പാപംമൂലം മനസ്സിലേറ്റ ആഘാതത്തിൽനിന്ന് മോചനം കിട്ടാനാകാതെ നീ വലയുകയാണോ? “അയ്യോ, അതു വേണ്ടായിരുന്നു” , “അയ്യോ, ഞാൻ എന്തിനങ്ങനെ ചെയ്തുപോയി“ എന്ന് പറഞ്ഞു നീ വിലപിച്ചുകൊണ്ടിരിക്കുകയാണോ? അടിയ്ക്കടി നിരാശയിൽനിന്ന് നിരാശയിലേക്കും അസ്വസ്ഥതയിൽനിന്നും അസ്വസ്ഥതയിലേക്കും നീ നീങ്ങിക്കൊണ്ടിരിക്കുകയാണോ ?

എങ്കിൽ, നിന്റെ ഹൃദയത്തിൽ മായാതെ കിടക്കുന്ന പാപത്തെ മായ്ക്കുവാൻ യേശുക്രിസ്തുവിന്റെ ഒരു തുള്ളി രക്തത്തിനു കഴിയും. ക്രിസ്തുവിന്റെ രക്തത്തിൽ നീ ആശ്രയിക്കൂ. ക്രിസ്തുവിനെ നിന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കൂ.

രണ്ടാമതായി, പാപം എഴുതിവെച്ചിരിക്കുന്നത് ബലിപീഠത്തിന്റെ കൊമ്പിലാണ്.

യിസ്രായേൽ ജനത്തോട് ദൈവം കല്പിച്ചതനുസരിച്ച് അവർ സമാഗമനകൂടാരം ഉണ്ടാക്കി. തിരുനിവാസത്തിൽ അവർ യാഗപീഠം ഉണ്ടാക്കി. ദൈവം മോശയോടു കല്പിച്ചു.

> "അഞ്ചു മുഴം നീളവും അഞ്ചു മുഴം വീതിയുമായി ഖദിരമരം കൊണ്ട് യാഗപീഠം ഉണ്ടാക്കേണം; യാഗപീഠം സമചതുരവും മൂന്നു മുഴം ഉയരവും ആയിരിക്കേണം. അതിന്റെ നാലു കോണിലും കൊമ്പുണ്ടാക്കേണം; കൊമ്പ് അതിൽനിന്നുതന്നേ ആയിരിക്കേണം."
>
> പുറപ്പാട് 27 : 1 - 2

യാഗമായി അർപ്പിക്കുന്ന കാളയുടെയോ കോലാട്ടുകൊറ്റന്റെയോ രക്തം യാഗപീഠത്തിന്റെ കൊമ്പിൽ പുരട്ടേണം എന്നത് ദൈവം നൽകിയ കല്പനയായിരുന്നു.

> "സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ യഹോവയുടെ മുമ്പാകെ കാളയെ അറുക്കേണം. കാളയുടെ രക്തം കുറെ എടുത്ത് നിന്റെ വിരൽകൊണ്ട് യാഗപീഠത്തിന്റെ കൊമ്പുകളിൻമേൽ പുരട്ടി ശേഷമുള്ള രക്തം ഒക്കെയും

യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കേണം.”
പുറപ്പാട് 29 : 11 - 12

ക്രിസ്തുവിന്റെ പരമയാഗത്തിന്റെ മുൻകുറിയായിരുന്നു പഴയ നിയമകാലത്തെ യാഗങ്ങൾ. ആട്ടുകൊറ്റന്റെയോ കാള യുടെയോ രക്തം യാഗപീഠത്തിന്റെ കൊമ്പിൽ പുരട്ടുന്നത് ക്രിസ്തുവിന്റെ പ്രായശ്ചിത്ത രക്തത്തിന്റെ നിഴലായിരുന്നു. ഏതു പാപിയും രക്ഷനേടുവാൻ യാഗപീഠത്തിന്റെ ചുവട്ടി ലെത്തി യാഗപീഠത്തിന്റെ കൊമ്പിൽ പിടിച്ചാൽ അവന് മര ണത്തിൽനിന്ന് രക്ഷപ്പെടാം എന്നൊരു മഹാഭാഗ്യമാണ് ക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്രയിക്കുന്ന ഏതു പാപിക്കും നിത്യശിക്ഷയിൽനിന്ന് മോചനം നേടാം എന്ന തിന്റെ മുൻകുറി.

യാഗപീഠത്തിന്റെ കൊമ്പിൽ യഹൂദയുടെ പാപം ഇരുമ്പെ ഴുത്താണികൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും എഴുതി വെ ച്ചിരിക്കുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള തിരുനിവാസ ത്തിലെ യാഗപീഠത്തിന്റെ കൊമ്പിൽ പാപം എഴുതിവെച്ചിരി ക്കുന്നു എന്നത് ദൈവസന്നിധിയിൽ മനുഷ്യന്റെ പാപം രേഖപ്പെടുത്തിയിരിക്കുന്നു എന്നതിനെ കാണിക്കുന്നു.

ദൈവസന്നിധിയിൽ എഴുതപ്പെട്ട പാപം മാഞ്ഞുപോകുന്നി ല്ലെങ്കിൽ നിത്യശിക്ഷ ലഭിക്കുമല്ലൊ. പാപക്ഷമ കിട്ടുന്നില്ലെ ങ്കിൽ അതെത്രയോ ഭയാനകമായ അവസ്ഥയാണ് !

ദാവീദ് അനുതാപത്തോടും ഹൃദയനുറുക്കത്തോടുംകൂടി പ്രാർത്ഥിച്ചല്ലൊ :

“ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോട് കൃപയുണ്ടാകേണമേ. നിന്റെ കരുണ യുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ

> മായിച്ചുകളയേണമേ. എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ.... ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന് എന്നെ കഴുകേണമേ. എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ...."
>
> സങ്കീ. 51 : 1 – 9

ദാവീദിന് പാപം ക്ഷമിച്ചുകിട്ടി. അപ്പോൾ പാടുന്ന സങ്കീർത്തനമാണ് 32–ാം സങ്കീർത്തനം.

"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."

Living Bible പറയുന്നു :

> "What happiness for those whose guilt has been forgiven! What joys when sins are covered over! What relief for those who have confessed their sins and God has cleared their record." PS. 32 : 1 - 2
>
> There was a time when I wouldnít admit what a sinner I was! But my dishonesty made me miserable and filled my days with frustration. All day and all night your hand was heavy on me. My strength evaporated like water on a sunny day until I finally admitted all my sins to you and stopped trying to hide them. I said to myself, "I will confess them to the Lord." And you forgave me! All my guilt is gone. Psalms 32 : 3 - 5

"തങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുകിട്ടിയവർ എന്തു ഭാഗ്യശാലികളാണ്. അകൃത്യങ്ങൾ മറയ്ക്കപ്പെടുമ്പോൾ എന്തൊരു സന്തോഷം! തങ്ങളുടെ പാപം ഏറ്റുപറയുകയും ദൈവം അവരുടെ ജീവിതത്തെ വെടിപ്പാക്കുകയും ചെയ്തവർക്ക് എന്തൊരാശ്വാസം!" ദാവീദ് പറയുകയാണ്.

ഞാൻ എന്തൊരു മഹാപാപി എന്ന് ഞാൻ സമ്മതിക്കാത്ത ഒരു കാലം എനിക്കുണ്ടായിരുന്നു. എന്നാൽ എന്റെ ആ സത്യസന്ധതയില്ലായ്മ എന്നെ വലിയ അരിഷ്ടതയിലാക്കുകയും എന്റെ ദിവസങ്ങളെ നൈരാശ്യം കൊണ്ട് നിറയ്ക്കുകയും ചെയ്തു. പകലും രാവും നിന്റെ കൈ എനിക്ക് കനത്ത ഭാരമായിരുന്നു. ഞാനൊടുവിൽ എന്റെ എല്ലാ പാപങ്ങളും സമ്മതിക്കുകയും അവ ഒളിച്ചുവയ്ക്കുകയില്ലെന്ന് ഉറയ്ക്കുകയും ചെയ്തു. ഞാൻ സ്വയം ഒരു തീരുമാനമെടുത്തു – “ഞാൻ അവയെ കർത്താവിനോട് ഏറ്റുപറയും.” അപ്പോൾ നീ എനിക്കു ക്ഷമിച്ചുതന്നു. എന്റെ സകലപാപങ്ങളും മാഞ്ഞുപോയി.

യാഗപീഠത്തിന്റെ കൊമ്പിൽ കൊത്തിവെച്ചിരിക്കുന്ന പാപം മാഞ്ഞുപോകുന്നതെങ്ങനെ?

ലേവ്യപുസ്തകം നാലാം അദ്ധ്യായത്തിൽ 1 മുതൽ 7 വരെയും 13 മുതൽ 18 വരെയും 22 മുതൽ 25 വരെയും 27 മുതൽ 30 വരെയും 32 മുതൽ 34 വരെയും യാഗപീഠത്തിന്റെ കൊമ്പുകളിൽ യാഗമൃഗത്തെ അറുത്ത് രക്തം പുരട്ടുന്നതിനെപ്പറ്റി പറഞ്ഞിരിക്കുന്നു. ഇതിനെ സംബന്ധിച്ച് എബ്രായ ലേഖനത്തിൽ അപ്പോസ്തലൻ പറയുന്നു :

> “ക്രിസ്തുവോ വരുവാനുള്ള നൻമകളുടെ മഹാപുരോഹിതനായി വന്നിട്ട്: കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽക്കൂടി ആട്ടുകൊറ്റൻമാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേയ്ക്കുമുള്ളോരു വീണ്ടെടുപ്പ് സാധി

> ച്ചു. ആട്ടുകൊറ്റൻമാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശു ഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?..... ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു, രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല." എബ്രായർ 9 : 11 - 22

പാപം ഹൃദയത്തിൽ എഴുതിയിരിക്കുന്നു. പാപം യാഗപീഠത്തിന്റെ കൊമ്പിൽ എഴുതിയിരിക്കുന്നു. മാന്യ സ്നേഹിതാ, നിന്റെ പാപം മാഞ്ഞുകിട്ടാൻ ആഗ്രഹിക്കുന്നുവോ? പാപത്തിന്റെ മുറിവുകളും പോറലുകളും നിന്റെ ജീവിതത്തിൽനിന്ന് എന്നെന്നേയ്ക്കുമായി മാഞ്ഞുപോകാൻ നീ ആഗ്രഹിക്കുന്നവോ?

എങ്കിൽ ക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിൽ നിന്റെ ജീവിതം നീ സമർപ്പിക്കുക. പാപ മലീമസമായ നിന്റെ ജീവിതം പാപത്തോടു യാത്ര പറഞ്ഞ്, പാപത്തെ വെറുത്തുപേക്ഷിച്ച് ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ സമർപ്പിക്കുക. ക്രിസ്തുവിന്റെ രക്തം നിന്റെമേൽ തളിക്കും. ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ മുദ്ര നിനക്കു തരും. നാളതുവരെ നീ അനുഭവിക്കാത്ത സൗഭാഗ്യം നിനക്കു ലഭിക്കും. അവർണ്ണനീയമായ ഒരു ശാന്തിയും ആശ്വാസവും നിന്റെ ഹൃദയത്തിൽ നിറയും.

എങ്കിൽ നീ ക്രിസ്തുവിനോടു പറയൂ : "നാഥാ, ഇന്നു

വരെ എണ്ണിയാൽ തീരാത്ത പാപങ്ങളുടെ അടിമയായി ഞാൻ ജീവിച്ചുപോയി. ഇന്ന് ഞാൻ എനിക്കുവേണ്ടി തകർക്കപ്പെട്ട കരങ്ങളിലേക്ക് എന്നെ ഏല്പിക്കുന്നു. ഇന്നു മുതൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കുമെന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു."

പ്രാർത്ഥിക്കാം. കാരുണ്യവാനായ ദൈവമേ, അവിടുത്തെ ജീവദായകനായ വചനങ്ങൾക്കായി സ്തോത്രം. പാപമോചനത്തിന്റെ സൗഖ്യവും സന്തോഷവും നൽകുന്നതിനാൽ സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

## ആറ്

"യഹൂദയുടെ പാപം ഇരുമ്പെഴുത്താണി കൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും എഴുതിവെച്ചിരിക്കുന്നു; അത് അവരുടെ ഹൃദയത്തിന്റെ പലകയിലും നിങ്ങളുടെ ബലിപീഠത്തിന്റെ കൊമ്പുകളിലും കൊത്തിയിരിക്കുന്നു." യിരമ്യാവ് 17 : 1

ദൈവജനത്തിന്റെ പാപം മാഞ്ഞുപോകാത്തവിധം എഴുതിവെച്ചിരിക്കുകയാണ്. ദൈവം എഴുതിവെച്ചിരിക്കുകയാണ്.

ഒന്ന് : ഹൃദയത്തിൽ എഴുതിവെച്ചിരിക്കുന്നു.

രണ്ട് : ബലിപീഠത്തിന്റെ കൊമ്പിൽ കൊത്തിവെച്ചിരിക്കുന്നു.

മൂന്ന് : ചുവരിൽ എഴുതിവെച്ചിരിക്കുന്നു.

"തൽക്ഷണം ഒരു മനുഷ്യന്റെ കൈവിരലുകൾ പുറപ്പെട്ടു. വിളക്കിന്നു നേരെ രാജധാനിയുടെ ചുവരിന്റെ വെള്ളമേൽ എഴുതി; എഴുതിയ കൈപ്പത്തി രാജാവു കണ്ടു. ഉടനെ രാജാവിന്റെ മുഖഭാവം മാറി; അവൻ വിചാരങ്ങളാൽ പരവശനായി: അരയുടെ ഏപ്പ് അഴിഞ്ഞു കാൽമുട്ടുകൾ ആടിപ്പോയി." ദാനിയേൽ 5 : 5- 6

ബേൽശസ്സർ ബാബിലോണിയായിൽ നെബൂഖദ്നേസറിനുശേഷം വാണ രാജാവാണ്. രാജാവ് ഒരു വലിയ വിരുന്ന് കഴിക്കുകയാണ്. രാജാവിന്റെ മഹത്തുക്കളും ഭാര്യമാരും വെപ്പാട്ടികളും എല്ലാം വിരുന്നിൽ തിന്ന്, കുടിച്ച്, മദിച്ച്, മേളിച്ച് കൂത്താടുകയാണ്.

നെബൂഖദ്നേസർ യരൂശലേം ദേവാലയത്തിൽനിന്ന് കവർച്ച ചെയ്തുകൊണ്ടുപോന്ന പൊൻവെള്ളിപ്പാത്രങ്ങളിൽ രാജാവും സദസ്യരുമെല്ലാം വീഞ്ഞുകുടിച്ചു മദിക്കുകയാണ്. പൊന്നും വെള്ളിയും താമ്രവും ഇരുമ്പും മരവും കല്ലുംകൊണ്ടുള്ള ദേവൻമാരെ സ്തുതിക്കുകയാണ്.

തൽക്ഷണം ചുവരിൽ ഒരു കൈപ്പത്തി പ്രത്യക്ഷമായി. കൈവിരലുകൾ ചുവരിൽ എന്തോ ചില വാക്കുകൾ എഴുതി, എഴുതിയ കൈപ്പത്തിയും ആ വാക്കുകളും തെളിഞ്ഞു തിളങ്ങി ചുവരിൽത്തന്നേ നില്ക്കുകയാണ്.

ആ വാക്കുകൾ വായിപ്പാനോ അർത്ഥം പറവാനോ ആർക്കും കഴിഞ്ഞില്ല. വിദ്വാൻമാരും ജ്ഞാനികളും പണ്ഡിതൻമാരുമെല്ലാം നോക്കി. ആർക്കും കഴിഞ്ഞില്ല.

അപ്പോൾ രാജ്ഞി പറഞ്ഞു : വിശുദ്ധ ദേവൻമാരുടെ

ആത്മാവുള്ള ഒരു പുരുഷൻ ഈ രാജ്യത്തുണ്ട്. ദാനിയേൽ എന്നാണ് അവന്റെ പേര്. അവന് ഉൽകൃഷ്ടമനസ്സും അറിവും ബുദ്ധിയും സ്വപ്നവ്യാഖ്യാനശക്തിയും ഉണ്ട്. അവൻ വന്നാൽ ഇത് വായിച്ച് അർത്ഥം പറയും.

ദാനിയേൽ അത് വായിച്ചു. ആ ചുവരെഴുത്തിന്റെ അർത്ഥം രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം ദാനിയേലിന് മനസ്സിലാക്കിക്കൊടുത്തു.

ദാനിയേൽ പറഞ്ഞു :

> "തിരുമേനിയുടെ ഹൃദയത്തെ താഴ്ത്താതെ സ്വർഗ്ഗസ്ഥനായ കർത്താവിന്റെ നേരെ തന്നെത്താൻ ഉയർത്തി അവന്റെ ആലയത്തിലെ പാത്രങ്ങളെ അവർ തിരുമുമ്പിൽ കൊണ്ടുവന്നു; തിരുമേനിയും മഹത്തുക്കളും തിരുമനസ്സിലെ ഭാര്യമാരും വെപ്പാട്ടികളും അവയിൽ വീഞ്ഞുകുടിച്ചു; കാണ്മാനും കേൾപ്പാനും അറിവാനും വഹിയാത്ത പൊന്ന്, വെള്ളി, താമ്രം, ഇരുമ്പ്, മരം, കല്ല് എന്നിവകൊണ്ടുള്ള ദേവൻമാരെ സ്തുതിച്ചു; തിരുമനസ്സിലെ ശ്വാസവും എല്ലാ വഴികളും കൈവശമുള്ളവനായ ദൈവത്തെ മഹത്വീകരിച്ചതുമില്ല. ആകയാൽ അവൻ ആ കൈപ്പത്തി അയച്ചു ഈ എഴുത്തു എഴുതിച്ചു. എഴുതിയിരിക്കുന്ന എഴുത്തോ : മെനേ, മെനേ, തെക്കേൽ, ഊഫർസീൻ. കാര്യത്തിന്റെ അർത്ഥമാവിത്: മെനേ എന്നുവെച്ചാൽ, ദൈവം നിന്റെ രാജത്വം എണ്ണി, അതിന്നു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ: തുലാസിൽ നിന്നെ തൂക്കി, കുറ

വുള്ളവനായി കണ്ടിരിക്കുന്നു."
ദാനിയേൽ 5 : 23 - 27

ഹൃദയം കാണുന്ന ദൈവം അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നവനാണ്. ദൈവം ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും ശോധന ചെയ്യുന്നവനാണ്. സങ്കീ. 7 : 8 - 9, വെളിപ്പാട് 2 : 23

നീതിമാനായ ദൈവം ഹൃദയത്തെ തൂക്കിനോക്കുന്നവനാണ്. അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു. എബ്രായർ 4:13.

സ്നേഹിതാ, ചുവരെഴുത്ത് നീ കാണുന്നുവോ? ദൈവം സകലവും കാണുന്നു. അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവനെ മറയ്ക്കാൻ സാദ്ധ്യമല്ലെന്ന് നീ അറിയുന്നുവോ? നിന്റെ രഹസ്യ പാപങ്ങൾ അവന്റെ മുഖപ്രകാശത്തിൽ ഇരിക്കുന്നു എന്ന് നീ അറിയുന്നുവോ?

മകനേ, മനുഷ്യനെ നിനക്ക് ഒളിക്കാം. ദൈവത്തെ ഒളിക്കാൻ സാദ്ധ്യമല്ല. നിന്റെ ഭാര്യയെ നിനക്ക് മറയ്ക്കാം. മകളേ, നിന്റെ ഭർത്താവിനെ നിനക്ക് മറയ്ക്കാം. നിന്റെ മക്കളെ നിനക്ക് മറയ്ക്കാം. നിന്റെ മാതാപിതാക്കളെ മറയ്ക്കാം. സർവ്വജ്ഞനും സർവ്വവ്യാപിയുമായ ദൈവത്തെ ഒളിയ്ക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ നിത്യനായ ദൈവം നിന്നെ നോക്കുമ്പോൾ എന്തു പറയും?

"ഞാൻ നിന്നെ തുലാസിൽ തൂക്കി നോക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു" എന്നു പറയുമോ? അതോ "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന് വിളിക്കുമോ?

നാലാമത്തെ എഴുത്ത്, കർത്താവ് മണ്ണിൽ എഴുതിയതാണ്.

"യേശുവോ, കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു." യോഹ. 8 : 6

"പിന്നെയും കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു." യോഹ. 8 : 8

ശാസ്ത്രിമാരും പരീശൻമാരും യേശുവിന്റെ അരികിലേക്ക് ഒരു വ്യഭിചാരിണിയായ സ്ത്രീയെ കൊണ്ടുവരികയാണ്. അവൾ കുതറി ഓടാൻ ശ്രമിക്കുന്നുണ്ട്. അവർ അവളെ വിടുന്നില്ല.

"ഗുരോ, ഈ സ്ത്രീയെ വ്യഭിചാര കർമ്മത്തിൽത്തന്നേ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്ന് മോശ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു. നീ ഇവളെക്കുറിച്ച് എന്തു പറയുന്നു."

യോഹന്നാൻ 8 : 4 – 5

ആ സ്ത്രീ ഭയചകിതയായി നിൽക്കുകയാണ്. എറിഞ്ഞു കൊല്ലാൻ അധികാരമുള്ളവരുടെ കൈയിൽ അവൾ പെട്ടുകഴിഞ്ഞു. ഏതാനും സമയത്തിനുള്ളിൽ കല്ലുകൾ തുരുതുരാ അവളുടെ ദേഹത്തു വീഴും. അസ്ഥികൾ ഒടിയും, ഉടയും, മാംസം ചതഞ്ഞു വിണ്ടുകീറും, ചോര ചീറിത്തെറിക്കും. അവൾ മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് പേടിച്ചരണ്ട് നിൽക്കുകയാണ്.

യേശു പറഞ്ഞു :

"നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ." യോഹന്നാൻ 8 : 7

"പിന്നെയും കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു." യോഹന്നാൻ 8 : 8

യേശു എന്താണ് എഴുതുന്നത്? അവരുടെ പാപം തന്നെയാണ് യേശു പൂഴിമണ്ണിൽ എഴുതുന്നത്. അവർ വേദപണ്ഡിതൻമാരായിരുന്നു. അവർക്ക് വചനം ഓർമ്മ വന്നു.

"എന്നെ വിട്ടുപോകുന്നവരെ മണ്ണിൽ എഴുതിവെയ്ക്കും. അവർ ജീവനുള്ള വെള്ളത്തിന്റെ ഉറവായ യഹോവയെ ഉപേക്ഷിച്ച് കളഞ്ഞുവല്ലൊ."
യിരമ്യാവ് 17 : 13

അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തി. അവർ അറിയാതെ അവരുടെ കൈയിൽനിന്ന് കല്ലുകൾ താഴെ ഊർന്നുവീണു. അവർ ഓരോരുത്തരായി വിട്ടുപോയി.

ആ സ്ത്രീ ആശ്ചര്യസ്തബ്ധയായി നില്ക്കയാണ്. ഈ അത്ഭുതപുരുഷന്റെ അരികത്തെത്തിയത് എത്ര നന്നായി! മരണം ഒഴിവായല്ലൊ. അവൾ ഇമവെട്ടാതെ ക്രിസ്തുവിനെത്തന്നെ നോക്കിനില്ക്കയാണ്. നന്ദിയും സ്നേഹവും ആശ്ചര്യവും അമ്പരപ്പുമെല്ലാം അവളുടെ കണ്ണുകളിൽ നിഴലിക്കുന്നുണ്ട്.

യേശു അവളെ നോക്കി.

"സ്ത്രീയേ, അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ?" യോഹ 8 : 10

"ഇല്ല, കർത്താവേ" യോഹ 8 : 11

അവരാരും പാപമില്ലാത്തവരല്ല. യേശു മാത്രമേ പാപമില്ലാത്തവനായിട്ടുള്ളൂ. അവന് ശിക്ഷ വിധിക്കാൻ അധികാരമുണ്ട്. പക്ഷേ അധികാരമുള്ളവൻ പറഞ്ഞു :

> “ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്.” യോഹ. 8 : 11

സ്നേഹിതാ, ക്രിസ്തു ഇതൊന്നു മാത്രമേ നിന്നിൽനിന്ന് ആഗ്രഹിക്കുന്നുള്ളൂ. “ഇനി പാപം ചെയ്യരുത്.” നീ എന്തു തീരുമാനിക്കുന്നു. പാപത്തോട് നീ യാത്ര പറയുമോ? പാപത്തെ ജയിക്കാൻ ക്രൂശിൽ മരിച്ച രക്ഷകനെ നിന്റെ ഹൃദയത്തിലേക്ക് നീ സ്വീകരിക്കുമോ? അവൻ നിന്റെ ഹൃദയത്തിൽ വന്നാൽ പാപത്തിന്റെമേൽ നിനക്ക് ജയം കിട്ടും. പാപവും പാപത്തിന്റെ അധികാരിയായ പിശാചും നിന്നെ വിട്ട് മാറിപ്പോകും. ശത്രുവിന്റെമേൽ ജയോത്സവം കൊണ്ടാടിയ ക്രിസ്തു നിന്നെ ഐശ്വര്യമായി നടത്തും.

അഞ്ചാമത്തെ എഴുത്ത്, ദൈവാത്മാവിനാൽ ക്രിസ്തുവിന്റ പ്രതിമ ഹൃദയത്തിൽ എഴുതുന്നതാണ്.

> “ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അതു മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ. കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപ്പലകയിൽത്തന്നേ എഴുതിയിരിക്കുന്നത്.” 2 കൊരി. 3 : 3

ജീവിതം ക്രിസ്തുവിന്റെ പത്രമായി മാറുകയാണ്. പാപം കൊത്തിവെച്ചിരുന്ന ഹൃദയത്തിൽ ക്രിസ്തുവിനെ എഴുതുകയാണ്. ആ പത്രം അച്ചടിക്കുന്നത് മഷിക്കൊണ്ടല്ല, ദൈവ

ത്തിന്റെ ആത്മാവിനാൽ ആണ്. പണ്ട് മോശയ്ക്ക് ദൈവക ല്പന കല്പലകയിൽ ആണ് കൊടുത്തത്. ക്രിസ്തുവിന്റെ ഛായ വരച്ചുതരുന്നത് ഹൃദയമെന്ന മാംസപ്പലകയിലാണ്.

ഇതുവരെ ഹൃദയത്തിൽ പാപമാണ് എഴുതി വെച്ചിരുന്ന ത്. ഇപ്പോൾ ക്രിസ്തുവിനെ വായിക്കാനുള്ള പത്രമായി ഹൃദയം തീരുകയാണ്.

> "മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്ന വരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താ വിന്റെ ദാനമായി തേജസ്സിൻമേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു."
>
> 2 കൊരി. 3 : 18

നമ്മിൽകൂടെ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവരായി നാം രൂപാന്തരപ്പെടുന്നു. ക്രിസ്തുവിന്റെ തേജസ്സ് നമ്മിൽക്കൂടെ പ്രതിബിംബിക്കുന്നു. ക്രിസ്തുവിന്റെ അതേ പ്രതിമയും അതേ ഛായയുമായി നാം രൂപാന്തരപ്പെടുന്നു.

ഒരു റെയിൽവെ പ്ലാറ്റ്ഫോം. നല്ല തിരക്കാണ്. ഒരു കുട്ടി ഒരു കുട്ട നിറയെ ഓറഞ്ചുമായി നടക്കുകയാണ്. തിരക്കിനി ടയിൽ ചിലർ ഓറഞ്ചു വാങ്ങുന്നുണ്ട്.

അതു മുഴുവൻ വിറ്റു കിട്ടുന്ന ലാഭംകൊണ്ടു വേണം അന്നുരാത്രി അത്താഴം വെയ്ക്കാൻ. അവന്റെ വിധവയായ അമ്മ അസുഖമായി കിടപ്പിലാണ്. അവൻ വേഗം നടന്ന് 'ഓറഞ്ച്' , 'ഓറഞ്ച്' എന്നു വിളിച്ചുപറഞ്ഞുകൊണ്ട് സന്ധ്യ യ്ക്കുമുമ്പ് വിറ്റുതീർക്കാൻ ബദ്ധപ്പെടുകയാണ്.

പെട്ടെന്ന് തിരക്കിൽ ആരോ അവനെ തട്ടിയിട്ടു. അവൻ വീണുപോയി. കഷ്ടം! അവന്റ കുട്ട മറിഞ്ഞുപോയി. ഓറഞ്ച്

പ്ലാറ്റുഫോമിൽ ആകെ ചിതറിപ്പോയി. ബദ്ധപ്പെട്ടു നടന്നു നീങ്ങുന്ന ആളുകൾ ചിലതു ചവിട്ടിക്കളഞ്ഞു.

ആ ബാലൻ അന്തം വിട്ടു! അവൻ ഏങ്ങലടിച്ചു കരഞ്ഞു. ഒരു നല്ല മനുഷ്യന് സഹതാപമുണ്ടായി. അദ്ദേഹം വേഗം ആ ഓറഞ്ചെല്ലാം പെറുക്കി അവന്റെ കുട്ടയിലിട്ടു. കാര്യമായ കേടൊന്നും വന്നില്ല. ആ കുട്ടയെടുത്ത് അവന്റെ തലയിൽ വെച്ചുകൊടുത്തു.

ബാലൻ ചോദിച്ചു : "സാറേ, സാറാണോ യേശുക്രിസ്തു?"

"നീ എന്താണ് അങ്ങനെ ചോദിച്ചത്?"

"യേശുക്രിസ്തു വളരെ മനസ്സലിവും സ്നേഹവും ഉള്ള ആളാണെന്ന് കേട്ടിട്ടുണ്ട്. ആ സ്വഭാവം സാറിൽ കണ്ടതു കൊണ്ടാണ് ഞാൻ അങ്ങനെ ചോദിച്ചത്."

സ്നേഹിതരേ, നാം ക്രിസ്തുവിന്റെ പ്രതിമയായി ഈ ഭൂമിയിൽ നിൽക്കേണ്ടവരാണ്.

> "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്ന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."
>
> മത്തായി 5 : 16

പാപം ഹൃദയത്തിൽ എഴുതി വെയ്ക്കുന്നു. ബലിപീഠത്തിന്റെ കൊമ്പിൽ എഴുതി വെയ്ക്കുന്നു; ചുവരിൽ എഴുതി വെയ്ക്കുന്നു; മണ്ണിൽ എഴുതി വെയ്ക്കുന്നു. ഒടുവിലായി ഹൃദയത്തിൽ ക്രിസ്തുവിനെ എഴുതി വെയ്ക്കുന്നു.

പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, നിന്റെ ഹൃദയത്തിൽ ക്രിസ്തുവിനെ എഴുതി വെച്ചിരിക്കുന്നുവോ? ഇന്നു

മുതൽ ക്രിസ്തുവിനെ പ്രതിബിംബിക്കുന്ന ഒരു ജീവിതം നയിക്കൂ. ലോകം നിന്നിൽക്കൂടെ ക്രിസ്തുവിനെ കാണട്ടെ. ഒരു പുതിയ ജീവിതം തുടങ്ങൂ.

പ്രാർത്ഥിക്കാം. ജീവനാഥാ, അൻപുള്ള പിതാവേ, ക്രിസ്തുവിന്റെ ഛായയുള്ളവരാകുവാൻ ഞങ്ങളെ വിളിച്ചതിനാൽ സ്തോത്രം. അന്ത്യത്തോളം ക്രിസ്തു ഉള്ളവരായി ജീവിക്കുവാൻ ഭാഗ്യം നല്കണമേ.

# ഏഴ്

"ദൈവഹിതപ്രകാരമുള്ള ദു:ഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദു:ഖമോ മരണത്തെ ഉളവാക്കുന്നു." 2 കൊരിന്ത്യർ 7 : 10

രണ്ടു തരത്തിലുള്ള ദു:ഖമുണ്ട്.

ഒന്ന്, ദൈവഹിതപ്രകാരമുള്ള ദു:ഖം.
രണ്ട്, ലോകത്തിന്റെ ദു:ഖം.

ലോകത്തിൽ ദു:ഖം ദൈവഹിതപ്രകാരമുള്ള ദു:ഖമല്ല. അത് ആത്മാവിന് മരണം ഉളവാക്കുന്നു. അത് ആത്മാവിന് നിത്യജീവൻ നഷ്ടപ്പെടുത്തുന്നു.

ദൈവഹിതപ്രകാരമുള്ള ദു:ഖം പാപത്തെ ഓർത്തുള്ള അനുതാപം ഉണ്ടാക്കുന്നു. അതു മാനസാന്തരത്തിന് കാരണമായിത്തീരുന്നു. അത് നിത്യ സ്വർഗ്ഗത്തിന്റെ അവകാശം നേടിത്ത

രുന്നു. ദൈവഹിതപ്രകാരമുള്ള ദു:ഖം മാനസാന്തരത്തിനായുള്ള ദു:ഖമാണ്.

ലോകത്തിൽ ദു:ഖം, കഷ്ടതയും ദുരിതവും യാതനയും മാത്രമേയുള്ളൂ. സ്വാഭാവികമായും ഏതു മനുഷ്യനും അവയിൽ ദു:ഖിക്കും. എത്ര ഭക്തനായ മനുഷ്യനും ലോകസംബന്ധമായി നേരിടുന്ന അത്യാഹിതങ്ങൾ, ക്ലേശങ്ങൾ, കഷ്ടങ്ങൾ, നഷ്ടങ്ങൾ, വിയോഗങ്ങൾ, വിരഹങ്ങൾ മുതലായവയിൽ ദു:ഖിച്ചുപോകും.

യൂറോപ്പിലെ ഒന്നാമത്തെ സഭയായ ഫിലിപ്യസഭയിൽ എപ്പഫ്രോദിത്തോസ് എന്നു പേരുള്ള ഒരു നല്ല യുവാവുണ്ടായിരുന്നു. പൗലോസ് റോമൻ കാരാഗൃഹത്തിൽ ഒന്നാമത്തെ പ്രാവശ്യം കിടക്കുമ്പോൾ, പൗലോസിനു നല്കാൻ ഫിലിപ്യസഭയിലെ ദൈവമക്കൾ ഒരു തുക സംഭാവനയായി ശേഖരിച്ച് എപ്പഫ്രൊദിത്തോസിന്റെ കൈവശം റോമിലേയ്ക്ക് കൊടുത്തയച്ചു. ഗ്രീസിലെ ഫിലിപ്പിയിൽ നിന്ന് ഇറ്റലിയിലെ റോമിലേക്ക്.

ഇന്നത്തെപ്പോലുള്ള യാത്രാസൗകര്യമൊന്നും അന്നില്ലല്ലോ. നടന്നും ക്ലേശിച്ചും ഉറക്കമിളച്ചും മഞ്ഞും വെയിലും മഴയുമേറ്റും യഥാസമയം ആഹാരം കഴിക്കാതെയും മറ്റും യാത്ര ചെയ്ത ആ യുവാവിന് റോമൻ കാരാഗൃഹത്തിൽ അപ്പോസ്തലന്റെ അടുത്തെത്തിയപ്പോഴേയ്ക്കും നല്ല രോഗമായി. രോഗം കൂടിക്കൂടിവന്നു. പൗലോസ് ദു:ഖാകുലനായി. പൗലോസ് വളരെ പരിഭ്രാന്തിയിലായി. ഉള്ളുതകർന്ന് പൗലോസ് പ്രാർത്ഥിച്ചു. മരണത്തോടടുത്തുപോയിരുന്ന എപ്പഫ്രോദിത്തോസിനോട് കർത്താവ് കരുണ ചെയ്തു. ആ യൗവനക്കാരന്റെ രോഗം കർത്താവ് മാറ്റിക്കൊടുത്തു.

സ്വന്തപ്രാണനെപ്പോലും കരുതാതെ ക്രിസ്തുവിന്റെ വേല

നിമിത്തം മരണത്തോളം ആയ്പ്പോയ എപ്പഫ്രൊദിത്തോസി നോട് കർത്താവ് കരുണ ചെയ്തു. (ഫിലിപ്യർ 2:30) എന്നാണ് പൗലോസ് പറയുന്നത്.

> "അവൻ ദീനം പിടിച്ച് മരിപ്പാറായിരുന്നു സത്യം; എങ്കിലും ദൈവം അവനോട് കരുണ ചെയ്തു; അവനോട് മാത്രമല്ല, എനിക്ക് ദു:ഖത്തിൻമേൽ ദു:ഖം വരാതിരിപ്പാൻ എന്നോടും കരുണചെയ്തു."
>
> ഫിലിപ്യർ 2 : 27

അപ്പോൾ ലോകകാര്യങ്ങളിൽ നമുക്ക് ദു:ഖമുണ്ടാകും. തീർച്ചയായും ഉണ്ടാകും.

പിന്നെ എന്താണ് അപ്പോസ്തലൻ പറഞ്ഞത്?

"ലോകത്തിന്റെ ദു:ഖമോ മരണത്തെ ഉളവാക്കുന്നു."

ദൈവഹിതപ്രകാരമുള്ള ദു:ഖം സ്വന്തം പാപജീവിതത്തെ ഓർത്ത് അനുതപിക്കുന്ന ദു:ഖമാണ്. അത് അയ്യോ, ഞാൻ എന്തുചെയ്തുപോയി എന്നു പറഞ്ഞ് തന്റെ ദുഷ്ടതയെക്കുറിച്ച് അനുതപിക്കുന്ന ദു:ഖമാണ് യിരമ്യാവ് 8 : 6

അത് ദൈവത്തിൽ കേന്ദ്രീകരിക്കുന്ന ദു:ഖമാണ് – God centred sorrow over the wickedness of sin (N.I.V. foot note 2 Corri. 7:10) ദൈവം എന്റെ പാപം മൂലം എത്രമാത്രം ദു:ഖിച്ചു എന്ന ചിന്തയിൽനിന്ന് തന്റെ ഹൃദയം അനുതാപംകൊണ്ടും പശ്ചാത്താപംകൊണ്ടും വിങ്ങുന്ന ദു:ഖമാണത്.

എന്നാൽ ലോകത്തിന്റെ ദു:ഖം തന്നിൽത്തന്നെ കേന്ദ്രീകരിച്ചുള്ള ദു:ഖമാണ് – self centred sorrow. ലോകജീവിതത്തിലെ അനേകമനേകം വേദനാവിഷയങ്ങളോർത്തുള്ള ദു:ഖമാണത്. ദുരിതങ്ങളെയും യാതനകളെയും പ്രശ്നങ്ങ

ളെയും ഓർത്തുള്ള ദു:ഖമാണത്. അത് ആത്മാവിന്റെ മരണത്തെ ഉളവാക്കുന്നു.

ഇന്ന് അനേകമാളുകൾ തീരാവേദനയും തോരാക്കണ്ണീരുമായി അഴലുന്നുണ്ട്. അവർ പ്രാർത്ഥിക്കുമ്പോൾ കരയുന്നുണ്ട് : വിതുമ്പി ഏങ്ങലടിച്ചുകൊണ്ട് നെടുവീർപ്പോടെ അവർ പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ അവരുടെ ദു:ഖം ലോകത്തിലെ യാതനകളോർത്തുള്ളതാകയാൽ അത് ദൈവഹിത പ്രകാരമുള്ള ദു:ഖമല്ല. തൻമൂലം ആത്മാവ് മരിക്കുന്നതിനിടയാകുന്നു. അങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള അവകാശം നഷ്ടമാകുന്നു.

പൗലോസ് കൊരിന്തിലുള്ള ദൈവജനത്തിന്റെ പാപങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരെ തർജ്ജനം ചെയ്തും ശാസിച്ചും പ്രബോധിപ്പിച്ചും അവർക്ക് ലേഖനമെഴുതി. വളരെ കർക്കശമായും നിശിതമായും അപ്പോസ്തലനെഴുതിയതിൽ കൊരിന്തിലുള്ളവർ ദു:ഖിച്ചു. അവർ ദു:ഖിച്ചത് അനുതാപത്തിലേക്ക് അവരെ നടത്തിയതുകൊണ്ട് അപ്പോസ്തലൻ സന്തോഷിച്ചു എന്നാണ് തിരുവെഴുത്ത് പറയുന്നത്.

> "ഞാൻ ലേഖനത്താൽ നിങ്ങളെ ദു:ഖിപ്പിച്ചു എന്നു വരികിലും ഞാൻ അനുതപിക്കുന്നില്ല; ആ ലേഖനം നിങ്ങളെ കുറയ നേരത്തേക്കെങ്കിലും ദു:ഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ട് മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ ദു:ഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദു:ഖിച്ചതിനാലത്രേ... ദൈവഹിതപ്രകാരമല്ലോ നിങ്ങൾ ദു:ഖിച്ചത്."
>
> 2 കൊരിന്ത്യർ 7 : 8 – 9

സ്നേഹിതാ, നീ ഇന്ന് ദു:ഖിക്കുന്നത് ലോകത്തിന്റെ

ദു:ഖമോ ദൈവഹിതപ്രകാരമുള്ള ദു:ഖമോ? നിന്റെ ഹൃദയം നിരാശ പൂണ്ടിരിക്കുകയല്ലേ? ഈ ലോകജീവിതത്തിലെ അനേകമനേകം പ്രതിസന്ധികളും ക്ലേശങ്ങളും മൂലം നിന്റെ ഹൃദയം കരഞ്ഞുകൊണ്ടിരിക്കുകയല്ലേ?

എനിക്കുണ്ടോ ഇനി ഒരു കരേറ്റം? എന്റെ ജീവിതം കൂമ്പടഞ്ഞുപോയില്ലേ? എന്നെ ആരു കരുതാൻ? എന്നെ ആർക്കു വേണം? ഞാനങ്ങു മരിക്കുകയല്ലേ നല്ലത് ?.... എന്നിങ്ങനെ ഒട്ടേറെ ദൈവാനുരൂപമല്ലാത്ത ചിന്തകൾ ഹൃദയത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണോ?

എങ്കിൽ വിശ്വസിക്കൂ, ദൈവം ആർക്കും ഒരു ദോഷവും ചെയ്യുന്നില്ല, ദോഷം ചെയ്യുന്നത് മുഴുവൻ സാത്താനാണ്.

തിരുവചനം എന്തു പറയുന്നു?

> “പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാകുന്നു; താൻ ആരേയും പരീക്ഷിക്കുന്നതുമില്ല, ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെപെറുന്നു.” യാക്കോബ് 1 : 13 – 15

"Temptation is the pull of manís own evil thoughts and wishes. These evil thoughts lead to evil actions and afterwards to the death penalty from God."

ദോഷം വരുത്തുന്നത് പിശാചാകുന്നു. അവന്റെ ജോലിയാണ്: അറുക്കുക, മുടിക്കുക, മോഷ്ടിക്കുക. (യോഹന്നാൻ 10:10)

ഇയ്യോബിന് കഷ്ടവും നഷ്ടവും വരുത്തിയത് ദൈവമല്ല; പിശാചാണ്. സാത്താൻ ഇയ്യോബിന്റെ ദൈവഭക്തിയിലും അഭിവൃദ്ധിയിലും അസൂയാലുവായി. അവൻ ഇയ്യോബിന്റെ മേൽ ദൃഷ്ടിവെച്ചു.

ഇയ്യോബിന്റെ മക്കൾ, ധനം, ഭവനം, വസ്തുവകകൾ, മൃഗ സമ്പത്ത് എന്നിങ്ങനെ എല്ലാറ്റിനും കഷ്ടനഷ്ടങ്ങൾ വരുത്തി. ആൺമക്കളേഴുപേരും പെൺമക്കൾ മൂന്നുപേരും ഓരോരുത്തരായി മരിച്ചു. എല്ലാം സാത്താന്റെ ഭയങ്കരമായ ഉപദ്രവങ്ങളായിരുന്നു.

ഇതുകൊണ്ടൊന്നും ഇയ്യോബ് ദൈവവിശ്വാസം ത്യജിക്കുന്നില്ല എന്ന് കണ്ടപ്പോൾ സാത്താൻ ഇയ്യോബിനെ മഹാരോഗത്തിലും കഷ്ടത്തിലുമാക്കി. ഇയ്യോബിനെ ഉള്ളങ്കാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു. ഇതൊന്നും ദൈവം വരുത്തിയതല്ല.

മുടിയൻപുത്രന് കഠിനക്ഷാമം ഉണ്ടായതായി നാം വായിക്കുന്നുണ്ട്. ലൂക്കോസ് 15:14. അവന് ക്ഷാമം വരുത്തിയത് അവന്റെ പിതാവല്ല. അവൻ ആഹാരത്തിന് വലഞ്ഞത് പിതാവ് വരുത്തിയ ആപത്തല്ല. അവന്റെ പ്രവൃത്തി വരുത്തിയ അനർത്ഥമാണ്.

പിശാചു വരുത്തുന്ന കെടുതികളും കഷ്ടനഷ്ടങ്ങളും ദൈവം നൻമയ്ക്കായി രൂപാന്തരപ്പെടുത്തും. ക്ഷാമം വന്നതുകൊണ്ടാണ് ആ ധൂർത്തപുത്രൻ അപ്പന്റെ വീടിനെക്കുറിച്ചോർത്തത്. ക്ഷാമം വന്നതുകൊണ്ടാണ് അവന് സുബോധം വന്നത്; അവൻ അനുതപിച്ചത്.

സാത്താൻ ഇയ്യോബിന് കഷ്ടതകളും മഹാനാശങ്ങളും വരുത്തിയതുകൊണ്ട് ദൈവം അവയെല്ലാം നൻമയ്ക്കായി

രൂപാന്തരപ്പെടുത്തി.

> "എന്റെ ഉപദേശം നിർമ്മലം എന്നും തൃക്കണ്ണിന് ഞാൻ വെടിപ്പുള്ളവൻ എന്നും നീ പറഞ്ഞുവല്ലോ." ഇയ്യോബ്. 11 : 4

ഇയ്യോബ് വീണ്ടും പറയുകയുണ്ടായി :

"ഞാൻ ലംഘനം ഇല്ലാത്ത നിർമ്മലൻ; ഞാൻ നിർദ്ദോഷി; എന്നിൽ അകൃത്യവുമില്ല" ഇയ്യോബ് 33 : 9

സ്വന്തം നൻമകളിലും ഭക്തിജീവിതത്തിലും ഒരു സ്വയം മതിപ്പ്, സ്വയ സംതൃപ്തിയും, സ്വയ മേൻമയും, സ്വന്ത നീതിയും ഇയ്യോബിനുണ്ടായിരുന്നു. എന്നാൽ സാത്താന്റെ കനത്ത ആഘാതങ്ങൾ ഇയ്യോബിന് ദൈവം നൻമയ്ക്കാക്കി ത്തീർത്തു.

യഹോവയായ ദൈവം ചുഴലിക്കാറ്റിൽ ഇയ്യോബിനോടു സംസാരിച്ചു. ആ വചനം ഇയ്യോബിൽ വലിയ രൂപാന്തരം വരുത്തി, അപ്പോൾ ഇയ്യോബ് ദൈവത്തോടു പറഞ്ഞു.

> "ഞാൻ നിസ്സാരനല്ലോ, ഞാൻ നിന്നോടെന്തുത്തരം പറയേണ്ടു? ഞാൻ കൈകൊണ്ട് വായ് പൊത്തിക്കൊള്ളുന്നു. ഒരു വട്ടം ഞാൻ സംസാരിച്ചു; ഇനി ഉത്തരം പറകയില്ല. രണ്ടു വട്ടം ഞാൻ ഉര ചെയ്തു; ഇനി മിണ്ടുകയില്ല."
> ഇയ്യോബ് 40 : 4

> "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനു

തപിക്കുന്നു."　　　　　　　　　　ഇയ്യോബ് 42 : 5 – 6

ഇത്രയും ആഴമായ അനുതാപവും സുബോധവും ഇയ്യോബിന് ലഭിച്ചത് സാത്താൻ വരുത്തിയ ലോകപ്രകാരമുള്ള ദു:ഖത്തെ, അനുതാപത്തിനായുള്ള ദു:ഖം, അഥവാ ദൈവഹിതപ്രകാരമുള്ള ദു:ഖം ആക്കി ദൈവം മാറ്റിയതുകൊണ്ടാണ്.

ലോകത്തിന്റെ ദു:ഖം മരണത്തെ ഉളവാക്കുന്നു. ദൈവഹിതപ്രകാരമുള്ള ദു:ഖം മാനസാന്തരത്തിനായി അനുതാപം ഉളവാക്കുന്നു.

മാന്യ സ്നേഹിതാ, നിനക്ക് ഇതിലേതു ദു:ഖമാണുള്ളത്? ലോകത്തിന്റെ ദു:ഖം പല പ്രകാരത്തിൽ നിന്നെ ഞെരിച്ചുകൊണ്ടിരിക്കുകയല്ലേ? താങ്ങാനാവാത്ത ദുരിതങ്ങളും കഷ്ടതകളും രോഗങ്ങളും കനത്ത നഷ്ടങ്ങളും നിന്നെ ഉലച്ചുകൊണ്ടിരിക്കുകയല്ലേ? നീ നിരാശയുടെ നിലയില്ലാക്കയത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയല്ലേ?

എന്നാൽ നിന്റെ ഈ പരമദയനീയമായ അവസ്ഥയിൽ ഈ മഹാസത്യം മനസ്സിലാക്കൂ. ലോകത്തിന്റെ ദു:ഖം മൂലം നിന്റെ ആത്മാവ് മരണാവസ്ഥയിലാണ്. നീ നിന്റെ പാപങ്ങളെ ഓർത്ത് അനുതപിക്കുമെങ്കിൽ നിന്റെ മരിച്ച ആത്മാവിനെ ദൈവം ജീവിപ്പിക്കും. മരിച്ചവരെ ഉയിർപ്പിക്കാനാണ് ക്രിസ്തു മരിച്ചവരിൽ ആദ്യജാതനായി ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നത്.

ഇപ്പോൾ നീ നിന്റെ ആത്മാവിന്റെ മരണാവസ്ഥ ദൈവത്തോട് തുറന്നു സമ്മതിക്കുമോ? പാപത്തിന്റെ ശമ്പളമായ മരണം പോക്കി ജീവിപ്പിക്കണമേ എന്ന് പ്രർത്ഥിക്കുമോ? ജീവന്റെ ഉറവിടമായ ക്രിസ്തു നിന്റെ അരികിലേക്ക് വരും,

അവന്റെ കരം നിന്റെ ശിരസ്സിൽ വയ്ക്കും.

ഒരു വാക്ക് നീ പറയുക : യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

# എട്ട്

"സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായിത്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും."
സെഖര്യാവ് 4 : 6 – 7

ജയം കൃപയാലാണ്. ഒരു മനുഷ്യനും സ്വയമായി ജയജീവിതം സാദ്ധ്യമല്ല. യേശുക്രിസ്തുവിന്റെ നിസ്തുല കൃപയാൽ മാത്രമേ ജയമുള്ളൂ. പാപത്തിന്റെ മേലുള്ള ജയം ക്രിസ്തുവിന്റെ കൃപയാൽ മാത്രമാണ്.

ഒരു മാനസാന്തരം ലഭിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. വചനത്തോട് താൽപര്യം ഉണ്ടാകുന്നത് ദൈവത്തിന്റെ കൃപയാണ്. വചനത്തിന്റെ മധുരം അനുഭവിക്കാൻ സാധി

ക്കുന്നത് ദൈവത്തിന്റെ കൃപയാണ്. വചനത്തിന്റെ അർത്ഥം മനസ്സിലാകുന്നത് ദൈവത്തിന്റെ കൃപയാണ്. ഇളകിമറിയുന്ന ഹൃദയത്തിന് ഒരു ശാന്തത ലഭിക്കുന്നത് ദൈവത്തിന്റെ കൃപ യാണ്. പാപത്തെ തിരിച്ചറിയുന്നത് ദൈവകൃപയാണ്. പാപ ബോധവും കുറ്റബോധവും ലഭിക്കുന്നത് ദൈവകൃപയാണ്. പാപത്തെ ഓർത്ത് അനുതപിക്കാൻ തകർന്ന ഹൃദയം ലഭി ക്കുന്നത് ദൈവകൃപയാണ്. പാപം മേലിൽ വരികയില്ല എന്ന് തീരുമാനിക്കുന്നത് ദൈവകൃപയാണ്. പാപത്തോട് അറപ്പും വെറുപ്പും ഉളവാകുന്നത് ദൈവകൃപയാണ്. ക്രിസ്തീയ ജീവി തത്തിന്റെ അടിസ്ഥാനം തന്നെ ദൈവകൃപയാണ്.

സെരുബ്ബാബേൽ ഗവർണറായിരുന്നു. യോശുവ മഹാപു രോഹിതനായിരുന്നു. നെബൂഖദ്നേസർ എന്ന ബാബിലോ ണിയൻ ചക്രവർത്തി തകർത്തുകളഞ്ഞിരുന്ന യരുശലേം ദേവാലയം പുതുക്കിപ്പണിയുന്നതിന് സകലവിധ സഹായ ങ്ങളും നല്കിയത് സെരുബ്ബാബേലും യോശുവയുമായിരു ന്നു.

ഹഗ്ഗായി, സെഖര്യാവ് എന്നീ പ്രവാചകന്മാർ ആലയം പുതുക്കിപ്പണിയുന്നതിന് പ്രവചനത്താൽ ജനത്തെ പ്രോത്സാ ഹിപ്പിച്ചുകൊണ്ടിരുന്നു. എസ്രാ പുരോഹിതൻ ആലയം പണിക്കും നെഹമ്യാവ് എന്ന പേർഷ്യൻ ഭക്ഷ്യമന്ത്രി ആല യത്തിനു ചുറ്റുമുള്ള മതിൽപണിക്കും നേതൃത്വം കൊടുത്തു.

ആലയം പുതുക്കിപ്പണിയുന്നതിന് ഒരുമ്പെട്ടപ്പോഴാണ് എതിർപ്പുകളും പോരാട്ടങ്ങളും വർദ്ധിച്ചുവന്നത്. സൻബല്ലത്തും തോബീയാവും കടുത്ത ആക്രമണം തന്നെ തുടങ്ങി. ഒരു വലിയ മഹാപർവ്വതംപോലെ പ്രതിസന്ധികളും പ്രശ്നങ്ങളും ദൈവമന്ദിര നിർമ്മാണത്തിനെതിരായി ഉയർന്നുവന്നു. സെരു ബ്ബാബേലിന്റെ ഉള്ളം പതറിയുലഞ്ഞു. ക്ഷീണിതനായി നിന്ന

ദൈവപൈതലിനെ ധൈര്യപ്പെടുത്തുവാനായി സെഖര്യാവ് പ്രവചനത്തിന്റെ ആത്മാവിൽ ഇങ്ങനെ പറഞ്ഞു :

> “സൈന്യത്താലല്ല, ശക്തിയാലുമല്ല; എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആര്? നീ സമഭൂമിയായിത്തീരും. അതിന് കൃപ, കൃപ എന്ന ആർപ്പോടു കൂടെ അവൻ ആണിക്കല്ലു കയറ്റും.”
>
> സെഖര്യാവ് 4 : 6 – 7

"This is Godís message to Zerubhabel: 'Not by might, nor by power, but by My Spirit, says the Lord of Hosts - you will succeed because of My Spirit, though you are few and weak,' Therefore no mountain, however high, can stand before Zerubhabel! For it will flatten out before him! And Zerubhabel will finish building this temple with mighty shouts of thanks giving for Godís mercy, declaring that all was done by grace alone."

ഇതത്രേ സെരുബ്ബാബേലിനോടുള്ള ദൈവത്തിന്റെ സന്ദേശം: “കൈക്കരുത്തുകൊണ്ടല്ല; അധികാരത്താലുമല്ല; എന്നാൽ എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു. നിങ്ങൾ ആൾ ചുരുക്കമെങ്കിലും ബലഹീനനെങ്കിലും എന്റെ ആത്മാവിനാൽ നീ വീണ്ടും വിജയിക്കും. ഒരു പർവ്വതത്തിനും അതെത്ര ഉയർന്നതായാലും സെരുബ്ബാബേലിന്റെ മുമ്പിൽ നില്ക്കാൻ സാദ്ധ്യമല്ല. അവന്റെ മുമ്പിൽ അത് നിലംപരിചായിത്തീരും. ദൈവത്തിന്റെ കരുണയ്ക്ക് ആർപ്പിടുന്ന കരുത്താർന്ന നന്ദിപ്രകടനങ്ങളോടും ദൈവത്തിന്റെ കൃപയാൽ മാത്രമാണ് എല്ലാം നടന്നത് എന്ന പ്രഖ്യാപനത്തോടുംകൂടെ സെരുബ്ബാബേൽ ഈ ആലയം പണി പൂർത്തിയാക്കും.”

ജീവിതയാത്രയിൽ വിഘ്നങ്ങൾ ഉയർന്നുനില്ക്കുന്നതുമൂലം മനസ്സിടിഞ്ഞുനില്ക്കുന്നവരാരെങ്കിലും ഈ വാക്കുകളെ ഇപ്പോൾ കേൾക്കുന്നുണ്ടോ? മുന്നോട്ട് ഒരു കാൽച്ചുവടു പോലും വെയ്ക്കാനാകാതെ മനംപതറി, ഉള്ളുലഞ്ഞ് നില്ക്കുകയാണോ? ജീവിതമാകെ വഴിമുട്ടി, പ്രതീക്ഷ തകർന്ന്, മോഹനസ്വപ്നങ്ങൾ കരിഞ്ഞുണങ്ങി, നിരാശയുടെ കയത്തിൽ താണുതാണു പൊയ്ക്കൊണ്ടിരിക്കുകയാണോ നീ ?

എങ്കിൽ മാന്യ സ്നേഹിതാ, പർവ്വതത്തെ സമഭൂമിയാക്കാൻ ശക്തനായവൻ നിന്റെ അരികത്ത് വന്നു നില്ക്കുന്നുണ്ട്. നീ ഒന്ന് തലയുയർത്തി അവനെ നോക്കുമോ? അവൻ നിന്റെ ജീവിതത്തിൽ പുത്തൻ പ്രതീക്ഷകളുണർത്തും. പുതു തളിരുകൾ വിരിയിക്കും. ഇനിയും നിന്റെ ജീവിതത്തിൽ നറുനാമ്പുകൾ കിളുർക്കും. ഒരു നല്ല നാളെയുടെ മോഹന തലത്തിലേക്ക് അവൻ നിന്നെ എത്തിക്കും.

അത് നിന്റെ ബുദ്ധിസാമർത്ഥ്യം കൊണ്ടല്ല; നിന്റെ കഴിവുകൊണ്ടല്ല, നിന്റെ കൈക്കരുത്തുകൊണ്ടുമല്ല; നിന്റെ ജ്ഞാനമോ ശക്തിയോ ശേഷിയോ, ശേമുഷിയോ, ഒന്നുകൊണ്ടുമല്ല. എല്ലാം ജീവനുള്ള ദൈവത്തിന്റെ കരുണയാലും കൃപയാലുമത്രേ.

കൃപ ദൈവത്തിന്റെ സൗജന്യ ദാനമത്രേ. മനുഷ്യന്റെ പ്രാപ്തിയും ത്രാണിയും മികവും തികവും മാറ്റിനിറുത്തി, സർവ്വവല്ലഭനായ ദൈവം കരുണയോടെ നല്കുന്ന വരപ്രസാദമത്രേ കൃപ.

കൃപ ലഭിക്കുന്നത് ആർക്കാണ്? ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു.

"എളിയവർക്ക് അവൻ കൃപ നല്കുന്നു."
സദൃശ്യവാക്യങ്ങൾ 3 : 34

> “....ദൈവം നിഗളികളോട് എതിർത്തുനില്ക്കുകയും താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു.” യാക്കോബ് 4 : 6, 1 പത്രോസ് 5 : 5

ദൈവം എതിർത്തുനില്ക്കുന്ന പാപമാണ് നിഗളം. അഹങ്കാരികളോട് ദൈവം എതിർത്തുനില്ക്കുന്നു. താഴ്മയുള്ളവരിൽ ദൈവത്തിന്റെ കൃപ ശക്തിയായി പകരും. എളിമയും വിനയവുമുള്ളവരിലേക്കാണ് ദൈവകൃപ പ്രവഹിക്കുന്നത്.

> “ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന് നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു. താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവും ഉള്ളവരോടുകൂടെയും വസിക്കുന്നു.” യെശ. 57 : 15

നിത്യനായ ദൈവം അരുളിച്ചെയ്യുന്നു :

> “എങ്കിലും അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും” യെശ. 66 : 2

ആദിമകാല രക്തസാക്ഷികളെപ്പറ്റി ടാസിറ്റസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത് വിശുദ്ധൻമാരും വിശ്വാസികളുമായ ദൈവമക്കളുടെ താഴ്മയുടെയും കഷ്ടം സഹിക്കാനുള്ള മനസ്സിനെയും പ്രകീർത്തിക്കുന്ന വാക്കുകളാണ്.

പരിഹാസം അവരുടെ മരണത്തിന് മുന്നോടിയായിരുന്നു. മൃഗത്തോലുകളിൽ പൊതിഞ്ഞ അവരുടെ ശരീരം നായ്ക്കൾ കടിച്ചു രസിച്ചു. അവർ ക്രൂശിൽ തറയ്ക്കപ്പെട്ടു. രാത്രി

വെളിച്ചത്തിന്നായി അവരെ പന്തങ്ങളായി കത്തിച്ചു. ഇതു കാണുവാൻ നീറോ ചക്രവർത്തി തന്റെ പൂങ്കാവനങ്ങളിൽ ആളുകളെ ക്ഷണിച്ചുവരുത്തി.

വാൾട്ടർസ്കോട്ട് സുപ്രസിദ്ധ സാഹിത്യകാരനായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലുമാണ് അദ്ദേഹം ജീവിച്ചിരുന്നത്. ദൈവഭക്തനായിരുന്നു അദ്ദേഹം. ദൈവവചത്തിൽ അദ്ദേഹത്തിന് അഗാധമായ വിശ്വാസമുണ്ടായിരുന്നു.

മരണക്കിടക്കയിൽ കിടക്കുമ്പോൾ അദ്ദേഹം പറഞ്ഞു : “ആ പുസ്തകം ഒന്നിങ്ങോട്ട് എടുക്കാമോ?”

“ഏതു പുസ്തകമാണ്, സാർ.”

“പുസ്തകം എന്ന് വിളിക്കപ്പെടാനൊരു പുസ്തകമേയുള്ളൂ. അത് വിശുദ്ധ ബൈബിൾ ആണ്.

അദ്ദേഹം വിശ്വാസ വീരനായിരുന്നു. ദൈവകൃപയുടെ മാധുര്യം അനുഭവിച്ച ഒരു ഭക്തനായിരുന്നു.

അദ്ദേഹം ഒരു മുടന്തനായിരുന്നു. ദൈവകൃപ അനുഭവിച്ചിരുന്നതുകൊണ്ട് അദ്ദേഹം എന്നും സന്തുഷ്ടനായിരുന്നു.

അദ്ദേഹത്തിന്റെ സമകാലീനനായ ഒരു സുപ്രസിദ്ധ കവിയായിരുന്നു ജോർജ്ജ് ഗെൾഡോൺബയറൺ. അദ്ദേഹവും മുടന്തനായിരുന്നു. തന്റെ ജീവിതത്തിന്റെ അനേകം നേട്ടങ്ങളിൽ പ്രശംസിച്ചിരുന്ന ഒരാളായിരുന്നു ബൈറൺ. അദ്ദേഹം സാൻമാർഗ്ഗിക ജീവിതത്തിന്നു തെല്ലും വില കല്പിച്ചിരുന്നില്ല. ദൈവഭയമില്ലാതെ അദ്ദേഹം ജീവിച്ചു. ദൈവകൃപ എന്തെന്ന് അദ്ദേഹം അറിഞ്ഞില്ല.

ബൈറൺ ഒരവസരത്തിൽ വാൾട്ടർസ്കോട്ടിനെഴുതി: “നിങ്ങ

ളുടെ സന്തോഷവും പ്രസന്നതയും എനിക്കു തരാമെങ്കിൽ അതിനുപകരമായി എനിക്ക് ഇതുവരെ കിട്ടിയിട്ടുള്ള എല്ലാ സ്ഥാനമാനങ്ങളും പേരും പെരുമയും നിങ്ങൾക്കു തരാം.”

ബൈറൺ ദൈവകൃപ രുചിക്കാതെ നിരാശയിലും ആകുലതയിലും ജീവിച്ചു. സദാചാര മൂല്യങ്ങളെ അവഗണിച്ച് കുത്തഴിഞ്ഞ ജീവിതം നയിച്ചു.

വാൾട്ടർസ്കോട്ട് സന്തോഷവും സമാധാനവും കൈമുതലാക്കി ജീവിച്ചു. കാരണം ദൈവകൃപ അനുഭവിപ്പാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

ദൈവകൃപ അനുഭവിച്ച ഒരാളാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ സജീവമായി പ്രവർത്തിക്കുന്ന പ്രൊഫ. സി.എം. മാത്യുസാറിന്റെ ഭാര്യ പ്രൊഫ. ലീലാമ്മ മാത്യു. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ ബോട്ടണി പ്രൊഫസർ ആയി ജോലി ചെയ്യുന്ന ലീലയുടെ ജീവിതത്തിൽ ഈ ദൈവകൃപ അനുഭവിച്ചതെങ്ങനെയെന്ന് നമുക്കിപ്പോൾ വായിക്കാം :

ലീലയുടെ ജീവിതത്തിലെ ആദ്യകാലാനുഭവങ്ങളെപ്പറ്റി ഇന്നെന്തെല്ലാം ഓർക്കുന്നുണ്ട് ?

ഞാൻ വളരെ പുരാതനമായ ഒരു യാക്കോബായ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. ഞാൻ എന്റെ മാതാപിതാക്കളുടെ ഏകപുത്രി ആയിരുന്നു. ബാല്ല്യത്തിൽത്തന്നെ എന്റെ അപ്പൻ മരിച്ചുപോയി. വെല്ല്യാപ്പനാണ് എന്നെ വളർത്തിയത്.

അമ്മച്ചിയുടെ കരച്ചിൽ കണ്ടാണ് ഞാൻ വളർന്നത്. ബാല്ല്യത്തിൽത്തന്നെ ഇത്ര വലിയ ദുരിതം ജീവിതത്തിൽ വന്നതുകൊണ്ട് എനിക്ക് വളർന്നു വരുന്തോറും ഒരു മരവിപ്പും മടുപ്പും ജീവിതമാകെ ഉണ്ടായി. ദൈവത്തോടുതന്നെ ഒരു

പരിഭവവും ഹൃദയത്തിൽ നിറയെ നിരാശയും മ്ലാനതയുമാ യിട്ടാണ് ഞാൻ വളർന്നുവന്നത്.

എന്നാൽ പഠിക്കാൻ എനിക്കു നല്ല താല്പര്യമായിരുന്നു. നല്ലതുപോലെ പഠിക്കുകയും ചെയ്തു. ആലുവ യു.സി. കോളേജിൽനിന്ന് ഞാൻ M.Sc. പാസ്സാകുമ്പോൾ വളരെ ഉയർന്ന മാർക്ക് എനിക്കുണ്ടായിരുന്നു.

പള്ളിയാരാധന, നോമ്പ്, നമസ്ക്കാരം മുതലായ കാര്യങ്ങ ളിൽ നല്ല ചിട്ടയായ മതഭക്തി എനിക്കുണ്ടായിരുന്നു. ചട ങ്ങുകളും അനുഷ്ഠാനങ്ങളും എല്ലാം നല്ല ഭക്തിയോടെ ഞാൻ ആചരിച്ചിരുന്നു. നല്ല ഭക്തിയുള്ള ജീവിതമാണ് ഞാൻ നയിക്കുന്നതെന്ന് ഞാൻ ധരിച്ചിരുന്നു.

പക്ഷേ, നിരാശയ്ക്ക് പുറമേ, സ്വയനീതിയും അഹങ്കാ രവും സ്വയമതിപ്പും എല്ലാം എനിക്കുണ്ടായിരുന്നു. ഇവ യൊന്നും പാപമാണെന്ന് ഞാനറിഞ്ഞിരുന്നില്ല. ലോകത്തിൽ സുഖമായി ജീവിക്കുക, വളരെ ഉയർന്ന നിലയിൽ എത്തു ക, ധാരാളം പണം ഉണ്ടാക്കുക, എല്ലാവരും അംഗീകരിക്കു ക, ആദരിക്കുക എന്നിങ്ങനെ ലോകമയമായിരുന്നു എന്റെ ആഗ്രഹങ്ങളും കാഴ്ചപ്പാടുകളും.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എന്റെ വിവാഹമാണ് എന്റെ ജീവിതത്തിൽ ക്രിസ്തു വിനെ കണ്ടെത്താൻ മുഖാന്തരമായത്. യാക്കോബായ സഭ യിലെ ഏറ്റവും സീനിയർ വൈദികനായ ബഹു. ചാന്ത്യത്തി ലച്ചന്റെ മരുമകളായിത്തീരുക എന്നത് ലോകപ്രകാരം ഒരു വലിയ ഭാഗ്യപദവിയായിട്ടാണ് കരുതിയത്. എന്നാൽ എന്റെ ഭർത്താവ്, പ്രൊഫ. സി.എം. മാത്യു, സത്യമാനസാന്തരത്തി ലേക്ക് വന്നതോടെ ആ ജീവിതത്തിൽ വന്ന സമൂലമായ

മാറ്റവും രൂപാന്തരവും എന്നിൽ ശക്തമായ സ്വാധീനം ചെലുത്തി. ആഴത്തിലുള്ള ശുദ്ധീകരണം എന്റെ ഭർത്താവിൽ നടന്നപ്പോൾ ഞാനും ആ പ്രക്രിയയോടൊന്നായിച്ചേർന്നു. അങ്ങനെ ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പുമായി ഞാൻ ബന്ധപ്പെട്ടു. എന്റെ സ്വയനീതിയും ലോകസ്നേഹവും വലിയ പാപങ്ങളാണെന്ന് എനിക്ക് മനസ്സിലായി. എന്റെ ജീവിതം യാതൊരു വ്യവസ്ഥയുമില്ലാതെ ഞാൻ ക്രിസ്തുവിന്റെ കരങ്ങളിൽ സമർപ്പിച്ചു.

മാനസാന്തരത്തിനുശേഷമുള്ള അനുഭവമെന്താണ്?

ഞാൻ അത്ഭുതകരമായ ഒരു സമാധാനം ഇന്ന് അനുഭവിക്കുന്നു. എന്റെ ആന്തരികജീവിതം സമ്പൂർണ്ണമായി രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന് എന്നിൽ ഇടം കൊടുത്തുകൊണ്ട് ഞാൻ ആന്തരിക ശാന്തിയോടെ ജീവിക്കുന്നു. ക്രിസ്തുവിനെ തിരിച്ചറിയുമ്പോഴുണ്ടാകുന്ന സ്വസ്ഥതയും ശാന്തിയും അത്ഭുതകരമാണെന്ന് ഞാനിന്നറിയുന്നു. എല്ലാവരോടും സ്നേഹവും മറ്റുള്ളവരെ ശ്രേഷ്ഠരായി കാണാനുള്ള ഭാഗ്യവും ഇന്നെനിക്ക് ലഭിക്കുന്നു. ഇന്ന് കുടുംബമായി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ മുഴുകി ഞാൻ ജീവിക്കുന്നു.

ലീല ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലെ വനിതാ സമ്മേളനങ്ങളുടെ ചുമതല നിർവ്വഹിക്കുന്ന ഒരനുഗൃഹീത ദൈവപൈതലാണ്. അമ്മയുടെ ഗർഭം മുതൽ കണ്ട് കർത്താവ് വളർത്തിക്കൊണ്ടു വരുന്ന ഒരാൾ എന്ന് തന്നത്താനറിഞ്ഞപ്പോഴുള്ള ആത്മീയലഹരി അനുഭവിച്ചുകൊണ്ട് ഇന്ന് ജീവിക്കുന്നു.

മാന്യ സഹോദരാ, പ്രിയ സഹോദരീ, നിന്റെ ജീവിതത്തിൽ ഈ അത്ഭുതകൃപ അനുഭവിക്കണമെന്ന് താല്പര്യ

പ്പെടുന്നുവോ?

ഒരു മനുഷ്യന്റെ സ്വഭാവം മാറ്റുന്നതാണ് ഏറ്റവും വലിയ കൃപയെന്ന് നീ അറിയുന്നുവോ? ഒരു കൃപയുടെ പൈതലായി ഇന്നു മുതൽ ജീവിക്കാൻ നീ തീരുമാനിക്കുന്നുവോ?

എങ്കിൽ ഇപ്പോൾ ക്രിസ്തുവിനോട് ഉള്ളു തുറന്നു പറയൂ: നാഥാ, ഇത്രയും നാൾ എന്നെത്തന്നെ കാണാതെയും ദൈവം ആരെന്ന് അറിയാതെയും ഞാൻ ജീവിച്ചുപോയി. എന്നെ കൃപയാലെ വിളിക്കുന്ന ക്രൂശിലെ സ്നേഹത്തെ വിശ്വസിച്ചുകൊണ്ട് ഞാനിതാ, തൃപ്പാദത്തിൽ വരുന്നു. നിന്റെ പാദത്തിൽ ഞാൻ എന്നെ അർപ്പിക്കുന്നു. എന്നോട് മനസ്സലിയണമേ. എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വന്ന് എന്നെ നിന്റെ വകയാക്കണമേ.

## ഒൻപത്

"സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായിത്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും."

സെഖര്യാവ് 4 : 6 – 7

കൃപയുടെ അത്യന്ത ധനത്തെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചുവല്ലോ.

കൃപ ലഭിച്ച ചില ഭാഗ്യശാലികളെപ്പറ്റി തിരുവെഴുത്ത് രേഖപ്പെടുത്തുന്നുണ്ട്.

ഒന്ന്, കന്യകമറിയാമിന് കൃപ ലഭിച്ചു.

"കൃപ ലഭിച്ചവളേ, നിനക്കു വന്ദനം. കർത്താവ്

നിന്നോടുകൂടെയുണ്ട്.”  ലൂക്കോസ് 1 : 28

“മറിയയേ, ഭയപ്പെടേണ്ട; നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.”  ലൂക്കോസ് 1 : 30

ഗലീല ഡിസ്ട്രിക്ടിലെ നസ്രേത്ത് എന്ന ഗ്രാമത്തിലെ ഒരു പാവപ്പെട്ട പെൺകുട്ടിക്ക് ദൈവകൃപ ലഭിച്ചു. ഒരു കുഗ്രാമത്തിലെ ഒരു അപരിഷ്കൃത, ദരിദ്ര യുവതിക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

തിശ്ബി എന്ന കുഗ്രാമത്തിലെ ഏലിയാവ് എന്ന യുവാവ് ഉയർന്നു വന്നു. ദൈവവഴിയിലേക്ക് തിരിഞ്ഞതോടെ ഐശ്വര്യം ആരംഭിച്ചു. സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിൽ തീ ഇറക്കുന്ന പ്രാർത്ഥനാ വീരനായിത്തീർന്നു.

കന്യകമറിയം പരിഭ്രമിച്ചുപോയി. ഇതെന്തൊരു വന്ദനം. എന്താണ് കൃപ ലഭിക്കുക എന്നു പറഞ്ഞാൽ, എന്നെല്ലാം അമ്പരപ്പോടെ ചിന്തിച്ചു. അപ്പോഴാണ് വീണ്ടും ഗബ്രിയേൽ മാലാഖ പറയുന്നത് :

“മറിയയേ, ഭയപ്പെടേണ്ട; നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവനാകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല.”
ലൂക്കോസ് 1 : 30 - 33

എന്തോ ഗൗരവമേറിയ കാര്യങ്ങളാണ് ഈ തേജോമയ

നായ ദൈവദൂതൻ പറയുന്നത് എന്ന് മറിയാമിന് മനസ്സിലായി. പക്ഷേ ഈ പറഞ്ഞതൊന്നും ഉൾക്കൊള്ളാൻ പറ്റുന്നില്ല. ഒന്നും ഗ്രഹിക്കാൻ സാധിക്കുന്നില്ല. അനേകം സംശയങ്ങൾ ഹൃദയത്തിൽ ഉയർന്നു വരികയാണ്.

സംശയം മറച്ചു വെച്ചില്ല.

> "ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും?" ലൂക്കോസ് 1 : 34

ദൂതന്റെ മറുപടി വളരെ കൃത്യമാണ്.

> "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും." 1 : 35

എഴുന്നൂറ്റമ്പതു കൊല്ലം മുമ്പ് യെശയ്യാ പ്രവാചകനിൽകൂടെ നിത്യനായ ദൈവം ഇക്കാര്യം മുൻകൂട്ടി അറിയിച്ചിരുന്നു എന്നൊന്നും സാധുവായ ആ കന്യക അറിയുന്നില്ല.

> "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും." യെശയ്യാ 7 : 14

അന്ന് യെശയ്യാവ് അതു പറയുമ്പോൾ എഴുത്തുകാരനായ ശിമയോൻ സംശയിച്ച് എഴുത്ത് നിറുത്തുകപോലും ചെയ്തതാണ്. കന്യക ഗർഭിണിയാകുമോ? എന്ന സംശയത്തിന്റെ ചോദ്യം ഉയർന്നപ്പോൾ ശിമയോന് കിട്ടിയ അരുളപ്പാട്,, "കർത്താവിന്റെ ക്രിസ്തുവിനെ കാണുംമുമ്പെ മരണം കാൺകയില്ല" (ലൂക്കോസ് 2:26) എന്നായിരുന്നു.

ആ ശിമയോൻ ഇന്നും 'കന്യക ഗർഭിണിയായി മകനെ പ്രസവിക്കും' എന്ന പ്രതീക്ഷയോടെ അത് കാണാൻ കാത്തിരിക്കുകയാണ് എന്നൊന്നും അപ്പോൾ മറിയം ചിന്തിച്ചില്ല. അവൾക്ക് അറിയാനും പാടില്ലായിരുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പ് ഏദൻതോട്ടത്തിൽ ആദിമ മനുഷ്യന് വന്ന പാപവും ശാപവും മാറ്റാനും പാമ്പിന്റെ തല ചതയ്ക്കാനും സ്ത്രീയുടെ സന്തതിയായി ഒരുവൻ പിറക്കും എന്ന കാര്യവും പാവം മറിയാമിനറിഞ്ഞുകൂടായിരുന്നു. എല്ലാവരും പുരുഷന്റെ സന്തതിയായിരിക്കെ ഒരാളെക്കുറിച്ചുമാത്രം 'സ്ത്രീയുടെ സന്തതി' എന്നു പറയുന്നതെന്തുകൊണ്ടായിരിക്കും എന്ന് ചിന്തിക്കാനും മറിയാമിന് തോന്നിയില്ല.

നാലായിരം വർഷം മുമ്പ് നിത്യനായ ദൈവം "സ്ത്രീയുടെ സന്തതി" എന്ന് പറഞ്ഞതിലെ സ്ത്രീ, എഴുന്നൂറ്റമ്പതു കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" എന്നു പറഞ്ഞതിലെ കന്യക - അതു രണ്ടും എന്നെക്കുറിച്ച് ദൈവം മുൻകൂട്ടിക്കണ്ട് പറഞ്ഞതാണെന്ന് മറിയാം അറിഞ്ഞിരുന്നില്ല. ചരിത്രത്തിലെ ഒരു മഹാത്ഭുതമായി ദൈവം മുന്നമേ കണ്ട്, ഒരുക്കിക്കൊണ്ടുവരുന്നവളാണ് നിരക്ഷരകുക്ഷിയും അപരിഷ്കൃതയും അധ:സ്ഥിതയുമായ ഞാൻ എന്ന് മറിയാം അറിഞ്ഞില്ല.

ഒന്നുമൊന്നും അറിയാൻ വയ്യെങ്കിലും ദൂതൻ പറഞ്ഞ വചനം അവൾ ശ്രദ്ധിച്ചു :

> "നിന്റെ ചാർച്ചക്കാരത്തി എലീശബത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്ക് ഇത് ആറാം മാസം. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലൊ." ലൂക്കോസ് 1 : 36 - 37

"ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലെ"ന്ന വചനം മറിയാമിനെ ഉണർത്തി. ദൈവത്തിലുള്ള അവളുടെ വിശ്വാസം എല്ലാ സംശയവിചാരങ്ങളെയും അവിശ്വാസ ചിന്തകളെയും നിശ്ശേഷം മാറ്റി.

അതുകൊണ്ട് വരാവുന്ന അപമാനത്തെയും ലജ്ജയെയും മനുഷ്യരിൽനിന്ന് നേരിടാനിടയുള്ള നിന്ദയെയും പരിഹാസ ത്തെയും എല്ലാം നിസ്സാരമെന്ന് കരുതുവാൻ മറിയാമിന് സാധിച്ചു. ഒട്ടും വൈകാതെ ആ തിരുവചനത്തിന്റെ മുന്നിൽ മറിയാം സമർപ്പിച്ചു :

> "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ."
>
> ലൂക്കോസ് 1 : 38

കന്യകമറിയാമിന് കൃപ ലഭിച്ചു; ക്രിസ്തുവിനെ ലഭിച്ചു. സാക്ഷാൽ ലോകരക്ഷിതാവിനെ ലഭിച്ചു.

കന്യക മറിയാം ലഭിച്ച വചനം കൈക്കൊണ്ടു. വചനം കൈക്കൊള്ളുന്നതുമൂലം വരുവാനിടയുള്ള ഭവിഷ്യത്തുകളെ ചിന്തിച്ചില്ല. വിവാഹം നിശ്ചയിച്ചിട്ടേയുള്ളൂ; വിവാഹിതയായി ട്ടില്ല; അപ്പോഴേക്കും ഗർഭിണിയായിരിക്കുന്നു എന്നെല്ലാം പൊതുജനം പറയാൻ പോകുന്ന ആക്ഷേപ വാക്കുകളെ തെല്ലും ഭയപ്പെട്ടില്ല. അതുകൊണ്ട് സമാധാനത്തോടും പ്രാഗ ത്ഭ്യത്തോടുംകൂടി പറയാൻ കഴിഞ്ഞു :

> "ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും; ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു."
>
> ലൂക്കോസ് 1 : 48 – 49

പ്രിയ സ്നേഹിതാ, ദൈവത്തിന്റെ വചനത്തെ പൂർണ്ണ

വിശ്വാസത്തോടെ സ്വീകരിപ്പാൻ നിനക്ക് താല്പര്യമുണ്ടോ? ക്രിസ്തുവിനെ കൈക്കൊള്ളാൻ നിന്റെ ഹൃദയം നീ തുറക്കുന്നുവോ? എങ്കിൽ തലമുറകൾ ആദരിക്കുന്ന മഹാഭാഗ്യം നിനക്ക് കരഗതമാകും.

രണ്ടാമതായി, നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

നോഹയെക്കുറിച്ച് തിരുവെഴുത്തു പറയുന്നു :

> "നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു.................. നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു" .......... ഉല്പത്തി 6 : 8 – 9

നോഹയ്ക്ക് കൃപ ലഭിച്ചു. നോഹയ്ക്ക് ദൈവവചനം ലഭിച്ചു. വരാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള വചനം ലഭിച്ചു. ആ ശിക്ഷാവിധിയിൽനിന്ന് ഒഴിവാകേണ്ടത് എങ്ങനെ എന്നുള്ള വചനം ലഭിച്ചു. ശിക്ഷാവിധിയിൽനിന്ന് രക്ഷപ്പെടാൻ എന്തു ചെയ്യണമെന്ന വചനം ലഭിച്ചു. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

ഒരു വലിയ ജലപ്രളയം വരാൻ പോകുന്നു എന്ന് ദൈവം നോഹയോട് അരുളിച്ചെയ്തു. ജനത്തിന്റെമേൽ കൊടിയ ശിക്ഷാവിധി വരുന്നു എന്നു മുൻകൂട്ടി കല്പിച്ചു. വലിയ വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പ് ലഭിച്ചു.

അതുവരെ ഭൂമിയിൽ മഴ പെയ്തിട്ടില്ല. "ഭൂമിയിൽനിന്ന് മഞ്ഞുപൊങ്ങി, നിലം ഒക്കെയും നനച്ചുവന്നു." ഉല്പത്തി 2 : 6

അതുവരെ കാണാത്ത മഴയെക്കുറിച്ചാണ് നോഹയ്ക്ക് അരുളപ്പാടുണ്ടായത്. എബ്രായലേഖനകർത്താവു പറയുന്നു :

> "വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു." 11 : 7

ദൈവത്തിന്റെ വചനം നോഹ വിശ്വസിച്ചു. അതുകൊണ്ട് ദൈവം കല്പിച്ച മാതൃകയിൽ നോഹ പെട്ടകം പണിതു.

എന്നാൽ ജനങ്ങളാരും നോഹ പറഞ്ഞത് വിശ്വസിച്ചില്ല. അവർ പെട്ടകത്തിൽ കയറാൻ തയ്യാറായില്ല. അവർ, ദൈവം തങ്ങളുടെ മുമ്പിൽ ഒരുക്കിവെച്ച കൃപയെ, വ്യർത്ഥമാക്കിക്കളഞ്ഞു.

പൗലോസ് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നു :

> "നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായിത്തീരരുത്." 2 കൊരിന്ത്യർ 6 : 1

> "എങ്കിലും പരീശൻമാരും ന്യായ ശാസ്ത്രിമാരും അവനാൽ സ്നാനം ഏല്ക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്ക് വൃഥാവാക്കിക്കളഞ്ഞു." ലൂക്കോസ് 7 : 30

പൗലോസ് പറഞ്ഞു :

> "ഞാൻ അപ്പോസ്തലൻമാരിൽ ഏറ്റവും ചെറിയവനല്ലോ. ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പോസ്തലൻ എന്ന പേരിന് യോഗ്യനുമല്ല. എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല." 1 കൊരി. 15 : 9 – 10

നോഹ ഉണ്ടാക്കിയ പെട്ടകം കർത്താവായ യേശുക്രി

സ്തുവിന്റെ പ്രതീകമാണ്.

നിത്യശിക്ഷാവിധിയിൽനിന്ന് മോചനം തരുവാൻ നിത്യ നായ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗമാണ് കർത്താവായ യേശുക്രിസ്തു.

> "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസി ക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."
>
> യോഹന്നാൻ 3 : 16

കൃപയുടെ കാലത്ത് രക്ഷയുടെ പെട്ടകമായ ക്രിസ്തു വിൽ ആയിത്തീർന്നാൽ ന്യായവിധിയുടെ സമയത്ത് ലജ്ജി തരും നിരാശരും നിഷ്ക്കാസിതരുമാകാതിരിക്കാം. ഇപ്പോൾ കൃപയുടെ പെട്ടകം തുറന്നുവെച്ചിരിക്കുകയാണ്. യേശുക്രി സ്തുവിന്റെ തിരുവിലാവ് തുറക്കപ്പെട്ടു. ഏതു പാപിക്കും ഇപ്പോൾ രക്ഷപ്പെടാം.

ക്രിസ്തു തന്റെ ദേഹം എന്ന തിരശ്ശീല ചീന്തി സ്വർഗ്ഗരാ ജ്യത്തേക്കുള്ള ജീവനുള്ള പുതുവഴി പ്രതിഷ്ഠിച്ചിരിക്കുകയാ ണ്. എബ്രായർ 10:19. ക്രിസ്തുവിനെയും ക്രിസ്തു ക്രൂശിലെ മരണം മൂലം നമുക്ക് നേടിത്തന്ന രക്ഷയും ഇന്നവകാശമാ ക്കുമെങ്കിൽ നിത്യ ന്യാവിധിയിൽനിന്ന് നമുക്ക് രക്ഷ നേടാം. കാരണം.

> "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല." റോമർ 8 : 1

കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പറയുമ്പോൾ കർത്താവ് ഇങ്ങനെ പറഞ്ഞു :

> "നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്നു, അവരെ എല്ലാവരെയും മുടിച്ചു കളഞ്ഞു."
>
> ലൂക്കോസ് 17 : 26 – 27.

നോഹയ്ക്കു ലഭിച്ച കൃപയാൽ നോഹ പെട്ടകം പണിതു. പെട്ടകത്തിന്റെ വാതിൽ തുറന്നിട്ടുകൊണ്ട് നീതിപ്രസംഗിയായ നോഹ നൂറ്റിരുപതു കൊല്ലം ജനത്തെ ആഹ്വാനം ചെയ്തു കൊണ്ടിരുന്നു. ക്രൂരജീവികൾ പെട്ടകത്തിൽ കടന്നു. ഹിംസ്ര മൃഗങ്ങൾ ഉള്ളിൽ പ്രവേശിപ്പിച്ചു. എന്നാൽ സംസ്ക്കാരസ മ്പന്നനെന്നും വിശേഷ ബുദ്ധിയുള്ളവനെന്നും അറിയപ്പെ ടുന്ന മനുഷ്യർ മാത്രം വിശ്വസിക്കാതെ മാറിനിന്നു. അവർ അകത്തു കടന്നില്ല.

ഇന്നും അങ്ങനെയല്ലേ? ഘോര മൃഗ പ്രകൃതിയുള്ളവർ മാനസാന്തരപ്പെട്ട് രക്ഷ അവകാശമാക്കുന്നു. മദ്യപിച്ച് ലക്കു കെട്ട്, ഭാര്യയെയും മക്കളെയും തല്ലിച്ചതച്ച് വീട്ടിലും നാട്ടിലും പേടിസ്വപ്നമായിരുന്നവർ പാപത്തോട് യാത്ര പറഞ്ഞ് സൗഭാ ഗ്യജീവിതം നയിക്കുന്നു. ഉണ്ടായിരുന്നതെല്ലാം ചീട്ടുകളിച്ചും ചൂതാടിയും നശിപ്പിച്ച് കുടുംബദ്വേഷികളായി മാതാപിതാ ക്കൾക്കും സ്വന്തപ്പെട്ടവർക്കും കണ്ണീരും മുറവിളിയും നല്കി ക്കഴിഞ്ഞവർ പുതിയ ജീവിതത്തിന്റെ സൗഭാഗ്യം അനുഭ വിച്ച് ഐശ്വര്യം പ്രാപിക്കുന്നു! കൊള്ളയും കൊലയും നട ത്തി, അധോലോകത്തിന്റെ നീരാളിപ്പിടുത്തത്തിൽപെട്ട് വാട കക്കൊലയാളിയാകാൻ പരിശീലനം നേടിയവർ മാനസാന്ത രപ്പെട്ട് ക്രിസ്തുവാകുന്ന പെട്ടകത്തിൽ കയറി രക്ഷാസങ്കേത ത്തിൽ സമാധാനത്തോടെ ജീവിക്കുന്നു.

സ്വന്തം ഭർത്താവിനെയും മൂന്നു മക്കളെയും വിട്ട് അന്യ പുരുഷനെ വശീകരിച്ച് അവന്റെ ഭാര്യയെയും മക്കളെയും കണ്ണീരിലാഴ്ത്തി കുടുംബങ്ങളെ മുടിച്ചുകൊണ്ടിരുന്നവർ ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹത്തിന്റെ മുന്നിൽ സമർപ്പിച്ച് ആന്തരിക സൗഖ്യം അനുഭവിക്കുന്നു.

ബ്ലൂഫിലിം കണ്ട് രസിച്ചും പെൺകുട്ടികളെ ഐസ്ക്രീം പാർലറിൽ കൊണ്ടുപോയി ഐസ്ക്രീമിൽ കഞ്ചാവ് കലർത്തി ക്കൊടുത്ത് മയക്കിയും ബ്ലൂഫിലിം എടുത്തും കുത്തഴിഞ്ഞ ജീവിതവും കൊള്ളലാഭവുമായി ജീവിതവും കുടുംബവും മുടിച്ചുകൊണ്ടിരുന്നവർ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിന്റെ അത്ഭുതശക്തിയിൽ വിശ്വസിച്ച് സമാധാനജീവിതം നയിക്കുന്നു.

കള്ളക്കണക്കെഴുതിയും നികുതി വെട്ടിപ്പു നടത്തിയും അഴിമതിയും കൈക്കൂലിയുമായി മദിച്ചു പുളച്ച് കഴിഞ്ഞവർ നിത്യജീവന്റെ പരമാനന്ദത്തിന്റെ ലഹരിയിൽ പുതുജീവിതം നയിക്കുന്നു.

രാഷ്ട്രീയ നേതാക്കന്മാരുടെ ചൊല്പടിക്ക് താളം തുള്ളിയും അവരുടെ പിണിയാളുകളായി അനീതിക്കും അധർമ്മത്തിനും പങ്കാളികളായും ലക്ഷ്യമില്ലാതെ സുബോധം പൊയ്പ്പോയവരെപ്പോലെ ജീവിച്ചുവന്നവർ ക്രിസ്തുവിന്റെ ക്രൂശിലെ തിരുരക്തത്തിന്റെ വിശുദ്ധി അനുഭവിച്ച് ദൈവത്തെ സ്തുതിച്ച് സത്യാരാധനയുടെ മാധുര്യം അനുഭവിച്ചു കഴിയുന്നു.

വിദേശത്തിലെ പ്രഭുവിന്റെ അടിമവേല ചെയ്ത് പന്നിയെ മേയ്ച്ച്, പന്നിയുടെ പാത്രത്തിൽനിന്ന് തവിട് തിന്നാൻ ശ്രമിച്ചിട്ടും വിശപ്പടങ്ങാതെ വന്നപ്പോൾ അപ്പന്റെ വീട്ടിലേക്ക് മടങ്ങിവന്ന് അപ്പന്റെ വിരുന്നുമേശയിൽ ചില മുടിയൻ പു

ത്രൻമാർ ഇരിക്കുന്നു!

ഇത്രനാളും വയലിൽ വേല ചെയ്ത മൂത്ത മകനേ, നീ എന്താണ് അറച്ചു മാറിനില്ക്കുന്നത്? നീ എന്താണ് ഗേറ്റിനു പുറത്ത് ചോദ്യവുമായി നില്ക്കുന്നത്? നീ എന്താണ് അകത്തുവന്ന് അപ്പന്റെ സന്തോഷത്തിൽ പങ്കു ചേരാത്തത്? നീ എന്താണ് മത്സരബുദ്ധിയോടെ വാഗ്വാദവും വിമർശനവുമായി നില്ക്കുന്നത്?

വരൂ, അകത്തേക്ക്. നീ സ്വർഗ്ഗത്തിലെ അപ്പന്റെ ഉള്ളു തണുപ്പിക്കൂ. പെട്ടകത്തിന്റെ വാതിൽ തുറന്നുവെച്ചിരിക്കുന്നു. കൃപയുടെ സമയം നഷ്ടപ്പെടുത്തരുതേ. നിനക്കുവേണ്ടി ചങ്കു തുറന്ന്, കുറ്റമറ്റ രക്തം ചിന്തിയ നാഥനോടു പറയൂ :

നാഥാ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി, നിനക്കായി ജീവിക്കും.

## പത്ത്

'സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായിത്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും."
സെഖര്യാവ് 4 : 6 – 7

കൃപ ലഭിച്ച ഭാഗ്യശാലികളെപ്പറ്റി ചിലതെല്ലാം കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചുവല്ലൊ.

ഒന്ന് : കന്യകമറിയാമിന് കൃപ ലഭിച്ചു – ക്രിസ്തുവിനെ ലഭിച്ചു.

രണ്ട് : നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു – ദൈവത്തിന്റെ വചനം ലഭിച്ചു.

മൂന്ന്, യോസേഫിന് ദൈവത്തിന്റെ കൃപ ലഭിച്ചു.

> യഹോവ യോസേഫിനോട് കൂടെയിരുന്നു, കാരാഗൃഹപ്രമാണിക്ക് അവനോട് ദയ തോന്നത്തക്കവണ്ണം അവന്ന് കൃപ നല്കി."
>
> ഉല്പത്തി 39 : 21

യഹോവ യോസേഫിനോടുകൂടെ ഇരുന്നു, അവന് കൃപ നല്കി."

യോസേഫിന്ന് കൃപ ലഭിച്ചു - പാപത്തിന്റെമേൽ ജയം ലഭിച്ചു.

യോസേഫിന്റെ ജീവിതം കണ്ണുനീരിൽ കുതിർന്നതായിരുന്നു. യോസേഫിന്റെ ജീവിതം അത്ഭുതങ്ങളുടെ ജീവിതമായിരുന്നു. യോസേഫിന്റെ ജീവിതം ദൈവിക പരിപാലനത്തിന്റെ ജീവിതമായിരുന്നു.

ബാല്യത്തിൽതന്നെ മാതാവിന്റെ മരണം. രണ്ടാമത്തെ പ്രസവത്തോടെ റാഹേൽ മരിച്ചു. ചോരക്കുഞ്ഞായ ബെന്യാമീനെ മടിയിൽ വെച്ച്കൊണ്ടുള്ള യാക്കോബിന്റെ കരച്ചിൽ യോസേഫിന് മറക്കാനാവില്ല.

ബേത്‌ലഹേമിലേക്കുള്ള വഴിയുടെ അരികത്ത്, യാത്രാമദ്ധ്യേ, തിടുക്കത്തിൽ റാഹേലിനെ അടക്കിയിട്ട് മുന്നോട്ടുപോയ കഥ യോസേഫ് പലപ്പോഴും ഓർത്ത് വിതുമ്പും. അമ്മയില്ലാത്ത മകൻ. അമ്മയുടെ ലാളനം കൊതിച്ച മകൻ. പക്ഷേ അത് തനിക്ക് ഒരിക്കലും ലഭിക്കുകയില്ലെന്ന ദു:ഖസത്യത്തോട് മനസ്സിണങ്ങിച്ചേരാൻ മടിച്ച കാലങ്ങൾ.

ചേട്ടൻമാർ പത്തുപേരെയും അവരുടെ അമ്മമാർ ലാളിക്കുന്നതു കാണുമ്പോൾ യോസേഫിന്റെ ഹൃദയം ഏങ്ങലടി

ക്കും. കണ്ണുനീരടക്കിക്കൊണ്ട് യോസേഫ് അതെല്ലാം ഏറു കണ്ണിട്ടു നോക്കും. തനിക്കാസൗഭാഗ്യം നിഷേധിക്കപ്പെട്ടിരിക്കുന്നല്ലൊ എന്ന് ഓർത്ത് തന്നത്താൻ സമാധാനപ്പെടുത്തും.

പക്ഷേ എന്തിനാണ് ചേട്ടൻമാർ പത്തുപേരും തന്നെ ദ്വേഷിക്കുന്നത്? യോസേഫിന് മനസ്സിലാകുന്നില്ല. അവർ അസൂയാലുക്കളാകുവാൻ തനിക്ക് എന്തു മേൻമയുള്ളൂ? അമ്മയില്ലാത്ത മകനോട് അപ്പന് പ്രത്യേക വാത്സല്ല്യം തോന്നിയത് സ്വാഭാവികമല്ലോ? എന്തിനീ സഹോദരൻമാർ പകയ്ക്കുന്നു. ഉല്പത്തി 37 : 4

> “അവർ അവനെ പിന്നെയും അധികം പകച്ചു.” ഉല്പത്തി 37 : 6

> “അവർ അവനെ പിന്നെയും അധികം ദ്വേഷിച്ചു.” ഉല്പത്തി 37 : 9

> “അവന്റെ സഹോദരന്മാർക്ക് അവനോട് അസൂയ തോന്നി.” ഉല്പത്തി 37 : 11

സഹോദരൻമാരുടെ സുഖാന്വേഷണത്തിനായി അവൻ ആടുമേയ്ക്കുന്നയിടം തേടിച്ചെന്നപ്പോൾ അവർ അവനെതിരായി ഗൂഢാലോചന ചെയ്തു. അവനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു.

പിന്നീട് കിണറ്റിൽനിന്ന് പൊക്കിയെടുത്ത്, യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റു. തന്റെ വിലയായ ഇരുപതു വെള്ളിക്കാശ് അവർ എണ്ണി എടുക്കുന്നത് കണ്ട് യോസേഫ് ഉറക്കെ കരഞ്ഞു.

പക്ഷേ, അപ്പോഴെല്ലാം യോസേഫ് ദൈവത്തെ മറന്നില്ല. എനിക്കെന്താണിങ്ങനെ അടിയ്ക്കടി ആപത്തുകൾ എന്ന്

അവൻ ദൈവത്തെ ചോദ്യം ചെയ്തില്ല. ദൈവത്തോടവൻ പരിഭവിച്ചില്ല. കൂരിരുളിനുശേഷം ഒരു പൊൻപുലരി വിരിയും എന്ന പ്രത്യക്ഷയോടെ അവൻ സർവ്വശക്തനും സർവ്വകൃപാലുവുമായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടിരുന്നു.

ശരീരത്തെ കൊല്ലുവാനിട്ട പരിപാടി പരാജയപ്പെട്ടതിൽ നിരാശനാകാതെ ശത്രുവായ പൈശാചികൻ യോസേഫിനെ ആത്മാവിൽ തകർക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തു. പൊത്തീഫറിന്റെ ഭാര്യയെയാണ് സാത്താനവിടെ ആയുധമാക്കിയത്.

യിശ്മായേല്യക്കച്ചവടക്കാർ മിസ്രയീമിലെ ഉന്നതോദ്യോഗസ്ഥനായ പൊത്തീഫറിന് യോസേഫിനെ വിറ്റു. ആ സന്ദർഭം പിശാച് നല്ല തക്കമെന്ന് കരുതി ദൈവപൈതലിനെ കെണിയിൽ വീഴ്ത്താൻ കരുക്കളൊരുക്കി. തിരുവെഴുത്തിൽ നാം വായിക്കുന്നു :

> “പൊത്തീഫറിന്റെ ഭാര്യ യോസേഫിൻമേൽ കണ്ണു പതിച്ചു : എന്നോടുകൂടെ ശയിക്ക എന്ന് പറഞ്ഞു. അവൻ അതിന്നു സമ്മതിക്കാതെ യജമാനന്റെ ഭാര്യയോട്: ഇതാ, വീട്ടിൽ എന്റെ കൈവശമുള്ള യാതൊന്നും എന്റെ യജമാനൻ അറിയുന്നില്ല; തനിക്കുള്ളതൊക്കെയും എന്റെ കൈയിൽ ഏല്പിച്ചിരിക്കുന്നു. ഈ വീട്ടിൽ എന്നെക്കാൾ വലിയവനില്ല; നീ അവന്റെ ഭാര്യയാകയാൽ നിന്നെയല്ലാതെ മറ്റു യാതൊന്നും അവൻ എനിക്ക് വിരോധിച്ചിട്ടുമില്ല; അതുകൊണ്ട് ഞാനീ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നതെങ്ങനെ എന്നു പറഞ്ഞു. അവൾ ദിനംപ്രതിയും യോസേഫിനോട് പറഞ്ഞിട്ടും അവളോടു

കൂടെ ശയിപ്പാനോ അവളുടെ അരികെ ഇരി
പ്പാനോ അവൻ അവളെ അനുസരിച്ചില്ല.”
ഉല്പത്തി 39 : 7 - 10

ഇതുകൊണ്ടൊന്നും സാത്താൻ ലജ്ജിക്കാതെ, മടുക്കാതെ പിന്നെയും ആ സ്ത്രീയിൽകൂടെ യോസേഫിനെ വീഴിക്കാൻ ശ്രമിച്ചു. ഒരു ദിവസം വീട്ടിൽ ആരും ഇല്ലാതിരുന്ന സമയം അവൾ അവന്റെ വസ്ത്രം കയറിപ്പിടിച്ചു. എന്നോടുകൂടെ ശയിക്ക എന്ന് പറഞ്ഞു. അവൻ തന്റെ വസ്ത്രം അവളുടെ കൈയിൽ വിട്ടേച്ച് പുറത്തേക്ക് ഓടിക്കളഞ്ഞു.

അവളുടെ ഇംഗിതത്തിന് വഴങ്ങുകയില്ലെന്ന് മനസ്സിലായപ്പോൾ അവൾ വൈരാഗ്യത്തോടെ യോസേഫിനെക്കുറിച്ച് അപവാദം പറഞ്ഞുപരത്തി. വീട്ടിലുള്ളവരെല്ലാവരോടും ഭർത്താവിനോടും പറഞ്ഞു. അവൾ പറയുന്നത് ശരിയാണെന്ന് ആർക്കും തോന്നാൻ തക്കവണ്ണം യോസേഫിന്റെ ഉടുവസ്ത്രം വീട്ടിനകത്ത് കാണുകയും ചെയ്തു. ആ വസ്ത്രം ഉയർത്തിപ്പിടിച്ചുകൊണ്ടല്ലേ അവൾ അപവാദം പരത്തുന്നത് ! പൊത്തീഫർ യോസേഫിനെ കാരാഗൃഹത്തിലാക്കി.

From the pit of death to the pit of disaster - മരണത്തിന്റെ പടുകുഴിയിൽനിന്ന് അപകടത്തിന്റെ ഗർത്തത്തിലേക്ക്, രണ്ടിലും പ്രവർത്തിച്ചത് സാത്താൻ. മരണത്തിന്റെ പടുകുഴി - പൊട്ടക്കിണറായിരുന്നു. അപകടത്തിന്റെ ഗർത്തം പൊത്തീഫറിന്റെ ഭവനമായിരുന്നു.

അവിടെനിന്നും pit of prison ലേയ്ക്ക് - കാരാഗൃഹത്തിന്റെ പടുകുഴിയിലേക്ക്. പൊത്തീഫറിന്റെ ഭാര്യ എത്ര തൻമയത്വമായിട്ടാണ് ഭർത്താവിനോട് പറയുന്നത് !

“നീ കൊണ്ടുവന്നിരിക്കുന്ന എബ്രായ ദാസൻ

എന്നെ ഹാസ്യമാക്കുവാൻ എന്റെ അടുക്കൽ വന്നു. ഞാൻ ഉറക്കെ നിലവിളിച്ചപ്പോൾ അവൻ തന്റെ വസ്ത്രം എന്റെ അടുക്കൽ വിട്ടേച്ച് പുറത്തേയ്ക്ക് ഓടിപ്പോയി." ഉല്പത്തി 39 : 17 – 18

"That Hebrew slave tried to rape me and I was only saved by my screams. He fled leaving his jacket behind" എന്നാണ് Living Bible- ൽ രേഖപ്പെടുത്തിയിരിക്കുന്നത്.

അങ്ങനെ യോസേഫ് കാരാഗൃഹത്തിലെത്തി. മരണത്തിന്റെ പടുകുഴിയായ പൊട്ടക്കിണറ്റിൽ ദൈവകൃപ കൂടെയുണ്ടായിരുന്നു. പാപത്തിന്റെ കഠിനമായ പ്രലോഭനത്തിന്റെ അപകടരംഗത്തും ദൈവകൃപ യോസേഫിനോടു കൂടെയുണ്ടായിരുന്നു. കൽത്തുറുങ്കിന്റെ ഭീകരമായ ദുരിതാനുഭവത്തിലും ദൈവകൃപ കൂടെയുണ്ടായിരുന്നു.

കാരാഗൃഹത്തിലെത്തിയ യോസേഫിനെ മറ്റു തടവുകൾ സ്വീകരിച്ചതെങ്ങനെയായിരിക്കും?

"ഇവന് യജമാനന്റെ വീട്ടിലെ അടിമവേല ചെയ്താൽ പോരായിരുന്നോ? യജമാനന്റെ ഭാര്യയിൽ കണ്ണുവെയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നോ?" ഒരാൾ പറഞ്ഞു.

"യജമാനൻ അവനെ വിശ്വസിച്ച് എല്ലാം അവനെ ഏല്പിച്ചപ്പോൾ, ഇവൻ വിചാരിച്ചു ഭാര്യയെയും ഏല്പിച്ചു എന്ന്" , മറ്റൊരാൾ പരിഹസിച്ചു.

"എടാ, നീ ബലാല്ക്കാരം ചെയ്യാൻ ചെന്നപ്പോൾ ആ സ്ത്രീ നിലവിളിക്കുക മാത്രമേ ചെയ്തുള്ളുവോ? അതോ അവൾ നിന്നെ അടിച്ചോ?" മറ്റൊരാളുടെ നിന്ദാവാക്കുകൾ.

"നിന്റെ കവിളത്തു മാത്രമേ അടിച്ചുള്ളുവോ? അതോ

വേലക്കാരെല്ലാം വന്ന് നിന്നെ ആസകലം മർദ്ദിച്ചോ?" പുച്ഛ രസത്തിലുള്ള ചോദ്യം.

ആക്ഷേപഹാസ്യം നിറഞ്ഞ ഈ ചോദ്യശരങ്ങളേറ്റപ്പോൾ യോസേഫ് ഒന്നും മിണ്ടാതെ എല്ലാം സഹിച്ച് ഇരുന്നു. എല്ലാവരും തെറ്റിദ്ധരിച്ചാലും എല്ലാം ശരിയായി ധരിക്കുന്ന ഒരാളുണ്ടല്ലൊ എന്ന ദൃഢവിശ്വാസത്തിൽ യോസേഫ് മൗന മായിരുന്നു.

അവന്റെ വസ്ത്രം അവളുടെ കിടപ്പുമുറിയിൽനിന്ന് കണ്ടെ ടുത്തത് വ്യക്തമായ തെളിവായി അവനെതിരായി നില്ക്കുക യല്ലേ? അവസരം കിട്ടിയാൽ ഈ പ്രായത്തിൽ പാപം ചെയ്യാത്തവനുണ്ടോ? എന്നല്ലേ ആർക്കും തോന്നുകയുള്ളൂ ? താൻ എത്ര സത്യം പറഞ്ഞാലും മനുഷ്യർ വിശ്വസിക്കുക യില്ലല്ലോ?

'കാലം സത്യം തെളിയിക്കും' - യോസേഫ് സ്വയം സമാ ധാനപ്പെടുത്തി. സത്യത്തെ ക്രൂശിക്കാം; സത്യത്തെ മൂടിവെ യ്ക്കാം. സത്യം ഒരുനാൾ ഉയിർത്തെഴുന്നേൽക്കും.

മാന്യ ദൈവപൈതലേ, നീ ക്രിസ്തുവിന്റ ക്രൂശിലേക്ക് നോക്കൂ. ദൈവകൃപയുടെ മൂർത്തിമദ്ഭാവമായവൻ ഇതാ, ഒരു കുറ്റവാളിയെപ്പോലെ ക്രൂശിൽ കിടന്നു പിടയുന്നു! രണ്ടു കൊള്ളക്കാരുടെ മദ്ധ്യത്തിൽ അവരിൽ ഒരുവനെ പ്പോലെ എണ്ണപ്പെടുന്നു! ഏറ്റവും നീചനും നിഷ്ഠൂരനുമായ ഒരു അധർമ്മിയെപ്പോലെ ക്രൂശിലെ യാതന നിസ്സഹായ നായി കിടന്ന് സഹിക്കുന്നു!

> "കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടി നെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോ

ലെയും അവൻ വായെ തുറക്കാതിരുന്നു. അവൻ പീഢനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു.... അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന്ന് ദുഷ്ടൻമാരോടുകൂടെ ശവക്കുഴി കൊടുത്തു." യെശയ്യാവ് 53 : 7 – 9

"അവന്റെ താഴ്ചയിൽ അവന്ന് ന്യായം കിട്ടാതെ പോയി." അപ്പോ. പ്രവൃത്തികൾ 8 : 33

കർത്താവായ യേശുക്രിസ്തുവിന്റെ പ്രതീകമായി യോസേഫ് കാരാഗൃഹത്തിൽ നിന്ദയേറ്റ് കിടന്നു. പക്ഷേ, അവിടെയും യോസേഫിനോടുകൂടെ ദൈവകൃപയുണ്ടായിരുന്നു.

"എന്നാൽ യഹോവ യോസേഫിനോടുകൂടെയിരുന്നു, കാരാഗൃഹപ്രമാണിക്ക് അവനോട് ദയ തോന്നത്തക്കവണ്ണം അവന്ന് കൃപ നല്കി."

സ്നേഹിതാ, ചില പ്രമാണികൾക്ക് നിന്നോടു ദയ തോന്നണമെങ്കിൽ ദൈവകൃപ വേണം. ചില നിഷ്ഠൂര മനുഷ്യർക്ക് നിന്നോട് കരുണ തോന്നണമെങ്കിൽ ദൈവകൃപ വേണം.

കർത്താവേ, നിന്റെ കൃപ എപ്പോഴും എന്റെമേൽ ഉണ്ടായിരിക്കണമേ എന്ന് പ്രാർത്ഥിക്കാം. കർത്താവേ, നിന്റെ കൃപയുടെ കരം എന്നിൽനിന്ന് മാറിപ്പോകരുതേ എന്ന് നമുക്ക് യാചിക്കാം.

പതിമൂന്നു കൊല്ലം കാരാഗൃഹത്തിൽ. പതിനേഴാമത്തെ വയസ്സുമുതൽ മുപ്പതാമത്തെ വയസ്സുവരെയും, കൽത്തുറുങ്കിന്റെ ദുരിതപൂരിതമായ യാതനയിൽ!

കാരാഗൃഹവാസകാലത്ത് ആശയുടെ നേരിയ ഒരു പ്രകാശനം ഉദിക്കുന്നതുപോലെ തോന്നി. സഹതടവുകാരിൽ ഫറവോരാജാവിന്റെ പാനപാത്ര വാഹകനും അപ്പക്കാരനുമുണ്ടായിരുന്നു. അവർ രണ്ടുപേരും വെവ്വേറെ അർത്ഥമുള്ള സ്വപ്നം കണ്ടു. അതിന്റെ അർത്ഥം രണ്ടുപേർക്കും യോസേഫ് പറഞ്ഞുകൊടുത്തു. അപ്പക്കാരനെ ഫറവോൻ കൊല്ലുമെന്നും പാനപാത്രവാഹകനെ മൂന്നു ദിവസത്തിനകം കാരാഗൃഹത്തിൽനിന്ന് മോചിപ്പിച്ച് പഴയ ജോലിയിലാക്കും എന്നായിരുന്നു അർത്ഥം.

പാനപാത്രവാഹകനോട് യൗസേഫ് ഒരു കാര്യം വളരെ കാര്യമായി അപേക്ഷിച്ചു :

> “നീ ശുഭമായിരിക്കുമ്പോൾ എന്നെ ഓർത്ത് എന്നോട് ദയ ചെയ്ത് ഫറവോനെ എന്റെ വസ്തുത ബോധിപ്പിച്ച് എന്നെ ഈ വീട്ടിൽനിന്ന് വിടുവിക്കേണമേ. എന്നെ എബ്രായരുടെ ദേശത്തുനിന്ന് കട്ടുകൊണ്ട് പോന്നതാകുന്നു. ഈ കുണ്ടറയിൽ എന്നെ ഇടേണ്ടതിന് ഞാൻ ഇവിടെയും യാതൊന്നും ചെയ്തിട്ടില്ല.” ഉല്പത്തി 40 : 14 – 15

മകനേ, മനുഷ്യർ നിനക്ക് ഒത്താശ തരണമെന്നില്ല. നാം ഇങ്ങനെ വായിക്കുന്നു :

> “എങ്കിലും പാനപാത്രവാഹകൻമാരുടെ പ്രമാണി യോസേഫിനെ ഓർക്കാതെ അവനെ മറന്നു കളഞ്ഞു.” ഉല്പത്തി 40 : 23

നിന്നിൽനിന്ന് ഉപകാരം കിട്ടിയവരും നിന്നെ മറന്നു എന്നുവരാം. നീ സഹായം പ്രതീക്ഷിച്ചവർ അവരുടെ കൈകൾ പിൻവലിച്ചു എന്നു വരാം. നീ ആശയോടെ നോക്കിയവർ

നിന്നെ കണ്ടില്ലെന്ന് നടിച്ചു കടന്നുപോയി എന്നുവരാം. നിന്റെ കൈകളിൽ നിന്ന് സഹായം വാങ്ങിയവർ നിനക്ക് എതിരായി കൈകൾ ഉയർത്തി എന്നുവരാം.

> “....ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ? ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ?...... ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നിന്റെനിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു. അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു, എന്ന് എഴുതിയിരിക്കുന്നവല്ലൊ.” റോമർ 8 : 31
>
> “നാമോ, നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിനോ ജീവന്നോ ദൂതൻമാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിനോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു.” റോമർ 8 : 37 – 39

പാനപാത്ര വാഹകന്മാരുടെ പ്രമാണി മറന്നെങ്കിലും. നിത്യനായ ദൈവം യോസേപ്പിനെ മറന്നില്ല. From prison to Palace.

And from palace to paradise. ദൈവം ഉയർത്തുന്നവനാണ്. കൽത്തുറങ്കിൽ നിന്ന് കൊട്ടാരത്തിലേക്കും കൊട്ടാരത്തിൽ നിന്ന് പറുദീസയിലേക്കും യോസേഫിനെ നീതിമാനായ ദൈവം ഉയർത്തി.

ദൈവപൈതലേ, യോസേഫിനോടുകൂടെ ദൈവകൃപ ഇരുന്ന് പാപത്തിൻമേൽ ജയവും വിശുദ്ധജീവിതവും നല്കിയതു പോലെ നിന്നോടുകൂടെയും ഈ കൃപ വസിക്കാമെന്ന് മഹത്വത്തിന്റെ ഉടയവൻ വാക്കു പറയുന്നു. നിനക്ക് അത് വേണമോ? എങ്കിൽ ക്രിസ്തുവിനോടു പറയൂ : “നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. എനിക്കുവേണ്ടി എന്റെ പാപം വഹിച്ച് ക്രൂശിൽ മരിച്ച രക്ഷകാ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ.”

## പതിനൊന്ന്

> “അവൻ ദൈവത്തിന്റെ മുമ്പാകെ കൃപ ലഭിച്ചു, യാക്കോബിന്റെ ദൈവത്തിന്ന് ഒരു വാസസ്ഥലമുണ്ടാക്കുവാൻ അനുവാദം അപേക്ഷിച്ചു.”
> അപ്പോ. പ്രവൃത്തികൾ 7 : 46

ദാവീദിന് കൃപ ലഭിച്ചു.

കന്യക മറിയാമിന് ദൈവകൃപ ലഭിച്ചു എന്നും നോഹയ്ക്ക് കൃപ ലഭിച്ചു എന്നും യോസേഫിന് കൃപ ലഭിച്ചുവെന്നും കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചുവല്ലൊ.

ദാവീദിന് കൃപ ലഭിച്ചു. ദൈവത്തിന് ഒരു ആലയം പണിയണമെന്ന് ദാവീദ് ആഗ്രഹിച്ചു. ശലോമോൻ പറയുന്നുണ്ട് :

> “യിസ്രായേലിന്റെ ദൈവമായ യഹോവയുടെ നാമത്തിന് ഒരു ആലയം പണിയേണം എന്ന് എന്റെ അപ്പനായ ദാവീദിന് താല്പര്യമുണ്ടായിരു

ന്നു. എന്നാൽ യഹോവ എന്റെ അപ്പനായ ദാവീ ദിനോട് : എന്റെ നാമത്തിന്ന് ഒരാലയം പണി യേണം എന്ന് നിനക്ക് താല്പര്യം ഉണ്ടായല്ലൊ. ഇങ്ങനെ താല്പര്യം ഉണ്ടായത് നല്ലത്. എങ്കിലും ആലയം പണിയേണ്ടത് നീയല്ല, നിന്റെ കടിപ്രദേ ശത്തു നിന്നുത്ഭവിക്കുന്ന മകൻ തന്നേ എന്റെ നാമത്തിന്നു ആലയം പണിയും. എന്നു കല്പി ച്ചു.”

1 രാജാ. 8 : 17 – 18

2 ദിനവൃത്താന്തം 6 : 7 – 9

ആലയം പണിതു തീർന്നതിനുശേഷം ആലയത്തിൽ നിന്നു കൊണ്ട് ശലോമോൻ പ്രാർത്ഥിക്കുമ്പോൾ പറയുന്നു :

“ദൈവം യഥാർത്ഥമായി ഭൂമിയിൽ വസി ക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധി സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലൊ. പിന്നെ ഞാൻ പണിതി രിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നത് എങ്ങനെ? 1 രാജാ. 8 : 27; 2 ദിന. 6 : 18

ദാവീദ് ദൈവത്തിന് ഒരാലയം പണിയാനാഗ്രഹിച്ച വസ്തുത തിരുവചനത്തിൽ പറയുന്നുണ്ട് :

ദാവീദ് നാഥാനോട് പറഞ്ഞു :

“ഇതാ ഞാൻ ദേവദാരുകൊണ്ടുള്ള അരമന യിൽ വസിക്കുന്നു; യഹോവയുടെ നിയമപെട്ട കമോ തിരശ്ശീലകൾക്ക് കീഴെ ഇരിക്കുന്നു.”

2 ശമൂവേൽ 7 : 2, 1 ദിന. 17 : 1

ദൈവത്തിന് ആലയം പണിയണമെന്ന താല്പര്യം ദാവീ ദിനുണ്ടായതിനെ ദൈവം അഭിനന്ദിക്കുകയാണ്; പ്രശംസി

ക്കുകയാണ്.

"സ്വർഗ്ഗം എനിക്ക് സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതു വിധം? എന്റെ വിശ്രമസ്ഥലവും ഏത്?" അപ്പോ. പ്രവൃത്തികൾ 7 : 49 – 50

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" 1 കൊരി 3 : 16

"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" 1 കൊരി. 6 : 19

ദൈവകൃപയാണ് ആലയം പണിയാൻ താല്പര്യം തരുന്നത്. ദാവീദിന് കൃപ ലഭിച്ചു.

സ്നേഹിതാ, നിന്റെ ഹൃദയത്തെ ക്രിസ്തുവിന് ആലയമായി നീ വേർതിരിച്ചുവോ? ശലോമോൻ പണിത ആലയത്തിൽ സാക്ഷ്യപെട്ടകം വെച്ചതുപോലെ നിന്റെ ഹൃദയത്തിൽ ക്രിസ്തു വസിക്കുന്നതിന് നീ കൊതിക്കുന്നുവോ? ക്രിസ്തുവിന്റെ സിംഹാസനം നിന്റെ ഹൃദയത്തിലിടുന്നതിന് നിനക്ക് മനസ്സാണോ?

ആലയം പണിയുന്നതിന് ദാവീദിന് കൃപ ലഭിച്ചു. ദാവീദ് ആലയം പണിക്കുള്ള വസ്തുവകകൾ എല്ലാം ശേഖരിച്ചു.

"ദൈവത്തിന്റെ ആലയം പണിവാൻ ചതുരക്കല്ല്, ചെത്തേണ്ടതിന് അവൻ കല്പണിക്കാരെ

നിയമിച്ചു. ദാവീദ് പടിവാതിൽക്കതകുകളുടെ ആണികൾക്കായിട്ടും കൊളുത്തുകൾക്കായിട്ടും വളരെ ഇരിമ്പും തൂക്കമില്ലാതെ വളരെ താമ്രവും അനവധി ദേവദാരുവും ഒരുക്കിവെച്ചു."

1 ദിന. 22 : 2 – 3

ദാവീദ് പറഞ്ഞു :

"എന്റെ മകൻ ശലോമോൻ ചെറുപ്പവും ഇളം പ്രായവും ഉള്ളവൻ ആകുന്നു. യഹോവയ്ക്കായി പണിയേണ്ടുന്ന ആലയമോ കീർത്തിയും ശോഭ യുംകൊണ്ട് സർവ്വദേശങ്ങൾക്കും അതിമഹത്വമു ള്ളതായിരിക്കേണം." 1 ദിന. 22 : 4

മാന്യ ദൈവപൈതലേ, കീർത്തിയും ശോഭയുംകൊണ്ട് സർവ്വദേശങ്ങൾക്കും അതിമഹത്വമുള്ളതാണോ നിന്റെ ജീവിതം? ദാവീദ് അതിനു തക്കവണ്ണം വട്ടം കൂട്ടിയതു പോലെ നീ ദേവാലയം പണിവാൻ വട്ടം കൂട്ടിയോ? (22:5) ദൈവത്തിന്റെ ആലയമാണ് എന്റെ ശരീരം എന്ന ഗൗരവ ബോധത്തോടുകൂടിയാണോ നീ ജീവിക്കുന്നത്?

മുന്നൂറുകോടി പൗണ്ടു വിലയുള്ള പൊന്നും രണ്ടുലക്ഷം പൗണ്ടു വിലയുള്ള വെള്ളിയും ദാവീദ് ദേവാലയം പണി ക്കുവേണ്ടി സ്വരൂപിച്ചു. അതായത് മൂവായിരത്തി നാന്നൂറ്റ മ്പതു മെട്രിക് ടൺ സ്വർണ്ണവും മുപ്പത്തിനാലായിരത്തഞ്ഞൂറു മെട്രിക് ടൺ വെള്ളിയും സംഭരിച്ചു. NIV. 1 Chr.22 : 14

ദാവീദ് ശലോമോനോടു പറഞ്ഞു :

"ഇതാ ഞാൻ എന്റെ കഷ്ടത്തിൽ (by hardwork) യഹോവയുടെ ആലയത്തിനായി ഒരുലക്ഷം താലന്ത് പൊന്നും പത്തുലക്ഷം താലന്ത്

> വെള്ളിയും പെരുപ്പം നിമിത്തം തൂക്കമില്ലാത്ത താമ്രവും ഇരുമ്പും സ്വരൂപിച്ചിട്ടുണ്ട്; മരവും കല്ലും കൂടി ഞാൻ ഒരുക്കിവെച്ചിരിക്കുന്നു."
>
> 1 ദിന. 22 : 14,
> 1 ദിന. 29 : 1 – 10

ദൈവത്തിന്റെ ആലയം പണിക്ക് ദാവീദിന്റെ ഉത്സാഹവും ഒരുക്കവും അതിനുള്ള ഭീമമായ ചെലവും ഓർത്താൽ നമ്മിൽ ക്രിസ്തു അധിവസിക്കുന്നതിന് നാം എത്ര ഒരുക്കവും ജാഗ്രതയും ഉത്സാഹപ്രകർഷവും ഉള്ളവരായിരിക്കണം എന്ന് മനസ്സിലാകും.

ദൈവപൈതലേ, ദാവീദിന് ആലയം പണിവാൻ കൃപ നല്കിയ ദൈവം നീ ക്രിസ്തുവിന്റെ ആലയമാകുവാൻ കൃപ തരും. ഒന്നുമാത്രം. നീ ആത്മാർത്ഥമായ ദാഹമുള്ളവനായിരിക്കണം.

അഞ്ചാമത്, പൗലോസ് അപ്പോസ്തലന് കൃപ ലഭിച്ചു.

> "വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചുപോകാതിരിപ്പാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു; ഞാൻ നിഗളിച്ചുപോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ. അത് എന്നെ വിട്ട് നീങ്ങേണ്ടതിന്ന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട്: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു."
>
> 2 കൊരി. 12: 7 – 9

പൗലോസ് അപ്പോസ്തലൻ ശരീരത്തിൽ ശൂലംകൊണ്ട്

കുത്തുമ്പോഴുള്ള വേദനപോലെ വേദനയിൽ വലയുന്നു എന്ന് തന്റെ രോഗത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഏതു രോഗം ആയിരുന്നു എന്ന് വ്യക്തമായിട്ട് പറയുന്നില്ല. അത് കണ്ണിന്റെ രോഗം ആയിരുന്നിരിക്കാം എന്ന് ഗലാത്യലേഖനം നാലാം അദ്ധ്യായം 14, 15 വാക്യങ്ങളെ ആസ്പദമാക്കി ചിന്തിക്കുന്നവരുണ്ട്.

"കഴിയും എങ്കിൽ നിങ്ങളുടെ കണ്ണ് ചൂന്നെടുത്ത് എനിക്കുതരുമായിരുന്നു എന്നതിന്ന് ഞാൻ സാക്ഷി."

ഗലാത്യർ 6 : 11 – ൽ "നോക്കുവിൻ, എത്ര വലിയ അക്ഷരമായി ഞാൻ നിങ്ങൾക്ക് സ്വന്തകൈകൊണ്ട് തന്നേ എഴുതിയിരിക്കുന്നു," എന്ന് കാണുന്നതും കണ്ണിന്റെ അസുഖം അപ്പോസ്തലന് ഉണ്ടായിരുന്നു എന്ന ഒരു സൂചന നല്കുന്നു.

സർ വില്യം റാംസെ ചിന്തിക്കുന്നത് അത് മലേറിയപോലുള്ള ഒരു പനി ആയിരിക്കാമെന്നാണ്.

ആ രോഗം തന്നിൽനിന്ന് മാറുവാൻ പൗലോസ് മൂന്നു പ്രാവശ്യം കർത്താവിനോട് പ്രാർത്ഥിച്ചു. അപ്പോഴെല്ലാമുള്ള മറുപടി, "എന്റെ കൃപ നിനക്കു മതി" എന്നാണ്.

എന്തിനെക്കാളും വലുത് ദൈവകൃപയാണ്. രോഗം സൗഖ്യമാകുന്നതിനെക്കാളും ഭാഗ്യം ദൈവകൃപ കൂടെയുണ്ടായിരിക്കുക എന്നതാണ്.

കണ്ണ് കാണാൻ സാധിക്കാതെ അന്ധതയോടെ ജീവിക്കുക എന്നത് എത്രയോ വേദനാകരമായ ഒരനുഭവമാണ്!

ആംഗലേയ സാഹിത്യത്തിലെ ഒരു ക്ലാസ്സിക് ആണ് ജോൺ മിൽട്ടൺ എഴുതിയ 'Paradise Lost' - പറുദീസ നഷ്ടം –

നാല്പത്തിനാലാമത്തെ വയസ്സിൽ മിൽട്ടൺ കണ്ണുകാഴ്ചയി ല്ലാത്തവനായിത്തീർന്നു. അന്ധനായതിനുശേഷമാണ് അദ്ദേഹം ആ മഹാകാവ്യം രചിച്ചത്. ദൈവത്തിന്റെ അളവറ്റ മഹ ത്വത്തെ പ്രകീർത്തിക്കുന്നതാണ് ആ കൃതി.

തൊണ്ണൂറ്റഞ്ചു വയസ്സുവരെ ജീവിച്ചിരുന്ന ഒരു മഹതി യാണ് ഫെന്നി ക്രോസ്ബെ. അനേകവർഷങ്ങൾ അന്ധ യായി ജീവിച്ചവളാണ് ആ ദൈവദാസി. അനേകം ക്രിസ്തീ യ ഗാനങ്ങൾ രചിച്ച ആളാണ് ഫെന്നി ക്രോസ്ബെ. ഉന്ന തമായ കാഴ്ചപ്പാടും ആഴമായ ക്രിസ്തീയ ജീവിതാനുഭ വവും കൈമുതലായിട്ടുണ്ടായിരുന്ന ഒരാളായിരുന്നു ആ മഹ തിയെന്ന് ഗാനങ്ങളോരോന്നും വ്യക്തമാക്കുന്നുണ്ട്. ദൈവ കൃപ അവളോടു കൂടെയുണ്ടായിരുന്നു.

ഒരിക്കൽ ഒരു യുവാവ് ട്രെയിനിൽ യാത്ര ചെയ്യുകയായി രുന്നു. അദ്ദേഹം അഭ്യസ്തവിദ്യനായ ഒരു ചെറുപ്പക്കാരനായി രുന്നു. ഒരു സ്റ്റേഷനിൽനിന്ന് ഒരാൾ വളരെ വിഷമിച്ച് നടന്ന് ആ കംപാർട്ടുമെന്റിൽ കയറി. വേച്ചുവേച്ച് പോകുന്നവിധ മാണ് അദ്ദേഹം നടന്നത്. അദ്ദേഹത്തിന്റെ തോളിൽ ഒരു സഞ്ചി തൂക്കിയിട്ടുണ്ട്. കൈയിൽ ബൈബിളുമുണ്ട്.

ആ യുവാവിന്റെ നേരെ എതിരെ സീറ്റിൽ ആ പ്രായമായ മനുഷ്യൻ ഇരുന്നു. ഉടനെ അദ്ദേഹം ബൈബിൾ വായിക്കു വാൻ തുടങ്ങി.

യുവാവ് ചോദിച്ചു : “നിങ്ങൾ എന്താണ് വായിക്കുന്നത് ?”

“ഇത് വിശുദ്ധ വേദപുസ്തകമാണ്” , അദ്ദേഹം വായന തുടർന്നു.

ചെറുപ്പക്കാരൻ പരിഹാസപൂർവ്വം ചിരിച്ചുകൊണ്ടു പറഞ്ഞു :

“നിങ്ങൾ ഇത്ര വിഡ്ഢിയാണോ? ശാസ്ത്രം വളർന്നിരി

ക്കുന്ന ഇക്കാലത്ത് ഈ പഴഞ്ചൻ പുസ്തകം വായിക്കുക യാണോ?"

അദ്ദേഹം ഒന്നും മിണ്ടിയില്ല. വായന തുടർന്നു. വേദപു സ്തകത്തെ അപഹസിച്ചും നിന്ദിച്ചും ആ ചെറുപ്പക്കാരൻ പിന്നെയും സംസാരിച്ചുകൊണ്ടിരുന്നു.

ആ യുവാവിന് ഇറങ്ങേണ്ട സ്റ്റേഷനായി. അക്ഷമയോടെ, അയാൾ വേദപുസ്തകം വായിക്കുന്ന ആളോട് ചോദിച്ചു :

"ഞാനിത്രയും പറഞ്ഞിട്ടും നിങ്ങൾ ഒരക്ഷരം മിണ്ടുന്നില്ല. ആകട്ടെ, നിങ്ങളുടെ പേരൊന്നു പറയാമോ?"

"എന്റെ പേര് ലൂയി പാസ്റ്റർ."

ആ യുവാവൊന്നു ഞെട്ടി. അയാൾ മഹാനായ ആ ശാസ്ത്രജ്ഞന്റെ മുമ്പിൽ കൂപ്പുകൈയോടെ നിന്നു.

"ക്ഷമിക്കണം; എന്റെ അവിവേകം പൊറുക്കണം."

ലൂയി പാസ്റ്ററാണ് പേപ്പട്ടി വിഷബാധയ്ക്ക് മരുന്നു കണ്ടു പിടിച്ചത്. അദ്ദേഹം ദൈവഭക്തനായിരുന്നു. ദൈവകൃപ കൂടെ യുള്ള ആളായിരുന്നു. അതുകൊണ്ടാണ് ആ യുവാവ് നിന്ദി ച്ചപ്പോഴും ഒരു പരിഭവവും ഇല്ലാതെ അക്ഷോഭ്യനായി അദ്ദേഹം ഇരുന്നത്.

ലൂയി പാസ്റ്റർ ഇടയ്ക്കിടക്ക് ചുഴലിരോഗം ബാധിക്കാ റുള്ള ആളായിരുന്നു. പക്ഷവാതം അല്പമായി ബാധിച്ച ആളുമായിരുന്നു ആ സുപ്രസിദ്ധ ഫ്രഞ്ചു ശാസ്ത്രജ്ഞൻ. 'പാസ്റ്ററൈസേഷൻ' എന്ന അണുനാശകപ്രക്രിയ കണ്ടുപി ടിച്ച ആളാണ് അദ്ദേഹം. തന്റെ രോഗമൊന്നും ആത്മീയ പ്രവർത്തനത്തിൽനിന്നോ ഗവേഷണ യത്നങ്ങളിൽനിന്നോ അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. അദ്ദേഹത്തോടുകൂടെ ദൈവ

കൃപയുണ്ടായിരുന്നു.

സുപ്രസിദ്ധ മിഷ്യണറിയായിരുന്നു ഡേവിഡ് ബ്രയിനാർഡ്. മറ്റൊരനുഗൃഹീത സുവിശേഷകനായിരുന്നു റോബർട്ട് മുറെ. ജീവിത വിശുദ്ധിക്ക് ഊന്നൽ നല്കി ജീവിച്ച ഈ ക്രിസ്തുഭക്തർ ശ്വാസകോശസംബന്ധമായ രോഗം ബാധിച്ച് യൗവ്വന പ്രായത്തിൽത്തന്നെ മരിച്ചുപോയി. ദൈവകൃപ അവരോടുകൂടെയുണ്ടായിരുന്നതുകൊണ്ട് ക്രിസ്തീയ ദൗത്യനിർവ്വഹണത്തിൽനിന്ന് അവരെ പിന്തിരിപ്പിച്ചില്ല.

പിയാനോ വായനയിൽ നല്ല പ്രാവീണ്യമുള്ള ആളായിരുന്നു ബിഥോവൻ. അദ്ദേഹത്തിന്റെ കേൾവി നഷ്ടപ്പെട്ടു. അദ്ദേഹം തളർന്നില്ല. അദ്ദേഹം സംഗീതരചനയിലേർപ്പെട്ടു. സുപ്രസിദ്ധ ഗാനരചയിതാവായിതീർന്ന ബിഥോവൻ അനുഗൃഹീതനായ ബധിരഗായകനെന്ന് അറിയപ്പെട്ടു.

ബർമ്മയുടെ അപ്പോസ്തലൻ എന്നറിയപ്പെടുന്ന അഡോണിറാം ജഡ്സൺ ജീവിതത്തിലാഞ്ഞടിച്ച ആപത്തുകളുടെ കൊടുങ്കാറ്റിൽ പതറാതെ നിന്ന വീരയോദ്ധാവായിരുന്നു. ഭാര്യ മരിച്ചിട്ടും ഓമനപൈതൽ മരിച്ചിട്ടും പതറാതെ ദൈവകൃപ മാത്രം ആശ്രയമാക്കി പ്രവർത്തിച്ച ആ മിഷ്യണറിയുടെ വേലയുടെ ഫലമായി ബർമ്മയിൽ ഏഴായിരം വിശ്വാസികളുണ്ടായി. അദ്ദേഹം അറുപത്തിമൂന്നു സഭകൾ സ്ഥാപിക്കുകയും നൂറ്ററുപത്തിമൂന്നു മിഷ്യണറിമാരെ ഒരുക്കുകയും ചെയ്തു.

"Just one life, it will soon, soon be past; that which is done for Christ will last." (ഒരേ ഒരായുസ്സു മാത്രം. അത് വളരെ വേഗം തീർന്നു പോകും, ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതു മാത്രം നിലനില്ക്കും) എന്നു പറഞ്ഞ സി.റ്റി. സ്റ്റഡ് ചൈനയിൽ സുവിശേഷവേലയ്ക്കുവേണ്ടി പോയി. അവിടുത്തെ

കാലാവസ്ഥ പ്രതികൂലമാകയാൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തി. ക്ഷയരോഗബാധിതനായി എല്ലും തോലുമായി വന്ന സ്റ്റഡ് ദേവാലയത്തിൽ ഒരു ദിവസം ചെന്നപ്പോൾ ഭിത്തിയിലെഴുതിവെച്ചിരിക്കുന്നു :

"ആഫ്രിക്കയിലെ നരഭോജികളായ കിരാതൻമാർക്ക് മിഷ്യണറിമാരുടെ മാംസം വേണം."

സ്വന്തം ശരീരത്തിലേക്ക് നോക്കി പുഞ്ചിരിച്ചുകൊണ്ട് സി. റ്റി. സ്റ്റഡ് പറഞ്ഞു : "ഈ ശരീരത്തിലെ മാംസം ആഫ്രിക്കയിലെ നരഭോജികൾക്ക് മതിയാകുമോ?"

സ്റ്റഡ് ആഫ്രിക്കയിലെ വേലയ്ക്ക് പോയി. ദൈവകൃപ കൂടെയുണ്ടായിരുന്നു.

കന്യകമറിയാമിന് ദൈവകൃപ ലഭിച്ചു - ക്രിസ്തുവിനെ ലഭിച്ചു.

നോഹയ്ക്ക് കൃപ ലഭിച്ചു - വചനം. വരാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ്.

യോസേഫിന് കൃപ ലഭിച്ചു - പാപത്തിൻമേൽ ജയം.

ദാവീദിന് കൃപ ലഭിച്ചു - ആലയം പണിതു.

പൗലോസിന് കൃപ ലഭിച്ചു - രോഗത്തിന്റെ മദ്ധ്യത്തിലും ദൈവ സാന്നിദ്ധ്യം.

"എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു."

പ്രിയ സഹോദരാ, മാന്യ സഹോദരീ, ഈ കൃപയുടെ നിറവ് നിനക്ക് വേണമോ? ഈ അത്ഭുത കൃപയുടെ സാക്ഷിയായി ഇനിമേൽ ജീവിപ്പാൻ നിനക്ക് താല്പര്യമുണ്ടോ? ഈ

ജീവന്റെ കൃപയാൽ രക്ഷിക്കപ്പെട്ട്, നിത്യരക്ഷ കൈവശമാക്കാൻ നിനക്ക് കൊതിയുണ്ടോ? ഈ ദിവ്യകൃപയുടെ പരിപാലനത്താൽ ദൈനംദിന ജീവിതത്തിൽ നേരിടുന്ന യാതനകളും പ്രശ്നങ്ങളും രോഗങ്ങളും പുഞ്ചിരിയോടെ സഹിപ്പാൻ നിനക്ക് ആഗ്രഹമുണ്ടോ?

എങ്കിൽ, ഇപ്പോൾ, ഈ വാക്കുകൾ വായിക്കുമ്പോൾത്തന്നേ കരുണയുള്ള കർത്താവിനോടു പറയൂ :

നാഥാ, ഞാനൊരു പാപിയെന്ന് ഞാനേറ്റു പറയുന്നു. യേശുവേ, അവിടുന്ന് എന്റെ പാപത്തിന്റെ ശിക്ഷ വഹിച്ച് ക്രൂശിൽ മരിച്ചു എന്ന് വിശ്വസിക്കുന്നു. എനിക്ക് സമാധാനം തരുവാൻ അവിടുന്ന് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധൻമാരെ കൂട്ടിച്ചേർപ്പാൻ അവിടുന്ന് രണ്ടാമത് വരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇപ്പോൾ ഞാൻ സാത്താനോടും അവൻ അവകാശം പറയുന്ന സകല പാപത്തോടും യാത്ര പറഞ്ഞ് യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണ കാഴ്ചയായി ഞാനിതാ തൃപ്പാദത്തിൽ സമർപ്പിക്കുന്നു. എന്നോട് മനസ്സലിയണമേ. ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കുമെന്ന് തിരുമുമ്പിൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

കൃപയുടെ ഈ വചനങ്ങൾ നിങ്ങളെ ഓരോരുത്തരെയും നിത്യ ജീവങ്കലേക്ക് നയിക്കട്ടെ.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 7.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ<br>ശനി | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

# CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ.ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ.എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി.ആർ.എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

| | | |
|---|---|---|
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയക്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസിനിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | 6.00 PM – 8.0 PM | വൈ.എം.സി.എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |